بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحْمَدُهٗ وَنُصَلِّیْ عَلٰی رَسُوْلِهِ الْکَرِیْمِ وَعَلٰی عَبْدِهِ الْمَسِیْحِ الْمَوْعُوْد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 6

ലക്കം 24

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 ജൂൺ 17/ഹി.ശം. 1400 ഇഹ്സാൻ 17/1442 ദുൽഖഅദ് 6


## അല്ലാഹുവിന്റെ വചനം

یَّہۡدِیۡ بِہِ اللّٰہُ مَنِ اتَّبَعَ رِضۡوَانَہٗ سُبُلَ السَّلٰمِ وَ یُخۡرِجُہُمۡ مِّنَ الظُّلُمٰتِ اِلَی النُّوۡرِ بِاِذۡنِہٖ وَ یَہۡدِیۡہِمۡ اِلٰی صِرَاطٍ مُّسۡتَقِیۡمٍ ﴿۱۷﴾

'അല്ലാഹു അതുമുഖേന തന്റെ പ്രീതിയെ പിൻപറ്റിയവരെ രക്ഷാമാർഗ്ഗങ്ങളിലേക്ക് വഴി കാണിക്കുന്നതാണ്. തന്റെ അനുമതിയനുസരിച്ച് അവൻ അവരെ (പലതരത്തിലുള്ള) അന്ധകാരങ്ങളിൽനിന്നും പുറത്തുകൊണ്ടുവന്ന് പ്രകാശത്തിലേക്ക് നയിക്കുകയും ചൊവ്വായ മാർഗത്തിലേക്ക് അവൻ അവരെ വഴി നടത്തുകയും ചെയ്യുന്നതാണ്.'(5:17)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

*അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ.*

ആമീൻ

## നബി(സ)യുടെ സാരോപദേശം:

### മറയടക്കിയതിനുശേഷം ഖബ്റിങ്കൽ ജനാസ നമസ്കാരം

(1337) ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. ഒരു കറുത്ത സ്ത്രീ അല്ലെങ്കിൽ പുരുഷൻ മസ്ജിദ് പരിപാലിച്ചിരുന്നു. അങ്ങനെ അദ്ദേഹം മരണപ്പെട്ടു. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ മരണവാർത്ത് അറിഞ്ഞിരുന്നില്ല. ഒരു ദിവസം നബി(സ)തിരുമേനിക്ക് അദ്ദേഹത്തെ ഓർമവരികയും ആ മനുഷ്യൻ എന്തു ചെയ്യുന്നുവെന്ന് തന്റെ അനുചരന്മാരോടു ചോദിക്കുകയും ചെയ്തു. അവർ പറഞ്ഞു: അദ്ദേഹം മരണപ്പെട്ടു. നബി(സ)തിരുമേനി പറഞ്ഞു: നിങ്ങൾക്ക് അദ്ദേഹത്തിന്റെ മരണവാർത്ത എന്നെ അറിയിക്കാമായിരുന്നില്ലേ? അവർ പറഞ്ഞു:ഇങ്ങനെയെല്ലാമായിരുന്നു അവസ്ഥ. അവർ അദ്ദേഹത്തിന്റെ പ്രശ്നം നിസാരമാക്കും വിധമായിരുന്നു മറുപടി നല്കിയത്. അവിടന്ന് പറഞ്ഞു: നിങ്ങൾ അദ്ദേഹത്തിന്റെ ഖബർ എനിക്കു കാണിച്ചുതരിക. അങ്ങനെ അദ്ദേഹത്തിന്റെ ഖബറിന്റെ അടുത്തു ചെന്ന് നബി(സ)തിരുമേനി മയ്യിത്ത് നമസ്കരിച്ചു.

☐ ഹദ്റത്ത് സയ്നുൽആബ്ദീൻ വലിയ്യുല്ലാഹ് ശാഹ് സാഹിബ്(റ) പറയുന്നു: 'മഅ്നൂന പ്രശ്നവും അഭിപ്രായ വ്യത്യാസമുള്ള പ്രശ്നങ്ങളിൽപ്പെട്ടതാണ്. പൊതുജനം ഇതു സംബന്ധമായി നല്കിയ മതവിധി നബി(സ)തിരുമേനിയാൽ സ്ഥാപിതമാണ്. എന്നാൽ, ഇമാം മാലിക്കും നഖ്യിയും ജനാസ നമസ്കരിക്കാതെ ആരെയെങ്കിലും ഖബറടക്കിയാലൊഴികെ ഇത് അനുവദനീയമല്ലെന്നാണ് പറയുന്നത്. ഇമാം അബൂഹനീഫയും ശാഫീ ഇമാമും പറയുന്നത് അടുത്ത ബന്ധുക്കൾക്ക് മാത്രം ഇതു അനുവദനീയമാണെന്നാണ്. കാരണം ജനാസയിൽ പങ്കെടുക്കുക എന്നത് അവർക്ക് ഹഖ് വാജിബാണ്.'*(സ്വഹീഹ് ബുഖാരി, വാല്യം 2, കിതാബുൽജനാഇസ്, ഖാദിയാൻ പ്രസാധനം 2006)*

**മനുഷ്യൻ നശ്വരമായൊരു അസ്തിത്വമാണ്. മരണം എപ്പോഴാണ് വരുന്നതെന്ന് അവനറിയുകയില്ല. ആയുസ്സ് എന്നത് അസ്ഥിരമായ ഒരു കാര്യമാണ്. അപ്പോൾപ്പിന്നെ തന്റെ പരിഷ്കരണത്തിന്റേയും വിജയത്തിന്റേയും ചിന്തയിൽ കഴിയേണ്ടത് എത്രമാത്രം നിർബന്ധമാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

ബട്ടാല തഹ്സ്വീൽദാർ ലാല കേശവ് ദാസ് ഖാദിയാനിൽവന്നു. ഹദ്റത്ത് മസീഹ് മൗഊദുമായി കൂടിക്കാഴ്ചയ്ക്കാണ് വന്നത്. തനിക്ക് 'ഫക്കീർ'മാരെ കാണാൻ വളരെ താൽപര്യമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഈ താൽപര്യം കാരണത്താലാണ് അങ്ങയുടെ സന്നിധിയിലെത്തിയത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:അങ്ങയുടെ മനസ്സിൽ 'അഹ്ലെ ദിൽ'(മനസ്സ് ദൈവത്തിൽ അർപിച്ചവർ) ആളുകളോടു സ്നേഹമില്ലെങ്കിൽ അങ്ങ് നമ്മുടെ അടുത്ത് വരുന്നതെന്തിനാണ്? ലൗകികനായ ഒരു മനുഷ്യന് ഈ ലോകത്തുനിന്ന് വേർപെട്ട് ഏകാന്തവാസത്തിൽ കഴിയുന്ന ഒരാളുടെ അടുത്ത് വരേണ്ട ആവശ്യമെന്താണ്? പരസ്പരബന്ധം അത്യാവശ്യമായ ഒരു കാര്യമാണ്. വാസ്തവമിതാണ്, മനുഷ്യൻ നശ്വരമായൊരു അസ്തിത്വമാണ്. മരണം എപ്പോഴാണ് വരുന്നതെന്ന് അവനറിയുകയില്ല. ആയുസ്സ് എന്നത് അസ്ഥിരമായ ഒരു കാര്യമാണ്. അപ്പോൾപ്പിന്നെ തന്റെ പരിഷ്കരണത്തിന്റേയും വിജയത്തിന്റേയും ചിന്തയിൽ കഴിയേണ്ടത് എത്രമാത്രം നിർബന്ധമാണ്. എന്നാൽ, ലൗകികർ ധനത്തിൽ എങ്ങനെ മുഴുകിയിരിക്കുന്നുവെന്നാൽ അവർക്ക് ആഖിറത്തിനെ കുറിച്ച് ചിന്തയും വിചാരവും തന്നെ ഇല്ലാത്താതായി ഞാൻ കാണുന്നു. അല്ലാഹുവിൽനിന്ന്, അങ്ങനെയൊരു അസ്തിത്വംതന്നെ ഇല്ലെന്ന മട്ടിൽ അശ്രദ്ധരാകുന്നു. ഇങ്ങനെ ലോകത്തിന്റെ വിശ്വാസപരമായ അവസ്ഥ ദുർബലമായിക്കഴിഞ്ഞപ്പോൾ അല്ലാഹു എന്നെ നിയോഗിച്ചയച്ചു; ജീവൽ വിശ്വാസത്തിലേക്കും ജീവൽദൈവത്തിലേക്കുമുള്ള വഴി ഞാൻ പറഞ്ഞുകൊടുക്കുന്നതിനുവേണ്ടി; അല്ലാഹുവിന്റെ പൊതുവായ നിയമംപോലെ.

സൗഭാഗ്യത്തിലും സദാചാരബോധത്തിലും ഭാഗഭാക്കാകാത്ത ദൈവഭയത്തിലും നീതിയിലും ഭാഗ്യഹീനരായ നിരവധിയാളുകൾ എന്നെ കള്ളനെന്നും കറ്റുകെട്ടുകാരനെന്നും പറഞ്ഞു. എല്ലാ വശത്തൂടേയും എന്നെ പിഢിപ്പിക്കാനും ബുദ്ധിമുട്ടിക്കാനും ശ്രമിച്ചു. കുഫർ ഫത്‌വകൾ നല്കി നല്കി മുസ്‌ലിമീങ്ങളെ തെറ്റുധരിപ്പിക്കാൻ ആഗ്രഹിച്ചു.സത്യവിരുദ്ധമായ കാര്യങ്ങൾ സർക്കാറിന്റെ മുമ്പിൽ അവതരിപ്പിച്ച് അവരെ പ്രകോപിപ്പിക്കാൻ ശ്രമിച്ചു. കള്ളക്കേസുകൾ കൊടുത്തു. ചീത്ത വിളിച്ചു. വധിക്കാനുള്ള പദ്ധതിയിട്ടു. ചുരുക്കിപ്പറഞ്ഞാൽ അവർ ചെയ്യാത്തതായ എന്തുകാര്യമാണുള്ളത്? എന്നാൽ, എന്റെ അല്ലാഹു എല്ലാ നേരത്തും എന്റെ കൂടെയുണ്ട്. അവൻ എനിക്ക് അവരുടെ എല്ലാ ദ്രോഹപ്രവൃത്തികളെക്കുറിച്ചും അവരുടെ ഫിത്നകളെക്കുറിച്ചും അതിന്റെ പര്യവസാനത്തെ കുറിച്ചും കാലേകൂട്ടി വിവരം നല്കി. അവസാനം അവൻ കുറച്ചുകാലം മുമ്പേ പറഞ്ഞതുതന്നെ സംഭവിച്ചു. സൗഭാഗ്യത്തിലും ദൈവഭയത്തിലും ഈമാനിന്റെ പ്രകാശത്തിലും ഭാഗഭാക്കായ കുറച്ചാളുകൾ എന്നെ തിരിച്ചറിഞ്ഞു. അവർ പ്രകാശം സ്വീകരിക്കുന്നതിനുവേണ്ടി എന്റെ ചുറ്റും ഒരുമിച്ചുകൂടി. അവരെക്കുറിച്ച് എനിക്ക് അല്ലാഹു തന്റെ ഉൾക്കാഴ്ചയും മഅ്രിഫത്തും പ്രദാനം ചെയ്തു. അവരിൽ വലിയ വലിയ ആലിമീങ്ങളും ഗ്രാജുവേറ്റുകളും വക്കീൽമാരും ഡോക്ടർമാരും ആദരണീയരായ സർക്കാരുദ്യോഗസ്ഥരുമുണ്ട്;വ്യാപാരികളും ജന്മികളും സാധാരണക്കാരുമുണ്ട്.

ഖേദകരമെന്നു പറയുന്നത് അയോഗ്യരായ എതിരാളികൾ നാം അവതരിപ്പിക്കുന്ന സത്യമായൊരു കാര്യം സമാധാനമായി കേൾക്കുന്നുപോലുമില്ലെന്നുള്ളതാണ്. അവരിൽ അത്തരത്തിലുള്ള ഉന്നതമായ ധാർമികഗുണങ്ങൾ എവിടെന്നുണ്ടാകാനാണ്? *(മൽഫൂദാത്ത് വാല്യം 1, പേജ് 299-300, ഖാദിയാൻ പ്രസിദ്ധീകരണം 2018)*

**ഭൗതികതയുടെ അന്വേഷണത്തിൽ കഴിയുന്നവർക്ക് എത്രത്തോളം അഭിവൃദ്ധി ഉണ്ടാകുന്നുവോ അവരുടെ മനഃസ്താപവും വർധിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ, അല്ലാഹുവിലേക്ക് പോകുന്നവൻ എത്രത്തോളം അവനിലേക്ക് പോകുന്നുവോ അത്രത്തോളം അവന്റെ മനഃസമാധാനം വർധിച്ചുകൊണ്ടു പോകുന്നു.**

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സൂറ റഅ്ദിലെ 29-ാമത്തെ വചനമായ

اَلَّذِیۡنَ اٰمَنُوۡا وَ تَطۡمَئِنُّ قُلُوۡبُہُمۡ بِذِکۡرِ اللّٰہِ ؕ اَلَا بِذِکۡرِ اللّٰہِ تَطۡمَئِنُّ الۡقُلُوۡبُ ﴿۲۹﴾

എന്നതിനുള്ള തഫ്സീറിൽ പറയുന്നു: 'ജനങ്ങൾ പണം സമ്പാദിക്കുന്നു. ഭരണങ്ങൾ നടത്തുന്നു. അവർക്ക് നല്ല മക്കളെ ലഭിക്കുന്നു. നല്ല ഭാര്യമാരായിരിക്കുമുണ്ടാകുക. നല്ല സുഹൃത്തുക്കളെ കിട്ടുന്നു. വ്യാപാരത്തിൽ ലാഭമുണ്ടാകുന്നു. കൃഷിയിൽ നേട്ടം കരസ്ഥമാകുന്നു. അറിവിൽ ശ്രേഷ്ഠത കൈവരിക്കുന്നു. ചുരുക്കത്തിൽ എല്ലാ കാര്യങ്ങളിലും പുരോഗതി പ്രാപിക്കുന്നു. എന്നാൽ, ഇങ്ങനെയൊക്കെയായിട്ടും മനഃസമാധാനമുണ്ടാകുന്നില്ല. ഒരു ആഗ്രഹം പൂർത്തിയാകുമ്പോൾ ബുദ്ധിമുട്ടുള്ള രണ്ടുവേറെ ആഗ്രഹമുണ്ടാകുന്നു. എപ്പോഴും താനാഗ്രഹിക്കുന്ന യാഥാർഥ ആഗ്രഹം തനിക്കു കിട്ടിയിട്ടില്ലെന്നുള്ള ബോധം മനസ്സിലിരിക്കുന്നു. മാതാവ് വേർപെട്ട ഒരു കുട്ടി ചിലപ്പോൾ വേറെയൊരുടെയെങ്കിലും പാലു കുടിക്കുന്നു; ചിലപ്പോൾ മറ്റാരുടെയെങ്കിലും. എന്നാൽ, ആ കുട്ടിക്ക് സ്വസ്ഥത എവിടേയും ലഭിക്കുന്നില്ല. കാരണം അവൻ തിരയുന്നതെന്താണോ അത് അവന് എവിടെനിന്നും ലഭിക്കുന്നില്ല. അതായത് തന്റെ യഥാർഥ മാതാവിനെ അവനു കിട്ടുന്നില്ല. ഇപ്രകാരമാണ് ഭൗതികമായ അഭിവൃദ്ധി പ്രാപിക്കുന്നവരുടെ അവസ്ഥ. ഹദീഥിൽ വന്നിരിക്കുന്നു, ഒരു യുദ്ധത്തിൽ നബി(സ)തിരുമേനി ഒരു സ്ത്രീയെ കണ്ടു. അവളുടെ കുട്ടി എവിടെയോ നഷ്ടപ്പെട്ടു. അവൾ ഏതുകുട്ടി

(ശേഷം പേജ് 12 ൽ)

### ഈ ലക്കത്തിൽ


ഖുത്ബ 2021 മെയ് 14 (സമ്പൂർണ തർജമ)

യൂറോപ് പര്യടന റിപ്പോർട്ട് 2019


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**ഏ ദിൽ തൂ നീസ് ഖാത്വിറെ ഈനാൻ നിഗാഹ് ദാർ ◆ ക ആഖിർ കുനൻദ് ദഅ്വയെ ഹുബ്ബെ പേയംബറം**

പൊതുജനങ്ങൾ അറിവില്ലായ്മ കാരണത്താൽ അഹ്മദികൾ ശരിക്കും നഊദുബില്ലാഹ് നബി(സ)തിരുമേനിയെ നിന്ദിക്കുന്നവരാണെന്ന് മനസ്സിലാക്കുന്നു.

**അവരിൽനിന്ന് സ്നേഹത്തിന്റെ കണങ്ങൾ ഇറ്റു വീഴുന്നതാണ് നമ്മൾ എപ്പോഴും കിട്ടുള്ളത്. ഇൻശാഅല്ലാഹ് ഭാവിയിലും അതിറ്റുന്നതായിരിക്കും.**

**ഈയാളുകൾ എതിർക്കുന്നത് നമ്മൾ മുഹമ്മദ് റസൂലുല്ലാ(സ)യുടെ ശത്രുവാണെന്ന് മനസ്സിലാക്കിയാണ്. ഈ എതിർപ്പ് ചില തെറ്റുധാരണകളുടെ ഫലമായാണ്.**

നിങ്ങൾക്ക് മുഴുവൻ ലോകത്തേയും കുറച്ചു നാളുകൾ മാത്രമെ വഞ്ചിക്കാനാകുകയുള്ളു. കുറച്ചാളുകളെ എന്നെന്നേക്കുമായും വഞ്ചിക്കാൻ കഴിയുമായിരിക്കും. പക്ഷേ, നിങ്ങൾക്ക് മുഴുവൻ ലോകത്തേയും എന്നെന്നേക്കുമായി വഞ്ചിക്കാൻ സാധിക്കുകയില്ല. സത്യം പതുക്കെപ്പതുക്കെയാണ് പരസ്യമായി പുറത്തു വരുന്നത്.

**നമ്മുടെ ജോലി ദുആ ചെയ്യലാണ്. ക്ഷമ കൈക്കൊള്ളുകയാണ്. ഇൻശാ അല്ലാഹ് നമുക്ക് വിജയം നല്കുന്ന ഉത്തമ മാർഗവും ഇതുതന്നെയായിരിക്കും.**

**മുസ്ലിമീങ്ങളെ കുറിച്ചുള്ള നമ്മുടെ വികാരവിചാരങ്ങൾ പവിത്രമാക്കുകയും അവർക്കുവേണ്ടി ദുആ ചെയ്യുകയുമാണ് നമ്മുടെ ജോലി. അല്ലാഹു വേഗം അവരുടെ കണ്ണുകൾ തുറപ്പിക്കുമാറാകട്ടെ. അവർ ഈ കാലഘട്ടത്തിലെ ഇമാമിനെ തിരിച്ചറിയുമാറാകട്ടെ.**

**ഖുത്ബ ജുമുഅ 2021 മെയ് 14/1400 ഹിജ്റത്ത് 14,**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ലോകത്ത് എവിടെയും പ്രശ്നങ്ങളുംകുഴപ്പങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നതിന്റെ കാരണക്കാർ ഖാദിയാനികളാണെന്ന് കഴിഞ്ഞ ദിവസം ഒരു മൗലവി സാഹിബ് സോഷ്യൽ മീഡിയായിൽ പറയുകയായിരുന്നു. എന്നല്ല ഫലസ്തീനിലെ കുഴപ്പങ്ങളുടെ ഉത്തരവാദിത്വവും ഖാദിയാനികളുടെമേൽ, അഹ്മദികളുടെമേൽ ഇടുകയായിരുന്നു. അതിനുശേഷം ഇക്കൂട്ടർ തങ്ങളുടെ പ്രവർത്തനരീതിയും മുറകളുമനുസരിച്ച് അഹ്മദികളോടു ഇങ്ങനെ അങ്ങനെയുമൊക്കെ ചെയ്യണമെന്നും അതുപോലെ ഇവരെ വധിക്കുകയും മർദിക്കുകയും ചെയ്യുന്നതൊക്കെ അനുവദനീയമാണെന്നും പറഞ്ഞു. എന്തായാലും ഇത് അവരുടെ രീതിയാണ്. അവരുടെ കാര്യങ്ങളാണ്. അഹ്മദിയ്യത്തിന്റെ ഉത്ഭവംമുതൽ ഇക്കാര്യങ്ങൾതന്നെയാണ് അയ്മത്തുൽ കുഫ്ർ (സത്യനിഷേധത്തിന്റെ മതനേതാക്കൾ) ആയ ഈ ആളുകൾ ചെയ്തുകൊണ്ടിരിക്കുന്നത്. അല്ലാഹുവിന് ലക്ഷോപലക്ഷം നന്ദി. നമ്മൾ വിശ്വസിച്ചിരിക്കുന്ന ഇമാം മഹ്ദി(അ) നമുക്കു തന്നിരിക്കുന്ന അധ്യാപനമെന്താണെന്നുവച്ചാൽ, ഇവരുടെ ഈ കുതന്ത്രങ്ങൾ കണ്ടും ഹൃദയത്തെ വ്രണപ്പെടുത്തുന്ന വാക്കുകൾ കേട്ടും, അവരുടെ ഈ വാക്കുകൾ കേട്ടുമാത്രമല്ല അവ നടപ്പിൽ വരുത്താനുള്ള അവരുടെ പരിശ്രമങ്ങൾ കണ്ടും ക്ഷമയോടും ദുആയോടുംകൂടി മുന്നോട്ടു പോകുക എന്നാണ്. ഇവർ 'അയ്മത്തുൽ കുഫ്ർ' അഥവാ സത്യനിഷേധത്തിന്റെ നേതാക്കന്മാരാണ്. ഇവർ പൊതു മുസ്ലിമീങ്ങളോടു അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് വാസ്തവവിരുദ്ധമായ കാര്യങ്ങൾ പറഞ്ഞ് അവരെ പ്രകോപിതരാക്കുകയാണ്. പൊതുമുസ്ലിമീങ്ങൾ ചിലപ്പോൾ അറിവില്ലായ്മ കാരണത്താൽ മൗലവിമാർ പറയുന്നത് സത്യമാണെന്നും അഹ്മദികൾ ശരിക്കും നഊദുബില്ലാഹ് നബി(സ)തിരുമേനിയെ നിന്ദിക്കുന്നവരാണെന്നും അതുകൊണ്ട് അവരോടു ഇങ്ങനെ തന്നെയാണ് പെരുമാറേണ്ടതെന്നും മനസ്സിലാക്കുന്നു. ഇതാണ് പൊതുജനങ്ങളുടെ അല്ലെങ്കിൽ സാധാരണക്കാരായ മുസ്ലിമീങ്ങളുടെ അവസ്ഥ. എന്നാൽ, അറിവുള്ളവരായ മൗലവിമാരും അതുപോലെ കാര്യവിവരമുള്ളവരും ഇവർ പറയുന്ന കാര്യങ്ങൾക്ക് ഒരു അടിസ്ഥാനവുമില്ലെന്ന് മനസ്സിലാക്കുന്നവരാണ്. അവർ വെറും കലാപമുണ്ടാക്കാൻവേണ്ടിയാണ് ഇപ്രകാരം പറയുന്നത്. തങ്ങളുടെ പ്രസംഗപീഠങ്ങൾ നഷ്ടപ്പെടാതിരിക്കാനും അവർക്ക് സമൂഹത്തിലുള്ള സ്ഥാനമാനത്തിന് ഒരു കോട്ടവും തട്ടാതിരിക്കാനുമാണ് ഇങ്ങനെയൊക്കെ ചെയ്യുന്നത്. അല്ലാഹു ഇവരോടു എങ്ങനെയാണ് പെരുമാറുക എന്ന് നന്നായി അറിയുന്നവൻ അവൻതന്നെയാണ്. നമ്മുടെ ജോലി ദുആ ചെയ്യുക എന്നത് മാത്രമാണ്. ഇക്കാര്യം ഞാൻ പെരുന്നാൾ ഖുത്ബയിലും പറയുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിരിക്കുന്നത് ശത്രുക്കൾക്കുവേണ്ടിയും ദുആ ചെയ്യാനാണ്. നമ്മൾ അങ്ങനെ പ്രാർഥിക്കുന്നവരുമാണ്. ഇപ്പോഴും പ്രാർഥിക്കുന്നു, ഇതുപോലെ പ്രാർഥിച്ചുകൊണ്ടിരിക്കുന്നതുമാണ്. ശത്രുത പുതിയ കാര്യമൊന്നുമല്ല. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തുമുണ്ടായിരുന്നു. അദ്ദേഹത്തിനും അക്രമം നേരിടേണ്ടിവന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കാൻ വരുന്നവർക്കെതിരേയും അക്രമം ഉണ്ടായിട്ടുണ്ട്. ചിലർ ജൽസകളിലും മറ്റും ഇദ്ദേഹത്തിന്റെ വാദമെന്താണെന്ന് കേൾക്കാൻ മാത്രം വരാറുണ്ടായിരുന്നു. വിശ്വസിക്കണമെന്ന് വിചാരിച്ച് വരുന്നവരായിരുന്നില്ല അവർ. എന്നാൽ, അവരെക്കുറിച്ചും മൗലവിമാർ ഭയന്നിരുന്നു. ഇവർ മിർസാ സാഹിബിന്റെ അതായത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകൾ കേട്ടാൽ അദ്ദേഹത്തിന് ബയ്അത്തുചെയ്തുപോകുമെന്ന് അവർ കരുതി. കാരണം അദ്ദേഹം സത്യവാനാണെന്ന് അവർക്കറിയാമായിരുന്നു. അതുകൊണ്ടാണ് അവരേയും ആക്രമിച്ചിരുന്നത്. അവരെ തടയുകമാത്രമായിരുന്നില്ല ചെയ്തിരുന്നത്; ആക്രമിച്ചിട്ടുമുണ്ടായിരുന്നു. എന്നാൽ, ഇത്രയൊക്കെയായിട്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) അവർക്കുവേണ്ടി ദുആ ചെയ്തുകൊണ്ടിരുന്നു. തടയുന്നവർക്കും ആക്രമിക്കുന്നവർക്കുംവേണ്ടിയും ദുആ ചെയ്തിരുന്നു. ഇങ്ങനെ ചെയ്ത ദുആകളുടെ ഫലമായിട്ടാണ് ഇത്തരക്കാരിൽ ചിലർ എതിർക്കുന്നവരായിരുന്നിട്ടും പിന്നീട് ജമാഅത്തിൽ പ്രവേശിച്ചത്. ഇപ്പോഴും അങ്ങനെ സംഭവിക്കുന്നുണ്ട്. നമ്മൾ മൗലവിമാരുടെ ഇത്തരം പ്രസ്താവനകളുണ്ടായാലും തിരിച്ച് വല്ല അനാവശ്യം പറയുവാനോ അവരുടെ ഭാഷ ഉപയോഗിക്കാനോ നില്ക്കുന്നവരല്ല. ഇതിനുശേഷവും നമ്മൾ ദുആ ചെയ്തുകൊണ്ടിരിക്കുന്നതാണ്. നമ്മൾ എപ്പോഴും കണ്ടുവരുന്ന കാര്യം ഇത്തരമാളുകളിൽ ചിലരിൽ ജമാഅത്തിനോടുള്ള സ്നേഹം കവിഞ്ഞൊഴുകുന്നതാണ്. ഇൻശാഅല്ലാഹ് തുടർന്നും അങ്ങനെതന്നെ സംഭവിക്കുന്നതായിരിക്കും. സാധാരണ ജനങ്ങൾക്കുവേണ്ടിയും പൊതുധാര മുസ്ലിമീങ്ങൾക്കുവേണ്ടിയും ഇത്തരം

കഠോരമായ വാക്കുകൾ കേട്ടതിനുശേഷവും നമ്മൾ ദുആ ചെയ്യുന്നതായിരിക്കും. അവരുടെ പ്രയാസങ്ങളിൽ നമുക്കും പ്രയാസമുണ്ടാകുന്നു. അതിനു കാരണം ഹദ്റത്ത് മസീഹ് മൗഊദ് (അ) നമുക്കു തന്ന അധ്യാപനം തന്നെയാണ്. അദ്ദേഹത്തോടു അല്ലാഹു ഇപ്രകാരംതന്നെയാണ് പറഞ്ഞിട്ടുള്ളതും. ഇവർ ഇപ്രകാരം അതിക്രമം നടത്തുന്നത് തെറ്റുധാരണയാലും അവർ വാദിക്കുന്നതുപോലെ നബി(സ)തിരുമേനിയോടുള്ള അതിയായ സ്നേഹംകൊണ്ടുമാണ്. അവരുടേത് കർമശൂന്യമായ വാദങ്ങളായാലും അല്ലെങ്കിലും ശരി അവർക്ക് അങ്ങനെയൊരു വാദമെന്തായാലുമുണ്ട്. അതുകൊണ്ടാണ് അവർക്കുവേണ്ടി ശാപപ്രാർഥന നടത്തരുതെന്ന് ദൈവകല്പനയുണ്ടായത്. ഒരിടത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഇതു സംബന്ധമായി ഒരു സംഭവം വിവരിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു: 'ഞാൻ കുട്ടിയായിരുന്നു. ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ലാഹോറിൽനിന്ന് ഒരു പരിപാടി കഴിഞ്ഞ് മടങ്ങിവരികയായിരുന്നു. അദ്ദേഹം മാർക്കറ്റിലൂടെ കടന്നുവരുമ്പോൾ ആളുകൾ കെട്ടിടങ്ങളുടെ മുകളിൽനിന്ന് 'മിർസാ തോറ്റോടിയെ' 'മിർസാ തോറ്റോടിയെ' എന്ന് വിളിച്ചു പറയുന്നുണ്ടായിരുന്നു.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു: 'എന്താണ് കാര്യമെന്ന് എനിക്കു മനസ്സിലാകുന്നുണ്ടായിരുന്നില്ല. ചിലപ്പോൾ ഏതെങ്കിലും യോഗത്തിൽ പ്രസംഗം നടത്ത വെകലഹം തുടങ്ങിയപ്പോൾ തിരിച്ചുപോന്നതായിരിക്കാം. അപ്പോൾ ഞാൻ അവിടെയൊരു വൃദ്ധനെ കണ്ടു. അയാളുടെ ഒരു കൈ മുറിഞ്ഞിട്ടുണ്ടായിരുന്നു. ആ മുറിവിൽ മഞ്ഞൾ പുരട്ടിയിരുന്നു. മുറിഞ്ഞിട്ട് അധികസമയമായിട്ടില്ലെ ന്ന് തോന്നി. ഞാൻ എന്താണ് കാണുന്നത്! ആ വൃദ്ധനും തന്റെ മുറിവേല്ക്കാത്ത കൈ മുറിഞ്ഞ കൈയിൽ അടിച്ചുകൊണ്ട് പഞ്ചാബിയിൽ 'മിർസാ തോറ്റോടിയിരിക്കുന്നു' 'മിർസാ തോറ്റോടിയിരിക്കുന്നു' എന്ന് പറയുന്നു.' അവിടന്ന് പറയുന്നു:'ഞാൻ അക്കാലത്ത് എന്റെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ ഇവരെന്തിനാണ് 'മിർസാ തോറ്റോടിയിരിക്കുന്നു' എന്ന് പറയുന്നതെന്നോർത്ത് അത്ഭുതപ്പെട്ടിരുന്നു. അത്തരം എന്തു സംഭവമാണുണ്ടായത്? എനിക്ക് കാര്യമൊന്നും മനസ്സിലായില്ല. മൗലവിമാർ ജനങ്ങളെ ഇളക്കിവിട്ടതുകൊണ്ടുമാത്രമാണ് എതിർപ്പുണ്ടായത്. കാര്യമറിയാമെങ്കിലും അറിയില്ലെങ്കിലും അവരുടെ മനസ്സിൽവന്നത് അവർ പറഞ്ഞുകൊണ്ടിരുന്നു! എന്തെങ്കിലും പറയണമായിരുന്നു, പറഞ്ഞു. അത്രമാത്രം!'

ഇതുപോലെ മറ്റൊരു സംഭവം വിവരിക്കുന്നു: 'ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ലാഹോർ പട്ടണത്തിലൂടെ പോകുകയായിരുന്നു. പിന്നിൽനിന്ന് ആരോ ആക്രമിച്ചു. അദ്ദേഹം നിലത്തു വീണു. ചില നിവേദനങ്ങളിൽ വന്നിട്ടുള്ളത് കാലുതട്ടി പക്ഷേ, വീണില്ലെന്നാണ്.'(സീറത്ത് മസീഹ് മഊദ്(അ), ഹദ്റത്ത് യഅ്ഖൂബ് അലി സാഹിബ് യിർഫാനീ സാഹിബ് പേജ് 442) ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:'അദ്ദേഹത്തെ ആളുകൾ കല്ലെറിയുന്നതായും ഞങ്ങൾ കണ്ടിട്ടുണ്ട്.'

അന്നാളുകളിൽ എതിർപ്പുകൾ വലിയ ശക്തമായ നിലയിലായിരുന്നു. സ്വാഭാവികമായും ജമാഅത്തിലെ ചിലയാളുകൾക്ക് ദേഷ്യം വരുമായിരുന്നു. ഇവരെന്തിനാണ് അകാരണമായി ഇങ്ങനെ ചെയ്യുന്നത്. ആ നേരത്ത് ഹദ്റത്ത് മസീഹ് മൗഊദ്(,അ)ന് വെളിപാടുണ്ടായി. ഇതുവരെയുള്ള അറിവുകൾ അനുസരിച്ച് ഈ ഇൽഹാം മറ്റു നിവേദനങ്ങളിലൊന്നും ലഭിക്കാത്തതാണ്. പക്ഷേ, ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇത് ഇൽഹാമായിരുന്നുവെന്നാണ് പറഞ്ഞത്. എന്തായാലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പദ്യശകലമാണ്:

**ഏ ദിൽ തൂ നീസ് ഖാതിറെ**
**ഈനാൻ നിഗാഹ് ദാർ**
**ക ആഖിർ കുനൻദ് ദഅ്വയെ**
**ഹുബ്ബെ പേയംമ്പറം**

*(ഇസാലയെ ഔഹാം ഭാഗം 1, റൂഹാനീ ഖസാഇൻ വാല്യം 3, പേജ് 182)*

അതായത് അല്ലാഹു പറയുന്നു: അല്ലയോ നിയമിക്കപ്പെട്ടവനേ(മാമൂർ)! നിന്നെ ചീത്ത പറയുന്ന ഈ മുസ്‌ലിമീങ്ങളെ നീ അവരെ പരിഗണിക്കുക. നിന്നെ എന്തിനാണ് ഇവർ ചീത്ത പറയുന്നത്, നിന്നെ മർദിക്കാൻ വേണ്ടി ഇവർ എന്തിനാണ് ഓടിനടക്കുന്നത്, നിന്റേമേൽ എന്തിനാണ് ഇവർ ആക്രമണം നടത്തുന്നത? ഈ ആളുകൾ നബി(സ)തിരുമേനി കാരണത്താൽ ത്തന്നെയാണ് താങ്കളെ അടിക്കുകയും ചീത്തപറയുകയും ചെയ്യുന്നത്. അതുകൊണ്ട് അവരെ പരിഗണിക്കേണ്ടത് വളരെ നിർബന്ധമാണ്. അല്ലാഹുവിന് വളരെ ഇഷ്ടപ്പെട്ട നബി(സ)തിരുമേനിയോടുള്ള പ്രേമം കാരണത്താലാണ് അവർ അടിക്കുന്നത്. അതുകൊണ്ട് എന്തു തെറ്റുധാരണയാലായാലും വേണ്ടില്ല അല്ലെങ്കിൽ എന്തുകാരണത്താലായാലും വേണ്ടില്ല താങ്കൾ അവരെ പരിഗണിക്കുക. ശാപപ്രാർഥന ചെയ്യരുത്.

നമുക്കെതിരിലുള്ള എതിർപ്പിന്റെ പിന്നിൽ എന്ത് കാര്യമാണുള്ളതെന്ന് നോക്കേണ്ടതാണ്. നമ്മെ ഇവർ ചീത്ത പറയുന്നു. നമ്മുടെ ചായ, മദ്യത്തെക്കാൾ വൃത്തികെട്ടതാണെന്ന് പറയുന്നു. മദ്യം അനുവദനീയമാകാവുന്നതാണ്. എന്നാൽ, അഹ്മദികളുടെ ചായ കുടിക്കുന്നത് അനുവദനീയമല്ലെന്ന് പറയുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇതു വിവരിച്ചുകൊണ്ടു പറയുന്നു:'എന്റെ ഉള്ളിൽ മുഹമ്മദു റസൂലുല്ലായോടുള്ള സ്നേഹത്തിന്റെ ജ്വലിച്ചുകൊണ്ടിരിക്കുന്ന ജ്വാല അവരിലെ ലക്ഷങ്ങളുടെ ഉള്ളിലും ജ്വലിക്കുന്നില്ലെന്ന് അവർ അറിയുകയാണെങ്കിൽ അവിടന്ന് പറയുന്നു, അവർ ക്ഷണത്തിൽ നിങ്ങളുടെ, അഹ്മദികളുടെ കാൽചുവട്ടിൽ വന്ന് വീഴുന്നതായിരിക്കും. ഈയാളുകൾ എതിർക്കുന്നത് നമ്മൾ മുഹമ്മദ് റസൂലുല്ലായുടെ ശത്രുവാണെന്ന് മനസ്സിലാക്കിയാണ്. ഈ എതിർപ്പ് ചില തെറ്റുധാരണകളുടെ ഫലമായാണ്.

പിന്നീട് തന്റെ വിശദീകരണം നല്കിയതിനു ശേഷം അവിടന്ന് ഇങ്ങനേയും പറഞ്ഞു: ജനങ്ങൾ എതിർക്കുന്നുവെങ്കിൽ എന്നേയോ അല്ലെങ്കിൽ ജമാഅത്തിന്റ സ്ഥാപകരേയോ അല്ലെങ്കിൽ നിങ്ങളേയോ അനാവശ്യം പറയുന്നുവെങ്കിൽ, ജമാഅത്ത് ഇവർ നിങ്ങളുടെ സഹോദരന്മാരാണെന്ന് ഓർക്കേണ്ടതാണ്. അവർ ഏതോ തെറ്റായധാരണയിൽ അകപ്പെട്ടതാണ്. നിങ്ങൾ വെറുപ്പ് കാണിക്കുന്നതിനു പകരം അവർക്കുവേണ്ടി ദുആകൾ ചെയ്യുക. ആ എതിർക്കുന്നവർക്ക് സത്യാവസ്ഥ പറഞ്ഞുകൊടുക്കുക. നിങ്ങൾ അവർക്ക് യഥാർഥകാര്യം പറഞ്ഞുകൊടുക്കുകയും നമ്മൾ മുഹമ്മദ് റസൂലുല്ലായുടെ ശത്രുവല്ലെന്നും പ്രത്യുത അവിടത്തെ സത്യപ്രേമികളാണെന്നും അവർക്ക് മനസ്സിലായാൽ നിങ്ങളെ അടിക്കാൻ വരുന്ന അക്കൂട്ടർതന്നെ നമുക്കുവേണ്ടി മരിക്കുന്നവരായിത്തീരുന്നതായി രിക്കും. *(ഭേര കി സർസമീൻ മെ ഏക് നിഹായത്ത് ഈമാൻ അഫ്റോസ് തഖ്രീർ, അൻവാറുൽ ഉലൂം വാല്യം 22 പേജ് 84-86)*

എന്തായാലും ഞാൻ മുമ്പേയും പറഞ്ഞതുപോലെ നമുക്കു നമ്മുടെ എതിരാളികൾക്കുവേണ്ടി ദുആ ചെയ്യേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതുതന്നെയാണ് നമ്മെ പഠിപ്പിച്ചിട്ടുള്ളത്; ദുആകൾ ചെയ്യുക. അവയിൽനിന്നാണ് സ്നേഹകണങ്ങൾ ഇറ്റുവീഴുന്നത്. അവയിൽനിന്നാണ് ജനങ്ങൾ വിശ്വസിക്കുന്നത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഹദ്റത്ത് മൗലവി അബ്ദുൽകരീം സാഹിബിന്റെ സംഭവം വിവരിച്ചുകൊണ്ട് ഒരിടത്ത് പറയുന്നു:'ഹദ്റത്ത് മൗലവി അബ്ദുൽകരീം സാഹിബ് പറയാറുണ്ടായിരുന്നു. ഞാൻ മുകളിലത്തെ നിലയിലുള്ള മുറിയിലാണ് താമസിച്ചിരുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)വീടിന്റെ താഴെ ഭാഗത്താണ് താമസിച്ചിരുന്നത്. ഒരു ദിവസം താഴെ നിന്ന് സ്ത്രീ പ്രസവവേദനകൊണ്ട് കരയുന്നതുപോലുള്ള ശബ്ദംകേട്ടു. എനിക്കത്ഭുതം തോന്നി. ഞാൻ ചെവിയോർത്ത് ശബ്ദം ശ്രദ്ധിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ദുആ ചെയ്യുകയാണെന്ന് എനിക്കു മനസ്സിലായി. അവിടന്ന് പറയുകയായിരുന്നു, 'അല്ലാഹുവേ! പ്ലേഗ് പടർന്നു പിടിച്ചിരിക്കുകയാണ്. അക്കാരണത്താൽ ജനങ്ങൾ മരിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹുവേ! ഇവരെല്ലാവരും മരിക്കുകയാണെങ്കിൽ നിന്നിൽ വിശ്വസിക്കാനാരാണ് ഉണ്ടാകുക.' മറ്റൊരു സ്ഥലത്തുള്ള സംഭവം ഇങ്ങനെയാണ്. പക്ഷേ, ഉദ്ധരണി ഇതുതന്നെയാണ്. ഞാൻ അടുത്തുള്ള കുടിലിലായിരുന്നു. വാതിലിലൂടെ ശബ്ദം വന്നുകൊണ്ടിരുന്നു. എന്തായാലും സംഭവും ഇതുതന്നെയാണ് വിവരിച്ചിട്ടുള്ളത്. അവിടന്ന് ദുആ ചെയ്യുകയായിരുന്നു. ഈയാളുകൾ മരിച്ചുപോയാൽ നിന്നിൽ വിശ്വസിക്കാനാരാണുണ്ടാകുക? നോക്കു! നബി(സ)തിരുമേനി അറിയിച്ച ദൃഷ്ടാന്തമായിരുന്നു പ്ലേഗ്. പ്ലേഗിന്റെ ദൃഷ്ടാന്തത്തെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനങ്ങളിൽനിന്ന് അറിയാനും കഴിയുന്നുണ്ട്. പക്ഷേ, ഈ പ്ലേഗു വരുമ്പോൾ ആരുടെ സത്യസാക്ഷ്യം പ്രകടിപ്പിക്കുന്നതിനു വേണ്ടിയാ

(ശേഷം പേജ് 11 ൽ)

## അമീറുൽമുഅ്മിനീന്റെ ഉപദേശം

**'പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.'**

*(ജുമുഅ ഖുത്ബ 4-10-2019)*

## അമീറുൽമുഅ്മിനീന്റെ ഉപദേശം

**'അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.'**

*(ജുമുഅ ഖുത്ബ 4-10-2019)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

**2019 സെപ്റ്റംബർ 28 (ശനിയാഴ്ച) (തുടർച്ച)**

### ഹുദൂറിന്റെ പ്രഭാഷണം

ആദരണീയരായ അതിഥികളേ, നിങ്ങളെല്ലാവരുടേയുംമേൽ ഉന്നതനായ അല്ലാഹുവിന്റെ കാരുണ്യവും സമാധാനവും ഉണ്ടാകുമാറാകട്ടെ. ഈ ക്ഷണം സ്വീകരിച്ച നിങ്ങൾ എല്ലാ അതിഥികൾക്കും ഞാൻ ആദ്യമായി നന്ദി പറയാനാഗ്രഹിക്കുന്നു. ഇസ്ലാമിനും ഇസ്ലാമിന്റെ സ്ഥാപകർക്കുമെതിരിൽ കഴിഞ്ഞ വർഷങ്ങളിൽ വളരെയധികം വിമർശനങ്ങൾ ഉയർന്നുവന്നിട്ടും ഇന്ന് നിങ്ങൾ ഞങ്ങളോടൊപ്പമുണ്ട്. യഥാർത്ഥത്തിൽ ഇസ്ലാമിനെ സംബന്ധിച്ച് തെറ്റായ വിവരങ്ങളും അതിനോടുള്ള വെറുപ്പും വ്യാപിപ്പിക്കുകയും നബി(സ)തിരുമേനിയുടെ മാതൃകകളെ വിഷലിപ്തമാക്കാൻ സംഘടിതമായ ശ്രമം നടത്തുകയുമാണ് ഇക്കൂട്ടർ ചെയ്യുന്നത്. ഒരു മുസ്ലിം കക്ഷി നടത്തുന്ന ഈ പരിപാടിയിൽ പങ്കെടുത്തു കൊണ്ട് നിങ്ങൾ നിങ്ങളുടെ വിശാലമനസ്കതയും ഹൃദയവിശാലതയും പ്രകടിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. ഈ കർമത്തിൽ നിങ്ങളെ സ്തുതിക്കുകതന്നെ വേണ്ടതാണ്. നിങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു. നിങ്ങളുടെ വിശാലതയും സഹനപ്രകൃതിയും എന്നും നിങ്ങളിൽ നിലനിൽക്കുമാറാകട്ടെ എന്നും കൂടുതൽ അത് വ്യാപിക്കുമാറാകട്ടെ എന്നും പ്രാർഥിക്കുകയാണ്. തദ്വാര, എല്ലാ സമൂഹത്തിലെ ആളുകൾക്കിടയിലും സമാധാനവും പരസ്പരമുള്ള സ്നേഹവും ആദരവും ഉണ്ടാകുമാറാകട്ടെ.

മതം വ്യക്തിപരമായ കാര്യമാണെന്നാണ് അഹ്മദീ മുസ്ലിമീങ്ങളായ ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നത്. ഇത് ഹൃദയത്തിന്റെ പ്രശ്നമാണ്. ആർക്കും മറ്റൊരാളുടെ വിശ്വാസങ്ങളെ സംബന്ധിച്ച് തെറ്റായ വിവരങ്ങൾ നൽകാൻ ഒരു അവകാശവുമില്ല. ആരും മറ്റാരുടേയും പരിശുദ്ധ വ്യക്തികളെ കളിയാക്കരുത്. കാരണം, ജനങ്ങളോട് വിവേചനത്തോടെയും വെറുപ്പോടെയും പെരുമാറുക എന്നത് കേവലം വേദനയും കഷ്ടപ്പാടും മാത്രമേ ഉണ്ടാക്കുകയുള്ളൂ. കൂടുതൽ ഭിന്നത സൃഷ്ടിക്കുകയുമുള്ളൂ. എന്നാലിതിന് ഘടക വിരുദ്ധമായി സഹനവും പ്രത്യക്ഷമായ ആദരവും മര്യാദയും അടിസ്ഥാനമാക്കി സമാധാന നിർഭരവും സഹവർത്തിത്വത്തിൽ അധിഷ്ഠിതവുമായ സമൂഹത്തെ സൃഷ്ടിക്കാൻ നമുക്ക് സാധിക്കുന്നതാണ്. ഞാൻ പറഞ്ഞതുപോലെ അമുസ്ലിം ലോകത്ത് ഒരു നീണ്ട കാലമായി മുഹമ്മദു നബി(സ)യുടെ മാതൃകയെ നിന്ദ്യമാക്കി ചിത്രീകരിച്ചു വരുന്നു. ഇവിടെ ഹോളണ്ടിലും ചില വ്യക്തികൾ ഇസ്ലാമിനെതിരിൽ വെറുപ്പ് പരത്താൻ ഒരുമ്പിടുന്നുണ്ട്. ഇവർ വിശുദ്ധ ഖുർആന്റേയും നബി(സ)തിരുമേനിയുടേയും മേൽ ജുഗുപ്സാവഹവും അബദ്ധ ജടിലവുമായ ആരോപണങ്ങൾ ഉന്നയിക്കുന്നു. അതുകൊണ്ട് സംക്ഷിപ്തമായ നിലയിൽ ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ ഇസ്ലാമിന്റെ അടിസ്ഥാന അധ്യാപനങ്ങളെ കുറിച്ചും ഇസ്ലാമിന്റെ സ്ഥാപകരായ നബി(സ)തിരുമേനിയുടെ സ്വഭാവ വൈശിഷ്ട്യത്തെ കുറിച്ചു പ്രതിപാദിക്കുന്നതായിരിക്കും.

എന്റെ വിഷയത്തിലേക്ക് പ്രവേശിക്കുന്നതിനു മുമ്പേ 'സമാധാനം' എന്നാൽ എന്താണെന്ന് വിവരിക്കാം. ഇത് എന്തു കൊണ്ടാണ് ഇത്രയും സുപ്രധാനമാകുന്നത്. സമാധാനം എന്നത് വ്യക്തിഗതമായി നമ്മളിൽ നിന്ന് ഓരോ വ്യക്തിയും കരസ്ഥമാക്കാനാഗ്രഹിക്കുന്നതാണ്. എന്നാൽ വിശാലാടിസ്ഥാനത്തിൽ വിവിധ സമൂഹങ്ങളും സംഘങ്ങളും പ്രസ്തുത സമാധാനം നേടിയെടുക്കുമെന്ന വാദവും പുറപ്പെടുവിക്കുന്നു. സവിശേഷമായ നിലയിൽ സമാധാനം എന്നാലെന്താണ്? നമുക്കതിന്റെ അനിവാര്യത എന്തുകൊണ്ടാണ്? ഞാൻ കരുതുന്നത് സമാധാനം രണ്ടു വിധമുണ്ടെന്നാണ്. പ്രത്യക്ഷവും ആന്തരികവും.

ബാഹ്യമായി അധികപേർക്കും തങ്ങൾ സന്തോഷവാന്മാരാണെന്നും സംതൃപ്തരാണെന്നും പ്രകടിപ്പിക്കാൻ സാധിക്കും. എന്നാൽ, ബാഹ്യമായി അവരിൽ സമാധാനം ദൃശ്യമാകുമെന്നത് കണിശമാണ്. പക്ഷേ, അവർ ആന്തരികമായി സമാധാനമില്ലാത്തവരായിരിക്കും. ഉദാഹരണമായി ബലവാന്മാരും സ്വാധീനമുണ്ടാക്കാൻ കഴിയുന്നവരും തങ്ങൾ സമാധാനം സ്ഥാപിക്കുമെന്നാണ് അധികവും സംസാരിക്കാറുള്ളത്. അവരുടയടുക്കൽ ഭൗതികമായ എല്ലാ സുഖസൗകര്യങ്ങളുമുണ്ടെന്നതും കാണേണ്ടതാണ്. എന്നിട്ടും ഇവരിലധികപേരും മനഃസമാധാനത്തിനു വേണ്ടിയുള്ള അന്വേഷണത്തിലാണ്. അവർ മനഃസംഘർഷത്തിനു വിധേയമാണ്. ആന്തരികവും ബാഹ്യവുമായ വീക്ഷണകോണിലൂടെ നോക്കുകയാണെങ്കിൽ അവരാഗ്രഹിക്കുന്നതെല്ലാം അവർക്ക് ലഭ്യമാണ്. എന്നിട്ടും അവരുടെ മനസ്സ് അസ്വസ്ഥതയിലും ഭയത്തിലും ബന്ധിതമാണ്. അവരുടെ ഹൃദയത്തിന് സമാധാനമില്ല. ഒരു വ്യക്തി മനഃസമാധാനം നേടാതിരുന്നാൽ അവരുടെ ഭൗതികമായ സൗകര്യങ്ങൾ നിരർഥമാണെന്നതാണ് യാഥാർഥ്യം. പണംകൊണ്ട് വാങ്ങാൻ പറ്റാത്ത ഒരു കാര്യമാണ് ആന്തരിക മനഃസമാധാനമെന്ന് പറയാവുന്നതാണ്. ഉദാഹരണമായി ഒരു സമ്പന്നയായ മാതാവിന്റെയടുക്കൽ ആവശ്യത്തിലുമധികം ധനമുണ്ടെങ്കിലും സ്വന്തം കുട്ടിയെ കാണാതായാൽ എല്ലാ ഭൗതിക സൗകര്യങ്ങൾക്ക് നടുവിലും കുട്ടിയെ കിട്ടുന്നതുവരെ ഭ്രാന്ത് പിടിച്ചവളെപ്പോലെ നിരാശ ബാധിച്ചവളായി മാറുന്നു.

പുരോഗതി പ്രാപിച്ചതും പ്രാപിച്ചുകൊണ്ടിരിക്കുന്നതുമായ ഇരുവിഭാഗം രാജ്യങ്ങളിലും മാനസികാരോഗ്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അനുസ്യൂതം വർധിച്ചു വരികയാണ്. സമ്പന്ന രാജ്യങ്ങളിൽ വസിക്കുന്ന നല്ലൊരു വിഭാഗമാളുകളും സാമ്പത്തികമായി സ്ഥിരത കൈവരിച്ചിട്ടുണ്ടെങ്കിലും ആത്മഹത്യകൾ ചെയ്തു വരുന്നു. പക്ഷവാത രോഗങ്ങൾക്കും ഡിപ്രഷനും ഇരയാകുന്നു. ഇതരർക്ക് പ്രാപ്തമായ സൗകര്യങ്ങൾ നേടിയെടുക്കാൻ അതിയായി ആഗ്രഹിക്കുന്ന അടിസ്ഥാനപരമായ ആവശ്യങ്ങൾ പോലും പൂർത്തീകരിക്കാൻ സാധിക്കാതെ വരുന്ന ദുർബലരും നിരാലംബരുമായ ആളുകളിലും സമാധാനമില്ല എന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. നൈരാശ്യവും ആന്തരികമായ അസ്വസ്ഥതയും സമ്പന്നരിലും പാവപ്പെട്ടവരിലും കാണപ്പെടുന്നു. ഒരു ഭാഗത്ത് എല്ലാ സൗകര്യങ്ങളും ഉണ്ടായിരുന്നിട്ടും സമ്പന്നർ അസ്വസ്ഥരാണെങ്കിൽ മറുഭാഗത്ത് നിർധനരും പാവപ്പെട്ടവരും സ്വന്തം അവസ്ഥകൾകൊണ്ടും അസ്വസ്ഥരാണ്. നിർധനരും ഇതരരെപോലെ സമ്പൽസമൃദ്ധമായ ജീവിതത്തിനുവേണ്ടി ശക്തിമത്തായ ആഗ്രഹം വെച്ചു പുലർത്തുന്നവരാണ്. ജനങ്ങളുടെ ലക്ഷ്യങ്ങളും ആഗ്രഹങ്ങളും വ്യത്യസ്തമാണെങ്കിലും ഭൗതികമായ കാര്യത്തിൽ പരസ്പരം വിഭിന്നരാണെങ്കിലും മനഃസമാധാനം കരസ്ഥമാക്കുന്നതിൽ ഇരുകൂട്ടരും ഒരുപോലെതന്നെയാണ്.

ഇക്കാലഘട്ടത്തിൽ സദാചാരബോധമില്ലാത്തവർ ഭൗതിക പ്രശ്നങ്ങൾക്ക് കാരണം മതമാണെന്നും വിശേഷിച്ചും ഇസ്ലാമാണെന്നും സ്ഥാപിച്ചുകാണിക്കാൻ കിണഞ്ഞുപരിശ്രമിക്കുന്നു. എന്നാൽ, ആന്തരിക അസ്വസ്ഥതയിലും വേവലാതിയിലുമുള്ള ധാരാളം പേർ മതവുമായി ഒരുവിധ ബന്ധവുമില്ലാതെ മതത്തിൽനിന്നു പൂർണമായും അകന്ന് ജീവിക്കുന്നു എന്ന അവസ്ഥയാണുള്ളത്. അതുകൊണ്ട് ഇവരുടെ പ്രശ്നങ്ങൾക്ക് കാരണം ഇസ്ലാമോ മറ്റേതെങ്കിലും മതമോ ആക്ഷേപ പാത്രമാകുന്നില്ല.

ഇക്കാലഘട്ടത്തിലെ പ്രശ്നങ്ങൾക്ക് കാരണമാകുന്നതിന്നു പകരം അവയുടെ പരിഹാരമാണ് മതം എന്നതാണ് ഒരു മത നേതാവെന്ന നിലയിൽ എന്റെ ഉറച്ച വിശ്വാസം. ഇസ്ലാമിക വീക്ഷണ കോണിൽ ഇത് വളരെ സാധാരണമായൊരു കാര്യമാണ്. യഥാർഥ മനഃസമാധാനം ഉന്നതനായ അല്ലാഹുവിനെ മനുഷ്യൻ തിരിച്ചറിയുകയും അവനുമായി ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നതിലാണുള്ളതെന്നാണ് നബി(സ)തിരുമേനി നമ്മെ പഠിപ്പിച്ചിരിക്കുന്നത്. കാരണം അല്ലാഹുവിന്റെ ഗുണഗണങ്ങളിലൊന്ന് അവൻ ശാന്തി സമാധാനത്തിന്റെ സ്രോതസ്സാണെന്നാണ് ഇസ്ലാം വ്യക്തമാക്കുന്നത്. മതം, വിശ്വാസം എന്നിവയിൽനിന്ന് വ്യത്യസ്തമായി സമാധാന പൂരിതമായ ജീവിതം നയിക്കണമെന്നാണ് അവൻ തന്റെ സൃഷ്ടികളിൽനിന്നാഗ്രഹിക്കുന്നത്. അല്ലാഹു എല്ലാ സൃഷ്ടികളേയും പരിപാലിക്കുന്നവനും അന്നം നല്കുന്നവനുമാണെന്നും നബി(സ)തിരുമേനി കൂടുതലായി പഠിപ്പിച്ചിരിക്കുന്നു. മുസ്ലിമീങ്ങളെ മാത്രമല്ല അവൻ പരിപാലിക്കുന്നത്. പ്രത്യുത ക്രിസ്ത്യാനിയോ ഹിന്ദുവോ സിഖുകാരനോ യഹൂദിയോ ഇതര മതങ്ങളെ ആദരിക്കുന്നവരോ അല്ലാത്തവരോ ദൈവത്തിന്റെ അസ്തിത്വത്തെ നിഷേധിക്കുന്നവരോ, ആരുമാകട്ടെ അവന്റെ കാരുണ്യം സർവ മനുഷ്യകുലത്തിലും വ്യാപിച്ചു കിടക്കുന്നു. തന്റെ സകലകഴിവുകളും കർമപഥത്തിൽകൊണ്ടുവന്ന് അല്ലാഹുവിന്റെ ഗുണഗണങ്ങളെ സ്വായത്തമാക്കി ജീവിക്കണമെന്നാണ് മുസ്ലിമീങ്ങളെ ഇസ്ലാം പഠിപ്പിക്കുന്നത്. കരുണയുള്ള മനസ്സിന്റെ ഉടമയാകാനും മറ്റുള്ളവരെ കുറിച്ചും ഓർമിക്കാനും പരസ്പരം സമാധാനം ആശംസിക്കാനും നിരന്തരം മുഹമ്മദ് നബി(സ)തന്റെ അനുയായികളെ ഉത്ബോധിപ്പിച്ചിരുന്നു.

ഒരു യഥാർഥ മുസ്ലിം തനിക്കുവേണ്ടി ആഗ്രഹിക്കുന്നതുതന്നെ മറ്റുള്ളവർക്കു വേണ്ടിയും ആഗ്രഹിക്കണമെന്ന സുവർണമായ തത്ത്വമാണ് ഇസ്ലാം മത സ്ഥാപകർ നല്കിയിരിക്കുന്നത്. ഈ നിസ്സാരവും എന്നാൽ അതിഗഹനവുമായ വിഷയം എന്റെ അഭിപ്രായത്തിൽ മുസ്ലിമീങ്ങൾ മാത്രമല്ല, മറിച്ച് ഇതരരും അതനുസരിച്ച് പ്രവർത്തിച്ചാൽ അത് സമൂഹത്തിന്റെ ദീർഘകാല സമാധാനം സ്ഥായിയാക്കാൻ കാരണമാകും. എല്ലാ ഓരോരുത്തരും തനിക്കുവേണ്ടിയും തന്റെ സ്നേഹിതർക്ക് വേണ്ടിയും സമാധാനം തന്നെയാണ് ആഗ്രഹിക്കുന്നത് എന്നതിൽ സംശയമില്ല. എന്നാൽ, എതിരാളികൾക്കും ശത്രുക്കൾക്കും വേണ്ടി സമാധാനവും ശാന്തിയും നിറഞ്ഞ ജീവിതമാണ് ആഗ്രഹിക്കുന്നതെന്ന വാദമാണ് ജനങ്ങൾ ഉയർത്തുന്നതെങ്കിൽ അധികംപേരും പറയുന്നത് കളവായിരിക്കും.

ഇത് മാന്യതയുടെ നിലവാരമാണ്. വിശാലമനസ്കതയുടെ ഈ ആത്മാവാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. നിസ്വാർഥതയെ പ്രോത്സാഹിപ്പിക്കുന്ന മതവും അധ്യാപനവുമാണ് ഇസ്‌ലാം. മനുഷ്യകുലം നാനാവിധത്തിലുള്ള സ്വാർഥതകളെ ഉപേക്ഷിക്കാൻ അത് ഊന്നൽ നല്കുന്നു. മനുഷ്യൻ വിശാല ഹൃദയനും ഉദ്ദേശ്യങ്ങളിൽ(നിയ്യത്ത്) ഒരു കറയും പുരളാത്തവനുമാകാൻ ശ്രദ്ധിക്കണമെന്ന തത്ത്വമാണ് ഇസ്‌ലാം മത പ്രവാചകൻ വ്യക്തമാക്കിയിട്ടുള്ളത്. തനിക്കുവേണ്ടി ഉത്തമമായത് ആഗ്രഹിക്കുന്നതിനു പകരം മറ്റുള്ളവർക്കു വേണ്ടിയാണ് അതാഗ്രഹിക്കേണ്ടത്.

ഇന്നത്തെ ലോകം ഇതിനു വിരുദ്ധമായി കാണുന്നതിൽ വ്യസനമുണ്ട്. വ്യക്തി താൽപര്യങ്ങളും അത്യാഗ്രഹവും ആധുനിക സമൂഹത്തെ തിന്നു കഴിഞ്ഞിരിക്കുന്നു. കുഴപ്പം, അക്രമം, യുദ്ധങ്ങൾ എന്നിവ വർധിച്ചു വരുന്നു. നീതിയുടേയും സമത്വത്തിന്റേയും തത്വങ്ങൾ നിരന്തരം അവഗണിക്കപ്പെട്ടു വരുന്നു. ഇക്കാര്യങ്ങൾ വിവിധ സമ്പന്ന ശക്തി രാജ്യങ്ങളുടെ വിദേശകാര്യ നയങ്ങളിൽ വ്യക്തമാകുന്നുണ്ട്. സമാധാനസ്ഥാപനം എന്ന പേരിൽ വൻശക്തികൾ ദൂരദൂര പ്രദേശങ്ങളിൽ തങ്ങളുടെ സൈനികരെ അയക്കുന്ന ഇപ്പോഴത്തെ രീതി ഇതു തന്നെയാണ് വ്യക്തമാക്കുന്നത്. എന്നാൽ, അതിന്റെ പിന്നിലെല്ലാം സ്വാർഥ താൽപര്യങ്ങളും അതിനെ സംരക്ഷിക്കലും മാത്രമായിരുന്നു ഉദ്ദേശ്യമെന്ന് പിന്നീട് സ്ഥിരീകരിക്കപ്പെട്ടു. ഇത്തരത്തിലുള്ള ഏറ്റുമുട്ടലിൽ ഇവരുടെ ഒരു സൈനികനെങ്കിലും കൊല്ലപ്പെട്ടാൽ നിലവിളിക്കാൻ തുടങ്ങുന്നു. തുടർന്ന് അതിന്റേപേരിൽ പ്രതികാരം ചെയ്യുമെന്ന് പ്രതിജ്ഞ ചെയ്യുന്നു. ഇവരുടെ ബോംബോ മറ്റു ആയുധങ്ങളോ നൂറുക്കണക്കിന് അല്ല ആയിരക്കണക്കിന് നിഷ്കളങ്കരായ പൗരന്മാരുടെ ജീവനെടുത്താലും ഒരു തരത്തിലുള്ള കുറ്റബോധത്തിന്റേയും ദുഖത്തിന്റേയും പ്രകടനത്തിന്റെ സൂചന പോലും ഉണ്ടാകാറില്ല. ഇത്തരത്തിലുള്ള അന്യായങ്ങളുടെ ഒടുപുലർച്ച അതിവിദൂരവും ഭയാനകവുമായ നശീകരണത്തിലേക്കാണ് നയിക്കുന്നത്. വൻശക്തിരാജ്യങ്ങളിലെ ജനതയെ അപേക്ഷിച്ച് സ്വന്തം ജീവിതത്തിന്റെ നിലയും വിലയും കുറഞ്ഞതാണെന്നാണ് മറ്റു പ്രാദേശിക സമൂഹം നോക്കികാണുന്നത്. ഇത്തരത്തിലുള്ള ഇരട്ടത്താപ്പും മനുഷ്യത്വമില്ലായ്മയും കാരണത്താൽ നിരാശയും വിദ്വേഷവും വെറുപ്പും അവരെ അതിജയിക്കുന്നു. പിന്നീട് അവരിലുണ്ടാകുന്ന വികാരവിക്ഷോഭങ്ങൾ ഒരു സമയത്ത് പുറത്തു വരികയും അപകടകരമായി മാറുകയും ചെയ്യുന്നു. ഈ ജനങ്ങളുടെ സമാധാനവും സുരക്ഷിതത്വവും നശിച്ചു കഴിഞ്ഞിരിക്കുന്നു. ഇതു മുഖേന ഒന്നും ബാധിക്കയില്ലെന്ന് മറ്റു ജനതകൾ ചിന്തിക്കുന്നുണ്ടെങ്കിൽ അത് അവരുടെ ബുദ്ധിശൂന്യമായ ചിന്തയായിരിക്കും. ലോകം ഇക്കാലഘട്ടത്തിൽ എത്രമാത്രം പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നുവെന്നാൽ ലോകത്തിന്റെ ഒരു ഭാഗത്ത് നടക്കുന്ന ആക്രമണങ്ങളുടെ ദുഷ്ഫലങ്ങൾ മറ്റു രാജ്യങ്ങളിൽ വരെ എത്തുന്നു. കഴിഞ്ഞ കാലങ്ങളിൽ ഇതിന്റെ പല ഉദാഹരണങ്ങളും നമുക്ക് കാണാൻ കഴിയും.

നാം സ്വന്തം വ്യക്തി ജീവിതത്തിലും സാമൂഹിക തലത്തിലും യഥാർഥ സമാധാനം ആഗ്രഹിക്കുന്നെങ്കിൽ നമുക്കുവേണ്ടി എന്താണോ ആഗ്രഹിക്കുന്നത് അത് മറ്റുള്ളവർക്കുവേണ്ടിയും ആഗ്രഹിക്കുക എന്നത് സുപ്രധാനമാണ്. ഞാൻ മുമ്പേ സൂചിപ്പിച്ചിട്ടുള്ളതുപോലെ ലോകത്ത് യഥാർഥ സമാധാനത്തിന്റെ അടിത്തറ ഈ നിഷ്കപടമായ തത്ത്വത്തിലാണുള്ളത്. മതത്തെ സംബന്ധിച്ചിടത്തോളം യഥാർഥ സമാധാനം കൈവരിക്കാൻ മനുഷ്യകുലം മഹത്വമുടയവനും പരിശുദ്ധനുമായ ദൈവത്തിൽ വിശ്വസിക്കണമെന്ന അധ്യാപനമാണ് നബി(സ)തിരുമേനി നല്കിയത്. അതുകഴിഞ്ഞാൽ ദൈവത്തിന്റെ സവിശേഷഗുണങ്ങൾ ജീവിതത്തിന്റെ ഭാഗമാക്കാൻ ശ്രമിക്കുകയുംവേണം. വ്യക്തിപരമായ താൽപര്യങ്ങൾ മുന്നിൽ വെക്കുന്നതിനു പകരം ആത്മാർഥമായ മനസ്സോടെ സമാധാന സംസ്ഥാപനത്തിന് മനുഷ്യകുലം പരിശ്രമിക്കണമെന്നതാണ് ഇതിന്റെ സാരം. ഇന്ന് ലോകത്ത് നിലനില്ക്കുന്ന അധിക ഭിന്നതകളുടേയും അടിസ്ഥാന കാരണം ബന്ധപ്പെട്ട ജനവിഭാഗങ്ങളുടെ നിയ്യത്ത് അഥവാ ഉദ്ദേശ്യം പരിശുദ്ധമല്ലെന്നതാണ്. അവരുടെ പ്രവൃത്തികൾക്കും വാക്കുകൾക്കുമിടയിൽ വ്യക്തമായ വൈരുദ്ധ്യമുണ്ട്. വാക്കുകൾക്കൊത്ത് പ്രവൃത്തിയില്ലെങ്കിൽ സമാധാന സ്ഥാപനം അസാധ്യമാണ്.

അമേരിക്കയിൽ നിന്നാണെങ്കിലും ചൈന, റഷ്യ, യൂറോപ്യൻ രാജ്യങ്ങൾ, മുസ്‌ലിം രാജ്യങ്ങൾ തുടങ്ങി മറ്റേത് രാജ്യത്തു നിന്നാണെങ്കിലും ഓരോ ഭരണകൂടവും, ഓരോ രാഷ്ട്രീയ നേതാവും എല്ലാ യുദ്ധങ്ങളേയും തർക്കവിതർക്കങ്ങളേയും രക്തചൊരിച്ചിലിനേയും നിന്ദിക്കുന്നവരാണ്. എന്നാൽ, ഈ നിന്ദനം കേവലം സ്വന്തം താൽപര്യങ്ങളിലും ജനങ്ങളിലും ചുരുങ്ങുന്നു എന്നതാണ് യാഥാർഥ്യം. നിയമത്തെ ഉയർത്തിപ്പിടിക്കുകയും നീതിയുടേയും മാനുഷിക അവകാശങ്ങളുടേയും പാട്ടുകൾ പാടുകയും ചെയ്യുന്നവർ, സ്വന്തം താൽപര്യങ്ങൾക്ക് ക്ഷതമേറ്റാൽ തങ്ങളുടെ ആ മുദ്രാവാക്യങ്ങളെല്ലാം പൊള്ളയായിരുന്നുവെന്ന് തെളിയിക്കുംവിധം പ്രവർത്തിക്കുന്നു. ഇവരുടെമേൽ ആക്രമണമോ അവകാശധ്വംസനമോ ഉണ്ടായാൽ ഈ അനീതിയുടെമേൽ അതിശക്തമായ ദേഷ്യവും കോപവും പ്രകടിപ്പിക്കുന്നു. ഇവർ സ്വയം ദുർബല രാജ്യങ്ങളെ കുറിമാനമാക്കാനും തങ്ങളുടെ സ്വന്തം താൽപര്യങ്ങൾ സംരക്ഷിക്കാനുംവേണ്ടി ആ രാജ്യങ്ങളിൽ ആഭ്യന്തര കലഹങ്ങളും കുഴപ്പങ്ങളും അഴിച്ചുവിട്ടതിന്റെ ഉത്തരവാദികളാണ്. വിവിധ വിഭാഗക്കാരെ ചർച്ചയിലേക്കും നീതിയിലധിഷ്ഠിതമായ സംഭാഷണങ്ങളിലേക്കും നിർബന്ധിക്കുന്നതിനു പകരം വൻശക്തികൾ മറ്റു രാജ്യങ്ങളുടെ തർക്കവിതർക്കങ്ങളിൽ ഇടപെടുകയാണ് എന്നും ചെയ്യാറുള്ളത്. ഇവരുടെ താൽപര്യങ്ങളെ സംരക്ഷിക്കുന്ന വിഭാഗക്കാർക്ക് ആയുധവും പണവും നല്കുന്നു. കത്തുന്നതിനെ ആളിക്കത്തിക്കുന്ന പ്രവൃത്തിയാണ് ഇവർ ചെയ്യുന്നത്. നിഷ്കളങ്കരായ സ്ത്രീകളും കുട്ടികളും വൃദ്ധരും ഉൾപ്പെടെയുള്ളവരുടെ ജീവിതം ഇല്ലാതാക്കുന്നു. ഇവരുടെ കുടുംബങ്ങൾ ഈ കഷ്ടപ്പാടുകൾ സഹിക്കേണ്ടി വരുന്നു. പട്ടണങ്ങളിലും തെരുവുകളിലും ഗ്രാമങ്ങളിലും ആക്രമണം നടത്തി നശീകരണം നടത്തുന്നു. ഇതിലൂടെ തദ്ദേശ ജനസമൂഹത്തിൽ അസ്വസ്ഥത വിതക്കുക എന്ന ഒരേയൊരു ഫലമേ ഉണ്ടാകുയുള്ളൂ. ഈയടുത്ത കാലങ്ങളിലെ യുദ്ധബാധിത പ്രദേശങ്ങളായ മുസ്‌ലിം രാജ്യങ്ങളിൽ ഇക്കാര്യങ്ങളാണ് മുന്നിൽ വരുന്നത്. സമാധാനത്തിന് സൗകര്യമൊരുക്കുകയാണെന്ന വാദം സ്വന്തം താൽപര്യങ്ങൾക്ക് ഔന്നത്യം കല്പിക്കുന്ന ഈ വൈദേശിക ശക്തികൾക്ക് പുറപ്പെടുവിക്കാൻ കഴിയുമോ. ലോകത്ത് കുഴപ്പം പരത്തിയതിന്റെ പാപഭാരം ഇസ്‌ലാമിന്റെ മേൽ ആരോപിക്കാൻ ഇസ്‌ലാം വിമർശകർക്ക് സാധിക്കുമോ? ഇന്നത്തെ കുഴപ്പങ്ങളുടെ ഉത്തരവാദിത്വം മുഹമ്മദ് നബി(സ) യുടെമേൽ ഉന്നയിക്കാൻ സാധിക്കുമോ?

കുഴപ്പം മുസ്‌ലിം രാജ്യങ്ങളിലോ ലോകത്തെ മറ്റേതെങ്കിലും രാജ്യങ്ങളിലോ ആകട്ടെ, അതിന് ഇസ്‌ലാമിക അധ്യാപനങ്ങളുമായി ലവലേശം ബന്ധമില്ലെന്ന് വ്യക്തമാക്കിക്കൊള്ളട്ടെ. മാത്രമല്ല, ഇതിന്റെ യഥാർഥ കാരണം ഒരു ഭാഗത്ത് സ്വാർഥംഭരികളായ നേതാക്കളോ അഴിമതികളിൽ മുങ്ങിക്കുളിച്ച ഭരണകൂടങ്ങളുടെ താൽപര്യങ്ങളോ ആണെങ്കിൽ മറുഭാഗത്ത് രണ്ടാമത്തെ കാരണം നിയമലംഘകരും വിഘടനവാദികളുമാണ്. തങ്ങളുടെ ശക്തി വളർത്താൻ ആഗ്രഹിക്കുന്ന തീവ്രവാദ ഗ്രൂപ്പുകളുടെ അന്ധകാരഭരിതമായ പ്രവർത്തനങ്ങൾ കാരണത്താലാണിത്. ഇക്കാലഘട്ടത്തിൽ ലോകത്തുള്ള കുഴപ്പങ്ങളുടെ കേന്ദ്രം മുസ്‌ലിം രാജ്യങ്ങളായി തീർന്നിരിക്കുന്നുവെന്നതിൽ സംശയമില്ല. പക്ഷേ, അമുസ്‌ലിം രാജ്യങ്ങൾ പരിഹാരങ്ങൾ നിർദേശിക്കുന്നതിനു പകരം വഷളായ സാഹചര്യങ്ങളെ കൂടുതൽ വഷളാക്കുകയാണ് ചെയ്തതെന്ന കാര്യം നിഷേധിക്കാൻ ആർക്കും കഴിയില്ല. തീവ്രവാദ ഗ്രൂപ്പുകൾക്ക് ഇസ്‌ലാമികാധ്യാപനങ്ങളാണ് ഇന്ധനം നല്കുന്നതെന്ന് പറയപ്പെടുന്നു. എന്നാൽ, ഇതിന് വിദൂരമായ ബന്ധം പോലുമില്ലെന്ന യാഥാർഥ്യം വ്യക്തമാക്കിക്കൊള്ളട്ടെ. അല്ലാഹു സമാധാനത്തിന്റേയും ശാന്തിയുടേയും ഉറവിടമാണെന്നും സർവ മനുഷ്യകുലത്തേയും പരിപാലിക്കുന്നവനാണെന്നും നബി(സ)തിരുമേനി പഠിപ്പിച്ചിരിക്കുന്നുവെന്ന് ഞാൻ മുമ്പേയും പറഞ്ഞിരുന്നു. വിശുദ്ധ ഖുർആനിലെ ആദ്യത്തെ അധ്യായത്തിൽത്തന്നെ ഇക്കാര്യത്തെ കുറിച്ചുള്ള പ്രതിപാദനം നമുക്ക് ലഭിക്കുന്നു. അങ്ങനെ വരുമ്പോൾ നബി(സ)തിരുമേനി അക്ഷമയ്ക്ക് പ്രോത്സാഹനം നല്കുകയോ അല്ലെങ്കിൽ സമൂഹത്തിൽ ഭിന്നതയുടെ വിത്ത് പാകുകയോ ചെയ്തുവെന്നുപറയുന്നത് എങ്ങനെയാണ് ശരിയാകാനാണ്. എന്നല്ല, നബി(സ) തിരുമേനിയുടെ ജീവിതംമുഴുവൻ വിവിധ മതങ്ങൾക്കിടയിൽ സഹവർത്തിത്വത്തിന് പ്രോത്സാഹനം നല്കുകയാണ് ചെയ്തിട്ടുള്ളത്. സമൂഹത്തിന്റെ എല്ലാ തലങ്ങളിലും വീടുകൾ മുതൽ അന്തർദേശീയ ബന്ധങ്ങൾവരേയും ശാന്തിക്കുവേണ്ടി ശക്തി ചെലുത്തി. ഇത് അദ്ദേഹത്തിന്റെ അധ്യാപനങ്ങൾ മാത്രമായിരുന്നില്ല. പ്രത്യുത, അതനുസരിച്ച് പ്രവൃത്തിക്കുകയും ചെയ്തിരുന്നു. ആരംഭം മുതൽതന്നെ നബി(സ)തിരുമേനി സമാധാന സന്ദേശം പരത്തുകയും ക്ഷമയ്ക്കും സാമൂഹിക ഐക്യത്തിനും പ്രോത്സാഹനം നല്കുകയും ചെയ്തു. നബി(സ)തിരുമേനി പറഞ്ഞു:

'ഏത് ജാതിയായാലും ഏതു മതമായാലും എല്ലാവരും ശാന്തിയോടും സമാധാനത്തോടും കൂടി ജീവിക്കണമെന്നും മാനുഷിക മൂല്യങ്ങൾ സ്ഥായിയായി നിലനിറുത്തണമെന്നുമാണ് അല്ലാഹു ഇച്ഛിച്ചിരിക്കുന്നത്.'

ഹുദൂർ അൻവർ തുടർന്നു പറയുന്നു: 'ആദ്യകാല മുസ്‌ലിമീങ്ങളാണ് യുദ്ധങ്ങൾ തുടങ്ങിവച്ചതെന്നും മറ്റുള്ളവരുടെ വിശ്വാസങ്ങളെ അവർക്ക് സഹിക്കാൻ കഴിഞ്ഞിരുന്നില്ലെന്നുമാണ് അധികപേരും വിമർശനം ഉന്നയിക്കുന്നത്. എന്നാലിത് തികച്ചും വ്യാജവും അബദ്ധജടിലവുമായ വിമർശനമാണെന്നാണ് മതപരമായ ഏകപക്ഷീയതൽനിന്ന് മുക്തമായ ഇസ്‌ലാമിക ചരിത്രം സ്ഥിരീകരിക്കുന്നത്. ഇസ്‌ലാമിന്റെ അസ്തിവാരമിടപ്പെട്ടപ്പോൾ മക്കയിൽ മുസ്‌ലിമീങ്ങൾക്ക് മർദനങ്ങളും അക്രമങ്ങളും സഹിക്കേണ്ടി വന്നു. ചിലർ നിർദയം വധിക്കപ്പെട്ടു. ചിലർ മൃഗീയമായ രീതിയിൽ മർദിക്കപ്പെട്ടു. എന്നാൽ മുസ്‌ലിമീങ്ങൾ ക്ഷമ കൈക്കൊണ്ടു. ഒരിക്കലും പകരം ചോദിച്ചില്ല. മർദനങ്ങളും കൊടുംക്രൂരതയും ക്ഷമിച്ച ദുർബലരായ മുസ്‌ലിമീങ്ങൾ പിന്നീട് പിറ

ന്ന നാട് ഉപേക്ഷിച്ച് എത്യോപ്യ എന്ന നാട്ടിലേക്ക് പോയി. മക്കയിലെ അക്രമികൾ ആ നാട്ടിൽനിന്ന് അവരെ പുറത്താക്കണമെന്നും ചക്രവർത്തിയോട് ആവശ്യപ്പെട്ടു. അതുകൊണ്ട് അവർ ഉദ്ദേശിച്ചത് മക്കയിൽ അവരുടെമേൽ വീണ്ടും അക്രമം അഴിച്ചുവിടുകയും ഇസ്‌ലാം കൂടുതൽ രാജ്യങ്ങളിലേക്ക് വ്യാപിക്കുന്നത് തടയുകയും ചെയ്യുക എന്നതായിരുന്നു. മക്കാ നിഷേധികൾ ചക്രവർത്തിയോട് പറഞ്ഞു: 'മുസ്‌ലിമീങ്ങൾ ഒരു നൂതന വിശ്വാസം നിർമിച്ചിരിക്കുന്നു. ബിംബാരാധനയെ ഇവർ ആക്ഷേപിക്കുന്നു. മുസ്‌ലിമീങ്ങൾ കുഴപ്പം പരത്തുകയും സാമൂഹികസമാധാനം കെടുത്തുകയും ചെയ്യുന്നു.'

ഇതിനുള്ള മറുപടി മുസ്‌ലിമീങ്ങളോടു രാജാവ് ആവശ്യപ്പെട്ടു. മുഴുലോകത്തേയും സൃഷ്ടിച്ചിരിക്കുന്ന ഏകദൈവത്തിൽ തങ്ങൾ വിശ്വാസം കൊള്ളുന്നുവെന്നും അവനെ മാത്രം ആരാധിക്കുന്നുവെന്നും മുസ്‌ലിമീങ്ങൾ അദ്ദേഹത്തെ അറിയിച്ചു. അതിനോടൊപ്പം സകല ജനതയും സമാധാനം ആഗ്രഹിക്കുന്നവരാണെന്നും വിവിധ മതാനുയായികളും വിശ്വാസികളും പരസ്പരം ആദരിക്കണമെന്നും തങ്ങൾ ദൃഢമായും വിശ്വസിക്കുന്നുവെന്നും സമ്പന്നർക്കും ബലവാന്മാർക്കും ദുർബലരായ വ്യക്തികളുടെ അവകാശങ്ങൾ കവരാനുള്ള അവകാശമില്ലെന്നും പാവപ്പെട്ടവർ സമ്പന്നരെ വെറുക്കാൻ പാടില്ലെന്നും വിശ്വാസപ്രഖ്യാപനത്തിന്റെ ഭാഗമായി അവർ രാജാവിനെ അറിയിച്ചു.

രാജാവ് എതിരാളികളോട് ചോദിച്ചു: 'എപ്പോഴെങ്കിലും മുസ്‌ലിമീങ്ങൾ യുദ്ധത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ? എപ്പോഴെങ്കിലും ഇവർ കളവ് പറഞ്ഞിട്ടുണ്ടോ? വാഗ്ദാന ലംഘനം എപ്പോഴെങ്കിലും നടത്തിയിട്ടുണ്ടോ? നിയമലംഘനത്തിന് പ്രേരിപ്പിച്ചിട്ടുണ്ടോ? മുസ്‌ലിമീങ്ങൾ ഈ ആക്ഷേപത്തിൽ നിന്നെല്ലാം മുക്തരാണെന്ന യാഥാർഥ്യം വെളിപ്പെടുത്തുക എന്നതല്ലാതെ എതിരാളികൾക്ക് മറ്റൊരു മറുപടിയും നല്കാൻ കഴിഞ്ഞില്ല. നബി(സ)തിരുമേനിയോടും അനുയായികളോടും അങ്ങേയറ്റം വിദ്വേഷംവച്ചു പുലർത്തുന്നവരായിരുന്നിട്ടും ഇസ്‌ലാമിനെ തുടച്ചു നീക്കാനുള്ള ആഗ്രഹക്കാരായിരുന്നിട്ടും മക്കക്കാർക്ക് ഈ സാക്ഷ്യം നല്കേണ്ടി വന്നു. ഇസ്‌ലാം മതസ്ഥാപകർ ഒരിക്കലും തെറ്റായ കാര്യം പറഞ്ഞിട്ടില്ലെന്നും വാഗ്ദാന ലംഘനം നടത്തിയിട്ടില്ലെന്നും അക്രമമോ അനീതിയോ കാണിച്ചിട്ടില്ലെന്നും തിരുനബിയും അനുചരന്മാരും സമൂഹത്തിൽ സ്നേഹം സ്ഥായിയാക്കാനാണ് ആഗ്രഹിച്ചിട്ടുള്ളതെന്നും ശാന്തമായ നിലയിൽ ദൈവത്തിന്റെ ഏകത്വം പ്രഘോഷിക്കുകയാണ് ചെയ്തിട്ടുള്ളതെന്നും അംഗീകരിക്കാൻ അവർ നിർബന്ധിതരായി. അതികഠിനമായ എതിർപ്പിന്റെ നടുവിൽപോലും ഇസ്‌ലാം മതസ്ഥാപകർ ക്ഷമ കൈക്കൊണ്ടിരുന്നു. തന്റെ പ്രയാസങ്ങൾ ദൈവത്തിന്റെ മുമ്പിൽ മാത്രമാണ് നബി(സ)തിരുമേനി സമർപ്പിച്ചിരുന്നത്. അവിടത്തെ ഈ വേദന വിശുദ്ധ ഖുർആൻ ഇങ്ങെനെ വിവരിക്കുന്നു: 'ഞാൻ ജനങ്ങളെ സമാധാനത്തിലേക്കും വിജയത്തിലേക്കും വിളിച്ചു. എന്നാലിവർ അക്രമപരമായ മാർഗം സ്വീകരിച്ചു.'

മക്കാ കാലഘട്ടത്തിൽ എതിരാളികളുടെ ശത്രുതയ്ക്ക് നടുവിലും മുസ്‌ലിമീങ്ങൾക്കുമേൽ അക്രമം നടത്തുന്ന ശത്രുക്കൽക്കെതിരിൽ നബി(സ)തിരുമേനി ആയുധമെടുത്തില്ല. മാത്രമല്ല, മക്കയിലെ അധികരികളുമായുള്ള സഹകരണത്തിൽ കുറവ് വരുത്തുകയോ അവർക്കെതിരിൽ നിയമലംഘനം നടത്താൻ പ്രേരിപ്പിക്കുകയോ ചെയ്തില്ല. മുസ്‌ലിമീങ്ങളുടെ ഈ ക്ഷമ വിശുദ്ധ ഖുർആനിലെ ഫുർഖാൻ എന്ന അധ്യായത്തിലെ 64-ാം വചനപ്രകാരമായിരുന്നു. ഈ വചനത്തിൽ അല്ലാഹു പറയുന്നു: 'പരമകാരുണികനായ അല്ലാഹുവിന്റെ ദാസന്മാർ ഭൂമിയിൽ ശാന്തരായി നടക്കുന്നവരാണ്. അവിവേകികൾ അവരുമായി നേരിട്ടാൽ അവർ 'സമാധാനം'എന്നു പറഞ്ഞ്(ഒഴിഞ്ഞു മാറുന്നതാണ്).'

കഷ്ടപ്പാടുകൾക്കും വെറുപ്പിനുമെതിരിൽ ബുദ്ധിമുട്ടോ പ്രയാസമോ എത്രയധികമായാലും ശരി അല്ലാഹു മുസ്‌ലിമീങ്ങൾക്ക് ക്ഷമകൈക്കൊള്ളാനാണ് നിർദേശം നല്കിയിരിക്കുന്നത്. വെറുപ്പിനേയും പ്രയാസങ്ങളേയും നേരിട്ടുകൊണ്ട് ശത്രുക്കളോടും എതിരാളികളോടും സമാധാനത്തിനുവേണ്ടി സംസാരിക്കാൻ മുസ്‌ലിമീങ്ങൾ കല്പിക്കപ്പെട്ടിരിക്കുന്നു. മുസ്‌ലിമീങ്ങളെ കഷ്ടത്തിൽ അകപ്പെടുത്തുകയും അവരെ കളവാക്കുകയും അപമാനിക്കുകയും ചെയ്തു. എന്നിട്ടും അവർ ദൈവത്തിന്റെ കല്പന പ്രകാരം ക്ഷമകൈക്കൊണ്ടു. പ്രകൃത്യാ തിരിച്ചടിക്കാൻ കഴിയുമായിരുന്നെങ്കിലും അവർ തങ്ങൾക്കു വേണ്ടി ആഗ്രഹിച്ച സമാധാനം ശത്രുക്കൾക്കുവേണ്ടിയും ആഗ്രഹിച്ചു. ഇത് താൽക്കാലിക സമാധാനത്തിനു പകരം സ്ഥായിയായതായിരുന്നു. ഇതേ കാരണംകൊണ്ടാണ് യൂനുസ് എന്ന അധ്യായത്തിലെ 26-ാം വചനത്തിൽ അല്ലാഹു പറഞ്ഞത്:

'അല്ലാഹു നിങ്ങളെ സമാധാനഗേഹത്തിലേക്ക് ക്ഷണിക്കുന്നു.' സ്ഥായിയായ സമാധാന സംസ്ഥാപനത്തിനും പ്രത്യക്ഷ സഹവർത്തിത്വത്തിനുംവേണ്ടി സാധ്യമായ എല്ലാ ശ്രമവും നടത്താൻ ഈ വചനം മുസ്‌ലിമീങ്ങളെ പ്രേരിപ്പിക്കുന്നു. എന്നിട്ടും പല വർഷങ്ങളോളം മുസ്‌ലിമീങ്ങൾക്ക് കഷ്ടപ്പാടുകൾ നേരിടേണ്ടി വന്നു. തുടർന്ന് ബുദ്ധിമുട്ടുകൾ എല്ലാ സീമകളേയും അതിലംഘിച്ചപ്പോൾ നബി(സ)തിരുമേനിയും അനുചരന്മാരും മദീനയിലേക്ക് പാലായനം ചെയ്തു. അവിടേയും ഇസ്‌ലാമിന്റെ ശത്രുക്കൾ അവരെ സമാധാനത്തോടെ ജീവിക്കാൻ അനുവദിച്ചില്ല. അവരുടെമേൽ യുദ്ധം അടിച്ചേല്പിക്കപ്പെട്ടു. വർഷങ്ങളോളം നീണ്ട മർദനങ്ങൾക്കും ദ്രോഹപ്രവർത്തനങ്ങൾക്കും വീടുകളിൽ നിന്ന് നിഷ്കാസിതരായതിനും ശേഷം സുരക്ഷക്കുവേണ്ടി പ്രതിരോധം നടത്താൻ അല്ലാഹു അനുവാദം നല്കി

പ്രതിരോധ നടപടിക്കുള്ള അനുമതി നല്കിയപ്പോഴും അത് ഇസ്‌ലാമിന്റേയോ മുസ്‌ലിമീങ്ങളുടേയോ സുരക്ഷക്കുവേണ്ടിയല്ല നല്കിയത്. മറിച്ച് വിശുദ്ധ ഖുർആനിലെ ഹജ്ജ് എന്ന അധ്യായത്തിലെ 41-ാം വചനത്തിൽ അല്ലാഹു പറയുന്നതിങ്ങനെയാണ്:"പ്രതിരോധയുദ്ധം ചെയ്യാനുള്ള അനുമതി എല്ലാ മതങ്ങളുടേയും സുരക്ഷക്കും ശത്രുക്കൾ ഇല്ലായ്മ ചെയ്യാൻ ഉദ്ദേശിച്ച ആഗോള മതസ്വാതന്ത്ര്യത്തിനും വേണ്ടിയാണ് നല്കുന്നത്.' ഈ തത്ത്വങ്ങളിന്മേൽ ദൃഢഗാഢമായി നിലകൊള്ളാൻ തന്റെ സഖാക്കളോട് നബി(സ)തിരുമേനി നിർദേശിച്ചു. യുദ്ധത്തടവുകാരോട് അനുകമ്പയോടെ പെരുമാറാനും സാധ്യമാകുന്നിടത്തോളം അവരെ സ്വതന്ത്രമാക്കാനും നിർദേശിച്ചതും ഉദാഹരണമാണ്. കുട്ടികൾ, സ്ത്രീകൾ, വൃദ്ധന്മാർ, രോഗികൾ എന്നിവർക്ക് ഒരുവിധ ബുദ്ധിമുട്ടും നല്കരുതെന്നും ആ മഹാത്മാവ് നിർദേശിച്ചു. ഒരു ആരാധനാലയവും കേടു വരുത്തരുതെന്നും മതനേതാക്കന്മാരെ ഉന്നം വെക്കരുതെന്നും എതിർ ചേരിയിലുള്ളവർ അല്പമെങ്കിലും ഒത്തുതീർപ്പിലേക്ക് മടങ്ങാൻ തയ്യാറാണെന്ന സൂചന നല്കിയാൽ സമാധാന സ്ഥാപനത്തിന്റെ ചെറിയൊരവസരംപോലും നഷ്ടപ്പെടുത്താതിരിക്കാൻ സത്വരം അതിലേക്ക് ശ്രദ്ധിക്കണമെന്നും ആ മഹാത്മാവ് മാർഗദർശനം നല്കി. മുസ്‌ലിമീങ്ങളെ രക്തദാഹികളെന്നും യുദ്ധമോഹികളെന്നും ആരോപിക്കുന്നവരുണ്ടെങ്കിലും ഇന്നത്തെ പല അമുസ്‌ലിമീങ്ങളായ പാശ്ചാത്യരും ഈ ആരോപണങ്ങൾ വസ്തുതയ്ക്ക് നിരക്കുന്നതല്ലെന്ന് സമ്മതിക്കുന്നുണ്ട്. ഇസ്‌ലാമിന്റെ ആരംഭകാലത്ത് നടന്ന യുദ്ധങ്ങളിൽ കൊല്ലപ്പെട്ടവരുടെ മൊത്തമെണ്ണം ഇക്കാലഘട്ടത്തിലെ ഒരൊറ്റ ബോംബിലൂടെ കൊല്ലപ്പെടുന്ന വ്യക്തികളേക്കാള് തുലോം കുറവാണ്. അതുകൊണ്ട് പ്രത്യക്ഷ ഏറ്റുമുട്ടലിന്റേയും വെറുപ്പിന്റേയും വിത്ത് വിതയ്ക്കുന്നതിന്നു പകരം ഇസ്‌ലാം എന്നും വെറുപ്പിന്റെ ചുവരുകൾ തകർത്തുവീഴ്ത്താനും സ്നേഹാനുകമ്പയുടെ പാലം നിർമിക്കാനുമാണ് ഊന്നൽ നല്കിയത്. മനുഷ്യരാശി ഛിദ്രതയ്ക്ക് വിധേയമാകുന്നതിനു പകരം അവരെ ഐക്യപ്പെടുത്താനാണ് ഇസ്‌ലാം ശ്രമിച്ചത്. ചുരുക്കത്തിൽ സമൂഹത്തിന്റെ നാനാതുറയിലും വിവിധ തലത്തിലുള്ള ജനങ്ങൾവരേക്കും സമാധാനം വ്യാപിപ്പിക്കാനുള്ള ഉത്തരവാദിത്വമാണ് മുസ്‌ലിമീങ്ങളിൽ അർപിതമായിട്ടുള്ളത്. ഇതിന്റെ അടിസ്ഥാന കാരണം ഞാൻ മുമ്പേ സൂചിപ്പിച്ച വിശുദ്ധ ഖുർആനിലെ പ്രഥമ അധ്യായത്തിൽ വിവരിച്ചിട്ടുള്ളതാണ്. അതിപ്രകാരമാണ്.

സർവസ്തുതികളും സർവ ലോകപരിപാലകനായ അല്ലാഹുവിനാകുന്നു. അല്ലാഹു മനുഷ്യകുലത്തെ ജീവിപ്പിക്കുന്നവനും നിലനിറുത്തുന്നവനുമായിരിക്കുമ്പോൾ മനുഷ്യകുലത്തോട് വെറുപ്പും വിദ്വേഷവുംവച്ചു പുലർത്തുക എന്നത് സത്യവാനായ ഒരു മുസ്‌ലിമിന് ഒരിക്കലും ചേർന്നതല്ല. എന്നു മാത്രമല്ല, നമ്മുടെ സ്നേഹവും അനുകമ്പയും സഹവർത്തിത്വവും മുഖേന മാത്രമേ വിദ്വേഷം നീങ്ങിപ്പോകുകയുള്ളൂ.

ഒരു കർമനിരതനായ മുസ്‌ലിമെന്ന നിലയിൽ നമ്മുടെ ചില മതപരമായ വിശ്വാസങ്ങളുണ്ട്. ദൈവം ഏകനാണെന്നാണ് നമ്മുടെ വിശ്വാസം. അവനിലേക്ക് തിരിയണമെന്നതാണ് നമ്മുടെ കടമ. അവനെ മാത്രം ആരാധിക്കുക. കൂടാതെ വിശുദ്ധ ഖുർആനിന്റെ ശാശ്വത അധ്യാപനമായ '**മതത്തിൽ ബലാൽക്കാരമില്ല**' എന്ന കാര്യത്തിലും ഞങ്ങൾ വിശ്വസിക്കുന്നു. ഞാൻ മുമ്പേയും വിവരിച്ചിട്ടുള്ളതു പോലെ മതം എന്നും ഒരു വ്യക്തിയുടെ കാര്യമാണ്. അതങ്ങനെ തന്നെ ഇരിക്കുകയും ചെയ്യും.

ഇസ്‌ലാം എന്ന പദത്തിന്റെ അർഥം **സമാധാനം** എന്നാണ്. മുസ്‌ലിമീങ്ങളെന്നും സമാധാനത്തിൽ ജീവിക്കേണ്ടവരാണെന്ന് വിശുദ്ധ ഖുർആനിലെ വിവിധ ആയത്തുകൾ ക്രമാനുഗതമായി വിവരിക്കുന്നുണ്ട്. മറ്റുള്ളവരോട് സ്നേഹബഹുമാനത്തോടെ പെരുമാറേണ്ടതുമാണ്. ഇത്ര സമാധാന നിർഭരമായ അധ്യാപനങ്ങൾ നല്കിയ നബി(സ) തിരുമേനി അതിനു ഘടകവിരുദ്ധമായി പ്രവർത്തിക്കുക എങ്ങനെ? നബി(സ)തിരുമേനി ഒരിക്കലും അക്രമം കാണിച്ചിട്ടില്ലെന്നും ആരുടേയും അവകാശങ്ങൾ തട്ടിയെടുത്തിട്ടില്ലെന്നും നീതിമാന്മാരും നിസ്വാർഥരുമായ ചരിത്രകാരന്മാർ സാക്ഷ്യം നല്കിയിട്ടുണ്ട്. ഓരോ അവസരത്തിലും സമാധാന നിർഭരമായ സഹവർത്തിത്വവും മറ്റുള്ളവരുടെ അവകാശങ്ങൾ പൂർത്തിയാക്കാനുമുള്ള അധ്യാപനങ്ങളാണ് ആ മഹാത്മാവ് നല്കിയത്. നിശ്ചയമായും ആ പുണ്യാത്മാവിന്റെ അധ്യാപനങ്ങൾ തന്നെയാണ് നമ്മുടെ ലക്ഷ്യവും. സർവ ലോകത്തിനും കാരുണ്യമെന്ന് വിശുദ്ധ ഖുർആൻ വിശേഷിപ്പിച്ച നബി(സ)തിരുമേനിയുടെ അനുയായികളാണെന്ന് ഞങ്ങൾ അഭിമാനത്തോടെ വാദിക്കുന്നു. ഇതേ കാരണം കൊണ്ടാണ് അഹ്മദിയ്യാ ജമാഅത്ത്,'**എല്ലാവരോടും സ്നേഹം വെറുപ്പ് ആരോടുമില്ല**' എന്ന മുദ്രാവാക്യം ഉയർത്തിപിടിക്കുന്നത്.

ഈ ദുർഘട കാലഘട്ടത്തിൽ മനുഷ്യരാശി മുഴുവനും കഠിനമായും പരിശ്രമിക്കേണ്ടത് സമാധാന സംസ്ഥാപനത്തിനുവേണ്ടിയാണ്. നബി(സ) തിരുമേ

നിക്കെതിരിൽ വിഷം വമിപ്പിക്കുന്ന ഇസ്‌ലാമിന്റെ വിമർശകർ അവരുടെ വിദ്വേഷവും സ്വാർഥതയും അവസാനിപ്പിക്കേണ്ടതാണ്. അല്ലെങ്കിൽ ലോകത്ത് അസ്വസ്ഥത വർധിച്ചു കൊണ്ടേ പോകും. വിദ്യാഭ്യാസമില്ലാത്ത സ്വന്തം അധ്യാപനങ്ങളെക്കുറിച്ച് ശരിക്കും അറിയാത്ത, വിവരദോഷികളായ മുസ്‌ലിമീങ്ങൾ അവരുടെ വിഷമവും ദേഷ്യവും അസാധാരണമായ നിലയിൽ വർധിപ്പിക്കും. നിരാശയിലേക്ക് എത്തിപ്പെടുന്ന യുവസമൂഹം എവിടെയാണെങ്കിലും വളരെ എളുപ്പത്തിൽ മുല്ലാക്കമാരുടെ കൈയിലെത്തുകയും അവർ അവരുടെ മനസ്സുകളെ വിഷലിപ്തമാക്കിമാറ്റുകയും ചെയ്യും. ഇതിന്നെതിരിൽ നിർബന്ധമായും നിങ്ങൾ ചുവടു വെക്കേണ്ടതുണ്ട്. അല്ലെങ്കിൽ ലോകത്തെ അന്ധകാരമയമാക്കി മാറ്റിയ വെറുപ്പിന്റെ കൈപ്പേറിയ ഈ വൃത്തം മുസ്‌ലിമീങ്ങൾക്കിടയിലുള്ള സമാധാനം നശിപ്പിച്ചുകൊണ്ടേ പോകും. ശേഷിക്കുന്ന ലോകത്തും സമാധാനം കൈവരിക്കുക എന്നത് ഒരു സ്വപ്നം മാത്രമായി അവശേഷിക്കും. ഞാൻ പറഞ്ഞതു പോലെ നാമെല്ലാവരും ചേർന്ന് പരസ്പരമുള്ള മതപരമായ വികാരങ്ങളെ ആദരിക്കണമെന്നത് ഇക്കാലഘട്ടത്തിന്റെ ആവശ്യമാണ്. സ്വന്തം ഭാവി തലമുറകൾക്ക് ശുഭമായ ഒരു ഭാവിക്കുവേണ്ടി ശ്രമിക്കേണ്ടതാണ്.

വരിക, വൈരുധ്യങ്ങൾ ഒരു ഭാഗത്ത് മാറ്റിവെച്ചുകൊണ്ട് സമൂഹത്തിൽ സത്യസന്ധവും ശാശ്വതവുമായ സമാധാന സംസ്ഥാപനത്തിനുവേണ്ടി നമുക്ക് പരിശ്രമിക്കാം. ഐക്യത്തിന്റേയും പ്രത്യക്ഷമായ നന്മയുടേയും സമൂഹത്തിന് അടിത്തറയിടാം. അല്ലാഹു നമുക്കതിന് തുണയേകുമാറാകട്ടെ. നിങ്ങൾക്കെല്ലാവർക്കും വളരെ വളരെ നന്ദി.

5.30വരെ ഹുദൂറിന്റെ ഈ പ്രഭാഷണം നീണ്ടു നിന്നു. അതിനുശേഷം കുറച്ചു നേരത്തേക്ക് താമസസ്ഥലത്തേക്ക് ഹുദൂർ അയ്യദഹുല്ലാഹ് മടങ്ങി. ഈ പരിപാടിയിൽ പങ്കെടുത്തവർക്ക് വൈകുന്നേരം ഭക്ഷണത്തിനുള്ള സൗകര്യം ഒരുക്കിയിരുന്നു. 6.15 ന് ഹുദൂർ ഈ പന്തലിൽ മടങ്ങിയെത്തി. അതിഥികളോടൊപ്പം ഭക്ഷണം കഴിച്ചു. ഭക്ഷണത്തിനുശേഷം ഓരോരുത്തരായി ഹുദൂറിന്റെയടുക്കൽ വരികയും തങ്ങളെ ഹുദൂറിന് പരിചയപ്പെടുത്തുകയും ചെയ്തു. തുടർന്ന് ഹസ്തദാനവും നല്കി. സ്നേഹാനുകമ്പയോടെ ഹുദൂർ എല്ലാവരുമായും സംസാരിച്ചു.

അനഹ്‌മദി അതിഥികളുമായുള്ള ഈ പരിപാടി 7.00 മണി വരെ നീണ്ടു. തുടർന്ന് പന്തലിന് പുറത്തേക്ക് വന്ന ഹുദൂർ അൻവറിൽ നിന്ന് ഒരു ഐവറികോസ്റ്റ് അഹ്‌മദി യുവാവ് ഹസ്തദാനം സ്വീകരിച്ചു. അദ്ദേഹം ഐവറികോസ്റ്റിലെ ഇദ്‌രിസ്സ കോൺ (Idrissa Kone) എന്ന സ്ഥലത്തു നിന്ന് Pilot ന് പഠിച്ചു. ഒരു വർഷത്തെ പരിശീലനത്തിന് ബെൽജിയത്തിൽ വന്നതാണ്. ഏത് എയർലൈനിനു വേണ്ടിയാണ് പ്രവർത്തിക്കുന്നതെന്ന് ഹുദൂർ അന്വേഷിച്ചു. എയർ കോട്ടെ ഡിൽവാറെ(Air Cote D'lvore)ക്കുവേണ്ടി എന്നറിയിച്ചപ്പോൾ കൂടുതൽ വിവരങ്ങൾ ഹുദൂർ ചോദിച്ചറിഞ്ഞു. ഇദ്ദേഹം ആഫ്രിക്കൻ രാജ്യങ്ങളിലേക്കുള്ള വിമാനമാണ് പറത്തുന്നത്.

**ഹുദൂർ അൻവർ**: താങ്കൾ ജന്മനാ അഹ്‌മദിയാണോ?

**പൈലറ്റ്**: ഏതാനും വർഷങ്ങൾക്കു മുമ്പേയാണ് ഞാൻ ബയ്അത്ത് ചെയ്തത്. ഹുദൂർ എനിക്കു വേണ്ടി ദുആ ചെയ്യണമെന്ന് അപേക്ഷിക്കുകയാണ്.

**ഹുദൂർ അൻവർ**: അല്ലാഹു താങ്കളെ വിജയിപ്പിക്കുമാറാകട്ടെ.

**പൈലറ്റ്**: എന്നെ പൈലറ്റാകാൻ തിരഞ്ഞെടുത്തതും ഹുദൂറിന്റെ ദുആകളെ തുടർന്നാണ്. ഈ സംഭവം ഇങ്ങെനെയാണ് ഉണ്ടായത്. ഏതാനും വർഷം മുമ്പേ ജൽസാ സാലാന ഐവറി കോസ്റ്റിൽ പങ്കെടുത്തിരുന്നു. എന്റെ ഒരു സ്നേഹിതൻ അവിടെ വെച്ച് എനിക്ക് എയർ ഐവറി കോസ്റ്റിന്റെ ഒരു പരസ്യം കാണിച്ചു തന്നു. ജനങ്ങളെ സ്വന്തം സർവീസിലേക്കെടുക്കാൻ ഒരു മത്സരം നടത്തുന്നതാണ്. എന്നാൽ, ഫയൽ ചെയ്യേണ്ട തിയിതി കഴിഞ്ഞിരിക്കുന്നു. ഞാൻ ഹുദൂർ അൻവറിനോടു ദുആക്കപേക്ഷിച്ചു കൊണ്ട് കത്തെഴുതി. ഏതാനും ദിവസങ്ങൾക്കുള്ളിൽ എനിക്ക് മറുപടി ലഭിച്ചു:'ഫയൽ താമസിച്ചാണ് നല്കിയതെങ്കിലും ഞാൻ താങ്കൾക്ക് ഈ മത്സരത്തിൽ പങ്കെടുക്കാൻ അനുമതി നല്കുന്നു. ശേഷം ഞാൻ ഈ പരീക്ഷക്കുവേണ്ടി എഴുത്ത് പരീക്ഷ എഴുതി. ആയിരം അപേക്ഷകരിൽ 15 പേരെ മാത്രമേ തിരഞ്ഞെടുത്തുള്ളൂ. അതിൽ എന്റെ പേരുമുണ്ടായിരുന്നു. ഇതെല്ലാം ഹുദൂർ അൻ വറിന്റെ ദുആയുടെ ഫലമായി അല്ലാഹു നല്കിയതാണ്. ഞാൻ എം.ടി.ഏയിൽ ഹുദൂറിനെ കാണാറുണ്ടായിരുന്നു. ഇന്നാദ്യമായാണ് എന്റെ സ്വന്തം കണ്ണുകൊണ്ട് ഇത്രയടുത്ത് കാണുന്നതും ഹുദൂറുമൊത്ത് സംസാരിക്കുന്നതും. ഹുദൂർ വളരെ നേരം എന്റെ കൈപിടിച്ചു വെച്ചു. ഇന്ന് ഞാൻ വളരെ വലിയ സൗഭാഗ്യവാനാണ്. എന്റെ ജീവിതത്തിൽ ഈ നിമിഷങ്ങൾ എനിക്കൊരിക്കലും മറക്കാൻ കഴിയില്ല.

അതിനുശേഷം ഹുദൂർ ഓഫീസിലേക്ക് മടങ്ങി. ഓഫീസ് സംബന്ധമായ കത്തുകളും മറ്റു കത്തുകളും റിപ്പോർട്ടുകളും പരിശോധിക്കുകയും ആവശ്യമായ നിർദേശങ്ങൾ നല്കുകയും ചെയ്തു.

8.00 മണിക്ക് പുരുഷന്മാരുടെ സമ്മേളന ഹാളിൽ മഗ്‌രിബ്- ഇശാഅ് നമസ്കാരങ്ങൾ ജംഅ്ആക്കി നമസ്കരിപ്പിച്ചു. തുടർന്ന് താമസസ്ഥലത്തേക്ക് മടങ്ങി.

### ഹുദൂറിന്റെ പ്രഭാഷണം. അതിഥികളുടെ പ്രതികരണങ്ങൾ

ഇന്നത്തെ ഹുദൂറിന്റെ പ്രഭാഷണം അമുസ്‌ലിം അനഹ്‌മദി അതിഥികളിൽ അഗാധമായ പ്രതികരണങ്ങളാണുണ്ടാക്കിയത്. ചില അതിഥികൾക്ക് തങ്ങളുടെ വികാരം പ്രകടിപ്പിക്കാതിരിക്കാൻ കഴിഞ്ഞില്ല.

● ഒരു അതിഥി നൺസ്പീറ്റ് കൗൺസിലർ ജേർട്ട് വാൻ ഡെൻ ബെർഗ്(Gert Van Den Berg) പറയുന്നു: 'വളരെ വർഷങ്ങൾക്കു മുമ്പേ എനിക്കിവിടെ വരാൻ ഒട്ടും ഇഷ്ടമില്ലായിരുന്നു. എന്നാലിന്ന് നമ്മുടെ ബന്ധങ്ങൾ വളരെ നല്ലതാണ്. ഖലീഫ നൺസ്പീറ്റിൽ വന്നപ്പോൾ സ്വീകരിക്കുകയും ചെയ്തിരുന്നു. ഖലീഫയുടെ പ്രഭാഷണങ്ങൾ വീണ്ടും കേൾക്കുന്നതിന് എനിക്ക് ആഗ്രഹമുണ്ടായിരുന്നു. ഖലീഫയുടെ പ്രഭാഷണത്തിൽ ഞാൻ വളരെ ആകൃഷ്ടനാണ്. നിങ്ങളിൽ ഒരു അഗാധമായ ബന്ധമു ണ്ടെന്ന തോന്നൽ ഉളവാകുന്നു. നിങ്ങൾ സമൂഹത്തിന്റെ ഒരു ഊർജ്ജസ്വല വിഭാഗമാണ്. അതുകൊണ്ട് ഇവിടെ വരാൻ ആഗ്രഹമുണ്ടാകുന്നു.'

● റോട്ടർഡാമിൽ(Rotter Dam) നിന്നു വന്ന ഒരു അതിഥി എറിക് ജാൻ ക്ലിജൻ(Erik Jan Klijn) സാഹിബ് പറയുന്നു: 'നിങ്ങളുടെ ജൽസ വളരെ ശാന്തനിർഭരമായിരുന്നു. എനിക്കേറ്റവും നന്നായി തോന്നിയത് ഖലീഫയുടെ മനുഷ്യാവകാശങ്ങളെ കുറിച്ചുള്ള വാക്കുകളാണ്. ലോകരെ ശാന്തിസമാധാനത്തിലേക്ക് അദ്ദേഹം ക്ഷണിച്ചു.'

● റോട്ടർഡാമിൽ(ROTTERDAM) നിന്നു വന്ന മറ്റൊരതിഥി ഹെർമൻ മീ ടെർ(Herman mee Ter) സാഹിബ് പറയുന്നു: 'ഈ ജൽസയിൽ മുസ്‌ലിമീങ്ങൾ ഒരുമിച്ചു കൂടുന്നു എന്നോർത്ത് ജൽസക്ക് വരുന്നതിനു മുമ്പേ എനിക്ക് അസ്വസ്ഥത ഉണ്ടായിരുന്നു. എന്താണ് സംഭവിക്കുക എന്നറിയില്ലായിരുന്നു. എന്നാലിവിടെ വന്നതിനുശേഷം വിസ്മയിച്ചു പോകുന്നു. സമാധാനത്തെ കുറിച്ചുള്ള വർത്തമാനം തന്നെയാണ് ഇവിടെ നടക്കുന്നത്. എനിക്കേറ്റവും നന്നായി തോന്നിയത് ധൈര്യത്തോടെയുള്ള ഖലീഫയുടെ വാക്കുകളാണ്. പോപ്പ് പൊതുവായ രൂപത്തിലെ സമാധാനത്തെ കുറിച്ച് പറയാറുള്ളൂ. എന്നാൽ, നിങ്ങളുടെ ഖലീഫ ഒരുവിധ സങ്കോചവും കൂടാതെ ശക്തിമത്തായ വൻസമൂഹങ്ങളെ അഭിമുഖീകരിച്ചു സംസാരിക്കുന്നു.'

● ഒരു വനിത അതിഥി ക്രിസ്റ്റിന(Christna) പറയുന്നു: 'ഒരു നീണ്ട കാലമായി എനിക്ക് ജമാഅത്തിനെ കുറിച്ചറിയാം. ആതിഥേയത്വം ഈ ജമാഅത്തിന്റെ സവിശേഷമായൊരു സ്വഭാവമാണ്. ജമാഅത്തിന്റെ മാർഗദർശി നല്ല വ്യക്തിയാണ്. അതുകൊണ്ട് ജമാഅത്തും നല്ലതാണ്. ഹുദൂറിന്റെ പ്രഭാഷണം എനിക്ക് വളരെ നല്ലതായി തോന്നി. കാലത്തിന്റെ ഖലീഫ ഓരോ കാര്യങ്ങളും വളരെ വിശദമായും തുറന്നും സംസാരിച്ചു. ഖലീഫ പറഞ്ഞ കാര്യങ്ങളെല്ലാം കാലത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് കൃത്യസമയത്തായിരുന്നു.'

● ആംസ്റ്റർഡാമിൽ നിന്നു വന്ന ഒരതിഥി സിറോസ് രാജ ജഡ്ജ്(Siros Raja Jugde) പറയുന്നു: 'ഹുദൂറിന്റെ സന്ദേശം സമാധാന നിർഭരമായിരുന്നു. ഹൃദയങ്ങളിൽ സ്വാധീനം ചെലുത്തുന്നതായിരുന്നു അത്. ജൽസ വളരെ വ്യവസ്ഥാപിതമായിരുന്നു. എല്ലാ സംവിധാനങ്ങളും എന്നെ വളരെ വിസ്മയിപ്പിച്ചു.'

● ബെൽജിയത്തിൽ ഇപ്പോൾ താമസിക്കുന്ന മൊറോക്കോ സ്വദേശിയായ ഒരു നവ അഹ്‌മദിയായ തൌഫീഖ് ജാമാവീ സാഹിബ് പറയുന്നു: 'ഹുദൂറിനെ കാണാൻവേണ്ടിയാണ് ഞങ്ങൾ വന്നത്. ഹുദൂറിന്റെ ഇമാമത്തിൽ നമസ്കരിക്കാൻ സാധിച്ചു. ഹുദൂറിന്റെ പ്രഭാഷണത്തിലെ ഓരോ വാക്കും ഞങ്ങളുടെ ഹൃദയന്തരാളത്തിലെത്തി. നബി(സ)തിരുമേനിയുടെ ഉന്നതമായ മാതൃകകൾ സമർപ്പിച്ചു കൊണ്ട് ഹുദൂർ ലോകത്തിന് ഇസ്‌ലാമിന്റെ യഥാർഥ മുഖം കാണിച്ചു കൊടുത്തിരിക്കുന്നു. ഹുദൂറിന്റെ പ്രഭാഷണം പുതിയൊരു ഊർജം ഇട്ടിരിക്കുന്നു.'

● മൊറോക്കോ, അൾജീരിയ സ്വദേശികളും ഇപ്പോൾ ബെൽജിയത്തില് താമസിക്കുന്നവരുമായ രണ്ട് നവഅഹ്‌മദികളായ ശെയ്ഖ് ഹസൻ സാഹിബും ബശീർ ബിൻ കഹ്‌ല സാഹിബും ഈ ജൽസയിൽ പങ്കെടുത്തിരുന്നു. ചില കുഴപ്പക്കാരുടെ നീക്കങ്ങൾ കാരണത്താൽ ഇവരിരുവരും മെല്ലെ മെല്ലെ ജമാഅത്തിൽനിന്നു അകലുകയായിരുന്നു. ഇവർ ജമാഅത്തിന്റെ വാട്സാപ്പ് ഗ്രൂപ്പും ഉപേക്ഷിച്ചിരുന്നു. ഹുദൂറിന്റെ പ്രഭാഷണം ശ്രവിച്ചതിന്നുശേഷം ജമാഅത്തിൽ നിന്നും ഖിലാഫത്തിൽനിന്നും അകന്നുകൊണ്ട് വളരെ വലിയ തെറ്റാണ് ചെയ്തതെന്ന് നിസ്സങ്കോചം ഇവരിരുവരും വെളിപ്പെടുത്തി. ഈ വിചാരം തന്നെ ഞങ്ങൾ ഉപേക്ഷിക്കുന്നു. തങ്ങളെ വീണ്ടും വാട്സാപ്പ് ഗ്രൂപ്പിൽ പ്രവേശിപ്പിക്കണമെന്ന് ഇപ്പോൾ അവർ ആവശ്യപ്പെട്ടിരിക്കുകയാണ്.

● ഡച്ച് ദമ്പതികളായ ഫൈത്തും ജിസ്‌ലയും (Faith , Gisele) പറയുന്നു: ജൽസയിലെ എല്ലാവരും സൽസ്വഭാവികളായിരുന്നു. ഇന്ന് ഒരു സ്വർഗ്ഗ സമാനമായ അന്തരീക്ഷമായിരുന്നു. വളരെയധികം സ്വാധീനമുളവാക്കുന്നതായിരുന്നു ഖലീഫയുടെ പ്രഭാഷണം. നിങ്ങളുടെ വിവർത്തകരും ഞങ്ങളെ വളരെ സ്വാധീനിച്ചു. വളരെ നല്ലരീതിയിൽ ഒഴുക്കിനൊപ്പം അവർ വിവർത്തനം ചെയ്തു.'

● നൺസ്പീറ്റ് പട്ടണത്തിന്റെ മേയർ വാൻ ഡെർ വീർട്ട്(Van Der Weert) പറയുന്നു: 'നൺസ്പീറ്റ് ജനങ്ങളെ പ്രതിനിധാനം ചെയ്തുകൊണ്ട് ഇവിടെ രണ്ടു വാക്ക് സംസാരിക്കാൻ എനിക്ക് ക്ഷണം കിട്ടി. കഴിഞ്ഞ വർഷവും എനിക്ക് ഒരു പരിപാടിയിൽ പങ്കെടുക്കാൻ സാധിച്ചു. ഇപ്രാവശ്യം ഹുദൂറും വന്നിരിക്കുന്നു. ഇപ്രകാരം ഈ പരിപാടി വളരെ പ്രാധാന്യം അർഹിക്കുന്നതാകുന്നു. കഴിഞ്ഞവർഷത്തെ

പോലെ ഈ വർഷവും പരിപാടിയിൽ പങ്കെടുത്തത് വളരെ നല്ലതായി എനിക്ക് തോന്നുന്നു.

'ഹുദൂർ അൻവർ വളരെ നിലവാരം പുലർത്തുന്ന ഇംഗ്ലീഷ് ഭാഷയിലാണ് സംസാരിച്ചത്. എന്നെപോലുള്ളവർക്ക് മനസ്സിലാക്കാൻ കുറച്ച് പ്രയാസമുണ്ടായിരുന്നു. എന്നിട്ടും ഇവിടെ എനിക്ക് കാണാൻ കഴിഞ്ഞതെല്ലാം വിവരണാതീതമാണ്. ഒരു വലിയ ഹാളിൽ ജനങ്ങൾ വളരെ ശ്രദ്ധയോടെ ഹുദൂറിന്റെ വാക്കുകൾ കേൾക്കുന്നുണ്ടായിരുന്നു.

'ഈ വിവരം ഞാനെന്റെ പ്രസംഗത്തിലും സൂചിപ്പിച്ചിരുന്നു. ഇക്കാലഘട്ടത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് നമുക്ക് ജീവിതത്തെ മനസ്സിലാക്കേണ്ടത് അനിവാര്യമാണ്. ക്രിസ്ത്യനോ മുസ്ലിമോ എന്നതിൽ ഒരു വ്യത്യാസവും കാണേണ്ടതില്ല. സ്വന്തം സ്വഷ്ടിപ്പിന്റെ കാരണമാണ് നാം അന്വേഷിക്കേണ്ടതും മനസ്സിലാക്കേണ്ടതും. ഇത്തരത്തിലുള്ള പരിപാടിയിൽ പങ്കെടുത്തുകൊണ്ട് ഇക്കാര്യങ്ങളെ കുറിച്ച് ഒരു വിലയിരുത്തൽ നടത്താൻ കഴിയും. ഇത് വളരെയധികം മൂല്യവത്തായ ഒരു സന്ദേശമായിരുന്നു.

'സമൂഹത്തിൽ സുപ്രധാനമായൊരു മാതൃക അഹ്മദിയ്യാ ജമാഅത്ത് വഹിക്കുന്നു. മുനിസിപ്പാലിറ്റി അഡ്മിനിസ്ട്രേറ്റർ എന്നനിലയിൽ എനിക്ക് അഹ്മദികളുമായി നല്ല ബന്ധമുണ്ട്. എപ്പോഴാഗ്രഹിച്ചാലും ഞങ്ങൾക്ക് പരസ്പരം കാണാൻ സാധിക്കുന്നു. ഇതിന്റെ ധാരാളം പ്രയോജനങ്ങളുമുണ്ട്. ആവശ്യമുള്ളപ്പോഴെല്ലാം ഞങ്ങൾ പരസ്പരം വിളിക്കാറുമുണ്ട്. ഇന്നത്തേതു പോലെയുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്നതിൽ മുന്സിപ്പാലിറ്റിക്കും പങ്കുണ്ട്. ഇവിടെ നിങ്ങളുടേയും ഞങ്ങളുടേയും പ്രതിനിധികൾ ഇരുന്ന് പ്ലാൻ ചെയ്യുന്നുണ്ട്. ചില സം സ്കാരികമായ വ്യത്യാസങ്ങളുണ്ടെന്ന് ഈ സമയത്ത് ഞങ്ങൾക്ക് മനസ്സിലായിട്ടുണ്ട്. ഇപ്പോൾ നാം അതിന്റേയും ശീലക്കാരായി കഴിഞ്ഞിരിക്കുന്നു. നല്ല വരാണെന്ന് നാം പരസ്പരം മനസ്സിലാക്കിയിരിക്കുന്നു. ഇതേ ശ്രമത്തിലുമാണ് നാമുള്ളത്. ഞാൻ നിങ്ങൾക്ക് നന്ദി അറിയിക്കുന്നു. നിങ്ങൾ ഇത്തരത്തിലുള്ള കൂടുതൽ പരിപാടികൾ സംഘടിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു. തന്മൂലം മനുഷ്യ ജീവിതത്തെ കുറിച്ച് ഉയർന്നു വരുന്ന ചോദ്യങ്ങൾക്ക് മറുപടി ലഭിക്കുക സാധ്യമാകും.

● ബെല്ജിയത്തില് നിന്നു വന്ന ആനി സെൽസ് (Annie Sels)സാഹിബ പറയുന്നു: 'ബെൽജിയത്തിൽ നിന്നു ഞാൻ ഇവിടെ വന്നത് ഹുദൂറിന്റെ പ്രഭാഷണം കേൾക്കാനാണ്. നിങ്ങളെ കാണുകയും കേൾ ക്കുകയും ചെയ്യുമ്പോൾ വളരെ ശക്തി ലഭിക്കുന്നു. താങ്കൾ ഭൌമോപരിതലത്തിലെ ഏറ്റവുമധികം സമാധാനം കാംക്ഷിക്കുന്ന വ്യക്തിത്വമാണ്. താങ്കൾ ഇത്രയും വലിയ നേതാവായിരുന്നിട്ടും പൊതുജനങ്ങൾക്ക് മനസ്സിലാകുന്ന സാധാരണ വാക്കുകളിലാണ് സംസാരിക്കുന്നത്. ലോകത്തെ മറ്റു നേതാക്കളും ഇതിൽ നിന്നു പഠിക്കണമെന്നാണ് എന്റെ ആഗ്രഹം. കാരണം ലോകം വളരെ തീവ്രമാകുന്നു. ജനങ്ങൾ പരസ്പരം മനസ്സിലാക്കുന്നില്ല. പരസ്പരം സംസാരിക്കാൻപോലും ആഗ്രഹിക്കുന്നില്ല. ജനങ്ങൾ കേവലം സോഷ്യൽ മീഡിയായിൽ നിന്നു പഠിച്ച മുദ്രാവാക്യങ്ങളാണ് മുഴക്കുന്നത്. ഇത് ശരിയല്ല. ഇതിന് നേർവിപരീതമായി നിങ്ങൾ ജനങ്ങൾക്ക് മനസ്സിലാക്കി കൊടുക്കുന്ന കാര്യങ്ങൾ വളരെ സ്വാധീനം ചെലുത്തുന്നതാണ്. നിങ്ങളുടേത് ലോകത്തിലെ വളരെയധികം നേതാക്കൾക്ക് അനുകരണീയമായ മാതൃകയാണ്.

'ഹുദൂർ അൻവർ വ്യക്തിത്വത്തിൽ വളരെ സാവധാനിയാണ്. പൂർണവിനയമുണ്ട്. നിങ്ങളുടെ സംസാര രീതി വളരെ സരളവും ഹൃദയസ്പൃക്കുമാണ്. ഇതുതന്നെയാണ് വളരെയധികം അനിവാര്യമായത്.'

● ഒരു അതിഥി ദിനി ഹാർകിൻക്(Dini Harkink) പറയുന്നു: 'എനിക്ക് വിദ്യാഭ്യാസപരമായ ഒരു ബാക്ക്ഗ്രൗണ്ടുണ്ട്. നാലു വർഷം മുമ്പേ ഞാൻ ഒരു സ്ഥാപനത്തിൽ ഡച്ച് ഭാഷ പഠിക്കാൻ തുടങ്ങി. ഇവിടെ ഒരു പാക്കിസ്താനി കുടുംബവുമായി എന്റെ കൂടിക്കാഴ്ചയുണ്ടായി. ഇവർ ഒരു വർഷം മുമ്പേ ഹോളണ്ടിൽ എത്തിയതാണ്. ഈ ഭാഷ പഠിക്കാൻ ഇവര് ഇവിടെ വന്നതായിരുന്നു. ഇവരുമായുള്ള സമ്പർക്കം തുടർന്നു വന്നു. എല്ലാ രൂപത്തിലും സഹായിക്കാമെന്ന് ഞാനവർക്ക് ഉറപ്പ് കൊടുത്തു. അവരുടെ മക്കൾ എന്നെ കാണാൻ വരാറുണ്ട്. ഓരോ ആഴ്ചയിലും കുറച്ചു സമയം അവർ എന്നോടൊപ്പം ചെലവഴിക്കാറുണ്ട്. ആ കുട്ടികളിൽനിന്ന് എനിക്ക് ജമാഅത്തിനെകുറിച്ചുള്ള അറിവ് ലഭിച്ചു.

'ഇവിടെ വന്നപ്പോൾ വളരെ നല്ലതായി തോന്നുന്നു. കാരണം എല്ലാ വ്യക്തികൾക്കുമിടയിൽ സമാധാനവും സഹവർത്തിത്വവും ഉണ്ടാകണമെന്നാണ് നിങ്ങളുടെ ഖലീഫയും പറയുന്നത്. ഞാൻ ഒരു ക്യസ്തുമത വിശ്വാസിയാണ്.നിങ്ങളുടെ ജമാഅത്ത് കേവലം അഹ്മദികളോട് മാത്രമല്ല, മറ്റെല്ലാ മതസ്ഥരോടും വളരെ നല്ലതായി പെരുമാറുന്നതായിട്ടാണ് എനിക്ക് കാണാൻ കഴിയുന്നത്. വിശിഷ്യ ഒരു മുസ്ലിം നേതാവിൽനിന്നു ഈ വാക്കുകൾ കേട്ടത് വളരെ നല്ലതായി തോന്നി. കാരണം ഇക്കാലഘട്ടത്തിൽ ഇസ്ലാമിനെ സംബന്ധിച്ച് തെറ്റായ ധാരാളം വീക്ഷണങ്ങൾ നിലനില്ക്കുന്നു.

'ഹോളണ്ട് സമൂഹത്തിൽ ലയിക്കാൻ സാധിക്കുമെന്ന് ഉറപ്പുള്ള നിങ്ങളെ പോലെയുള്ള ജമാഅത്തിൽ നിന്നുമുള്ള സഹവർത്തിത്വത്തിന്റേയും സമാധാനത്തിന്റേയും സ്നേഹത്തിന്റേയും സന്ദേശം സമൂഹത്തിന് വളരെ അനിവാര്യമാണ്. നാമെല്ലാവരും സ്നേഹം വ്യാപിപ്പിക്കുന്ന ശ്രമത്തിൽ ഇടപെടണമെന്നാണ് എന്റെ വിചാരം. കാരണം നാം സ്നേഹം വ്യാപിപ്പിക്കുകയാണെങ്കിൽ അത് ഹോളണ്ടിനും ലോകത്തിനും ഉത്തമമായിരിക്കും. ഖലീഫയുടെ വ്യക്തിത്വത്തിൽ ദൃശ്യമാകുന്ന ശാന്തി സമാധാനം വളരെ ഗംഭീരമാണ്. ലോകത്ത് വ്യാപിച്ചിരിക്കുന്ന അസമാധാനത്തെ കുറിച്ച് അദ്ദേഹം സൂചിപ്പിക്കുകയും സമാധാന സ്ഥാപനത്തിന്റെ അനിവാര്യതയെ കുറിച്ച് ഊന്നൽ നല്കുകയും ചെയ്തു. നമ്മൾ ഭൂമിയിലൽ പരസ്പരം ബന്ധപ്പെട്ടാണ് ജീവിക്കുന്നത്. നമ്മൾ ഒരുമിച്ച് കഴിയേണ്ടതാണ്. ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടതാണ്. ഈ പരിപാടിയിലേക്ക് ക്ഷണിച്ചതിൽ വളരെ നന്ദിയുണ്ട്. എന്റെ നല്ല ഭാവുകങ്ങൾ നിങ്ങളോടൊപ്പമുണ്ട്.

ഒൺസ് അൽമെരെ(Ons Almere) പത്രം ഹുദൂറിന്റെ ഹോളണ്ട് വരവിനെ പരാമർശിച്ചു കൊണ്ട് സെപ്റ്റംബർ 25 ബുധനാഴ്ചത്തെ അതിന്റെ എഡിഷനിൽ ഇപ്രകാരം വാർത്ത നല്കി.

'**സമാധാനത്തിന്റെ ഖലീഫ ഹോളണ്ടിൽ ആഗതനായി**'

39-ാം ഹോളണ്ട് ജൽസാസാലാനയിൽ പങ്കെടുക്കാനും മസ്ജിദ് ബയ്ത്തുൽ ആഫിയത്തിന്റെ ഉൽഘാടനത്തിനുംവേണ്ടി **ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** ഹോളണ്ടിൽ ആഗതരായി. ഖലീഫത്തുൽ മസീഹ് സമസ്ത ലോകത്തും കാരുണ്യപ്രവർത്തനങ്ങളും സ്വഷ്ടി സേവന പ്രവർത്തനങ്ങളും നടത്തി വരുന്നു. കൂടാതെ ശാന്തിയും മതപരമായ സഹവർത്തിത്വവും വ്യാപിപ്പിക്കാനും ലോകത്താകമാനം ശ്രമിച്ചു വരുന്നു. കാലത്തിന്റെ ഖലീഫ മറ്റു പാർലമെന്റുകളെക്കൂടാതെ ഡച്ച് പാർലമെന്റിലും പ്രഭാഷണം നല്കിയിട്ടുണ്ട്. ഒക്ടോബർ1 ന് അൽമേറാ പട്ടണത്തിൽ മസ്ജിദ് ബയ്ത്തുൽആഫിയത്തിന്റെ ഉൽഘാടനവും അദ്ദേഹം നിർവഹിക്കും.

◆◆◆

**2019 സെപ്റ്റംബർ 29 ഞായറാഴ്ച:**

രാവിലെ 6.30-ന് ജൽസാ ഗാഹിൽ ഹുദൂർ അൻവർ സ്വുബ്ഹി നമസ്കാരത്തിനു നേതൃത്വം നല്കി. സ്വുബ്ഹി നമസ്കാര നേരയത്ത് ശക്തമായ മഴ പുറത്ത് പെയ്യുന്നുണ്ടായിരുന്നു. ഹുദൂറിന്റെ താമസസ്ഥലത്തു നിന്ന് ജലൽസാ ഗാഹിലേക്കുള്ള ദൂരം ഒരു കിലോമീറ്ററായിരുന്നു. സെക്യൂരിറ്റി സ്റ്റാഫ് വണ്ടികൾ തയ്യാറാക്കി നിറുത്തിയിട്ടുണ്ടായിരുന്നു. എന്നിട്ടും ഹുദൂർ ശക്തമായ മഴക്കിടയിലും നടന്നാണ് നമസ്കാരസ്ഥലത്തേക്ക് വന്നത്. കുട അതിന്റെ വിസ്താരത്തിൽ മാത്രമാണ് മഴയെ തടുത്തത്. വഴിയിൽ പല സ്ഥലങ്ങളിലും വെള്ളം കെട്ടി നില്ക്കുന്നുണ്ടായിരുന്നു. ഓരോ ചുവടും ശ്രദ്ധയോടെ വെക്കേണ്ടതുണ്ടായിരുന്നു. നമസ്കാര ശേഷവും ശക്തമായ മഴക്കിടയിൽതന്നെ ഹുദൂർ മടങ്ങുകയും ചെയ്തു. രാവിലെ ഓഫീസ് സംബന്ധമായ കത്തുകളും മറ്റു കത്തുകളും റിപ്പോർട്ടുകളും ഹുദൂർ പരിശോധിക്കുകയും ആവശ്യമായ നിർദേശങ്ങൾ നല്കുകയും ചെയ്തു. വിവിധ ഓഫീസ് സംബന്ധമായ പ്രവർത്തനങ്ങളിൽതന്നെ ഹുദൂർ മുഴുകി.

ഇന്ന് ഹോളണ്ട് അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസാ സാലാനയുടെ മൂന്നാമത്തേതും അവസാനത്തേതുമായ ദിവസമായിരുന്നു. മൂന്ന് മണിക്ക് ഹുദൂർ പുരുഷന്മാരുടെ ഹാളിലെത്തി. ളുഹ്ർ-അസ്വ്ർ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരം ശേഷം ഹുദൂർ ജൽസാ ഗാഹിലെ സ്റ്റേജിലെത്തിയപ്പോൾ അന്തരീക്ഷമാകെ മുദ്രാവാക്യത്താൽ മുഴങ്ങി.

**ഹോളണ്ട് ജൽസാ സാലാനയുടെ സമാപന പരിപാടി**

വിശുദ്ധ ഖുർആനിന്റെ തിലാവത്തോടെ പരിപാടിക്ക് ആരംഭം കുറിച്ചു. അയ്മൻ ഫള്ൽ ഔദ സാഹിബിന്റെ തിലാവത്തിനുശേഷം മുബല്ലിഗ് ഹോളണ്ട് സയീദ് അഹ്മദ് ജട്ട് സാഹിബ് ഉർദു തർജമ കേൾപ്പിച്ചു. ഹമ്മാദ് അഹ്മദ് അബ്ബാസി സാഹിബ് ഹദ്റത്ത് മസീഹ് മൗഊദിന്റെ പദ്യം ആലപിച്ചു:

**കിസ് ഖദർ ള്ളാഹിർ ഹെ നൂർ**
**ഉസ് മബ്ദഉൽ അൻവാർ കാ.**
**ബൻ രഹാ ഹെ സാരാ ആലം**
**ആയിനയെ അബ്സ്വാർ കാ.**

(ആ പ്രകാശസ്രോതസ്സിന്റെ ദ്യുതിവിലാസം എത്ര പ്രത്യക്ഷം. പ്രപഞ്ചമാകെ ഒരു നയന ദർപ്പണമായി മാറുകയാണ്!) എന്ന കവിതയാണ് ആലപിച്ചത്. ശേഷം വിദ്യാഭ്യാസ രംഗത്ത് വ്യക്തി മുദ്ര പതിപ്പിച്ച് 14 വിദ്യാർഥികൾക്ക് സർട്ടിഫിക്കറ്റുകളും മെഡലുകളും ഹുദൂർ സമ്മാനിച്ചു. ആ സൗഭാഗ്യവാന്മാരായ വിദ്യാരഥികളുടെ പേരുകൾ ചുവടെ ചേർക്കുന്നു:

❶ ഹിശാം റാണ. പ്രൈമറി എഡ്യൂക്കേഷൻ ബോർഡ് (Primary Education) പരീക്ഷയിൽ 100 ശതമാനം മാർക്ക് നേടി.

❷ ഫറാസ് ഹാറൂൺ ചൗദരി. പ്രൈമറി എജ്യൂക്കേഷൻ ബോർഡ് പരീക്ഷയിൽ 100 ശതമാനം മാർക്ക് കരസ്ഥമാക്കി.

❸ ഖമർ ജാവേദ് സലേരി ഹോളണ്ട്. ഹയർ സെക്കന്ററി എജ്യൂക്കേഷൻ ബോർഡ് പരീക്ഷയിൽ 81 ശതമാനം മാർക്ക് നേടി.

❹ ഉസാമ അഹ്മദ് ബിൻ നൂർ, എഫ് എസ് സീ പ്രീ മെഡിക്കൽ എന്തോവൻ(Eindhoven)

❺ സയ്ൻ ബാരി മലിക്, ബി. എസ്. സി ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്,സ്വോളെ(Zwolle) ഹോളണ്ട്.

❻ ളില്ലുർറഹ്മാൻ, ബി. എസ്. സി അക്കൗണ്ടൻസി, ലൈഡൻ(Leiden), ഹോളണ്ട്.

❼ അനസ് ഇഖ്ബാൽ, എം എസ് സി പാക്കിസ്താൻ സ്റ്റഡീസ്, നൺസ്പീറ്റ്.

❽ മശ്ഹൂദ് ചൗദരി, എം. എസ്. സി. മെഡിസിൻ

മാസ്ട്രിച്ച്(Medicine Maastricht)

❾ ശർജീല് അഹ്മദ് മലിക്, എം. എസ്. സി, ഐ.സീ.ടി. ഇൻ ബ്യുസിനസ്, ലെയ്ഡൻ(ICTin(Business Leiden)

❿ റാഹീൽ അഹ്മദ് ചൗദരി, എം എസ് സി - ഇന്റർനാഷണൽ മാനേജ്മെന്റ് ആന്റ് ഗ്ലോബൽ ബിസിനസ്, ഷെഡ്ഡാം(Schiedam), ഹോളണ്ട്.

⓫ ഫറാസ് അഹ്മദ്, എം എസ് സി ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്, അരൻഹേം(Arnhem), ഹോളണ്ട്.

⓬ മുഹമ്മദ് അഹ്മദ് ത്വാരിഖ്, എം.എസ്. സി. അക്കൗണ്ടൻസി, അല്മെരെ(Almere), ഹോളണ്ട്.

⓭ ത്വൽഹ അഹ്മദ്, എം എസ് സി മാത്തമെറ്റിക്സ് (Mathematics),ആംസ്റ്റർഡാം, ഹോളണ്ട്.

തുടർന്ന് 03.40 ന് ഹുദൂറിന്റെ സമാപന പ്രഭാഷണം ആരംഭിച്ചു.

### ഹുദൂറിന്റെ സമാപന പ്രഭാഷണം

തശഹ്ഹുദ് തഅവ്വുദ്, സൂറ ഫാത്തിഹ ഓതിയതിന്നു ശേഷം ഹുദൂർ സൂറത്തു സ്വഫ്ഫിലെ 9-ാം വചനം തിലാവത്ത് ചെയ്തു. തുടർന്ന് അതിന്റെ തർജമ കേൾപ്പിച്ചു. അതുകഴിഞ്ഞ് ഹുദൂർ പറയുന്നു: നബി(സ)തിരുമേനിയുടെ ദീർഘ ദർശനമനുസരിച്ച് ഇക്കാലഘട്ടത്തിൽ ഇസ്ലാമിന്റെ പുനരുജ്ജീവനത്തിനുവേണ്ടി അല്ലാഹുവിൽനിന്നു വന്നിരിക്കുന്നുവെന്നും നബി(സ)തിരുമേനിയുടെ ദാസൻ എന്ന നിലയിൽ അവിടത്തെ ദീനിനെ ലോകത്ത് പ്രചരിപ്പിക്കാനുള്ള പ്രവൃത്തിയാണ് അല്ലാഹു തന്റേമേൽ ഏൽപ്പിച്ചിരിക്കുന്നതെന്നുമുള്ള വാദം വാഗ്ദത്ത മസീഹ്(അ) പുറപ്പെടുവിച്ചപ്പോൾ തീർച്ചയായും അല്ലാഹു തന്റെ സഹായങ്ങളുടെ കാഴ്ചകൾ കാണിക്കലും അനിവാര്യമായിരുന്നു. അങ്ങനെ അല്ലാഹു ഈ കാഴ്ചകൾ കാണിക്കുകയും നബി(സ)തിരുമേനിയുടെ ദാസത്വത്തിന്റെ അനുഗ്രഹത്തിന് കീഴിൽ നിരവധി തവണ അദ്ദേഹത്തെ ആശ്വസിപ്പിക്കുകയും ചെയ്തു. അക്കാലഘട്ടത്തിൽ ഇസ്ലാമിന്റെ ശത്രുക്കൾ ഇസ്ലാമിനെ തുടച്ചു നീക്കാനുള്ള കഠിന ശ്രമത്തിലായിരുന്നപ്പോൾ ശത്രുക്കൾ എത്ര ശക്തരായാലും എത്ര ശക്തി ചെലുത്തിയാലും ഇനി ഇസ്ലാമിന്റെ വ്യാപനവും പുഷ്പിക്കലും ഫലം നല്കലും അല്ലാഹു വിധിച്ചിരിക്കുകയാണെന്ന് ആ മഹാത്മാവ് വിളംബരപ്പെടുത്തി.

നബി(സ) തിരുമേനിയോടുള്ള അല്ലാഹുവിന്റെ വാഗ്ദാനം ഇന്നും നിലനില്ക്കുന്നതാണ്. നബി(സ)തിരുമേനിയുടെ കാലത്ത് സംഭവിച്ചതുപോലെ അതിന്റെ എല്ലാ ഗരിമയോടുംകൂടി പൂർത്തിയാകുന്നതാണ്. ഏതൊരു മഹ്ദീ മസീഹ് മുഖേനയാണോ ഇപ്പോൾ ഈ പുരോഗതിയുണ്ടാകേണ്ടത് അത് താൻതന്നെയാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. ഇത് കൂടുതൽ വിശദീകരിച്ചുകൊണ്ട് ഒരു സ്ഥലത്ത് ആ മഹാത്മാവ് പറയുന്നു:

'ഈ മതം ഒരിക്കലും വിജയിക്കില്ലെന്നും തങ്ങളുടെ കൈകളാൽ നശിച്ചൊടുങ്ങുമെന്നും ഇവർ ഇവരുടെ ജിഹ്വകൾകൊണ്ട് അധരജൽപനങ്ങൾ നടത്തുകയാണ്. എന്നാൽ, ദൈവം ഒരിക്കലും ഈ ദീനിനെ വ്യർഥമാക്കില്ല. ഇതിനെ പരിപൂർത്തിയിൽ എത്തിക്കുന്നതുവരേക്കും വിട്ടുകളയുകയുമില്ല.'

തുടർന്ന് വാഗ്ദത്ത മസീഹ്(അ) പറയുന്നു: 'ഈ കുഴപ്പക്കാരായ നിഷേധികൾ തങ്ങളുടെ ജൽപ്പനങ്ങൾ മുഖേന അല്ലാഹുവിന്റെ പ്രകാശത്തെ ഊതിക്കെടുത്താൻ ആഗ്രഹിക്കുന്നു. അല്ലാഹു അവന്റെ പ്രകാശത്തെ പൂർത്തീകരിക്കുന്നവൻ തന്നെയാണ്.'

ഹുദൂർ അൻവർ തുടരുന്നു: 'ഇസ്ലാമിന്റെ എതിരാളികൾ അവരുടെ പ്രവൃത്തികൾ അനുസ്യൂതം തുടർന്നു. എന്നാൽ, വാഗ്ദത്ത മസീഹിന്റെ വാക്കുകളിൽനിന്ന് വ്യക്തമാകുന്നതുപോലെ മുസ്ലിമീങ്ങൾ എന്നറിയപ്പെടുന്നവർ ഇവരിൽ വളരെയധികം പേർ പണ്ഡിതന്മാരുമുണ്ട് ഇസ്ലാമിനെ തുടച്ചു നീക്കാൻ ഒരുമ്പിട്ടിറങ്ങിയിരിക്കുന്ന അഥവാ ഇപ്പോഴും ചെയ്തു കൊണ്ടിരിക്കുന്ന നിഷേധികളുടെ ശ്രമങ്ങൾക്കെതിരിൽ വാഗ്ദത്ത മസീഹിനോടൊപ്പം നില്ക്കുന്നതിനു പകരം അദ്ദേഹത്തിനെതിരിൽ നിലകൊണ്ടു എന്നത് ഇവരുടെ ദൗർഭാഗ്യമാണ്. ഇപ്പോഴും അത് തുടർന്ന് കൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നാലിവരുടെ എതിർപ്പുകൾക്ക് ഇനി ഒന്നും ചെയ്യാൻ സാധിക്കില്ല. ആയിരം വർഷത്തെ അന്ധകാരകാലഘട്ടത്തിന്നുശേഷം എതിർപ്പുകൾക്ക് ഇസ്ലാമിനെ ഒന്നും ചെയ്യാൻ സാധ്യമല്ല. ഇസ്ലാം അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുരക്ഷിതമായി നിലകൊണ്ടു. വിശുദ്ധ ഖുർആൻ അതിന്റെ യഥാർഥ നിലയിൽ നിലകൊണ്ടു. ഇതേപോലെ ഇനിയും സ്ഥായിയായി നിലനില്ക്കുന്നതാണ്. തന്റെ കാലഘട്ടത്തിൽ താൻ മുഖേന ദീനിന്റേയും ഇസ്ലാമിന്റേയും പുനരുജ്ജീവനവും ഉണ്ടാകുമെന്ന വാഗ്ദാനം അല്ലാഹു വാഗ്ദത്ത മസീഹിന് നല്കി. ഇനി ഇസ്ലാമിന്റെ സുന്ദരമായ അധ്യാപനം ഹദ്റത്ത് വാഗ്ദത്ത മസീഹ് മുഖേന തന്നെ ലോകത്ത് വെളിപ്പെടുന്നതായിരിക്കും. അത് സംഭവിക്കുന്നു. ഏതൊരു പ്രവൃത്തി അല്ലാഹു പൂർത്തീകരിക്കാൻ ആഗ്രഹിക്കുന്നുവോ അതിൽ തടസ്സങ്ങൾ സൃഷ്ടിക്കാൻ ഈ നാമധാരികളായ പണ്ഡിതന്മാരുടേയോ എതിരാളികളുടേയോ ശ്രമങ്ങൾക്കാവുകയില്ല.

ഈ രഹസ്യം മനസ്സിലാക്കുന്ന സൽപ്രകൃതക്കാർ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആ മഹാത്മാവിന്റെ ജമാഅത്തിൽ അനുസരണപ്രതിജ്ഞയോടെ പങ്കു ചേരുന്നു. അതുകൊണ്ട് ഇക്കാലഘട്ടത്തിൽ ദൈവത്തിലേക്ക് നയിക്കുന്ന വഴി വാഗ്ദത്ത മസീഹിനോട് ചേർന്നു നില്ക്കുന്നതിലാണ്. ഈ ജമാഅത്തിൽ ചേർന്നുകൊണ്ട് അല്ലാഹു എങ്ങനെ മാർഗദർശനം നല്കുന്നുവെന്നും വിശ്വാസത്തിനു വർധന ഉണ്ടാക്കുന്നും എങ്ങനെയുള്ള അടയാളങ്ങളാണ് കാണിക്കുന്നതെന്നും വ്യക്തമാക്കുന്ന ചില സംഭവങ്ങൾ ഞാൻ വിവരിക്കാം.

അല്ലാഹുവിന്റെ പ്രകാശത്തെ ഊതിക്കെടുത്തുമെന്ന ഇവരുടെ വാക്കുകൾക്കെതിരിൽ അല്ലാഹു തന്റെ വാക്ക് പൂർത്തിയാക്കുന്നതാണ്. അതിനെ ആർക്കും തടുക്കാൻ കഴിയില്ല. ഇക്കാര്യം പൂർത്തിയാക്കാനായി അല്ലാഹു ജനങ്ങൾക്ക് എങ്ങനെ മാർഗദർശനം നല്കുന്നുവെന്ന് നോക്കുക. മാലിയിൽ നിന്നുള്ള ഒരു സ്നേഹിതൻ മുഹമ്മദ് സാഹിബ് പറയുന്നു:

'ജമാഅത്തിന്റെ റേഡിയോ പരിപാടി അദ്ദേഹം കേട്ടിരുന്നു. ജമാഅത്തിനെതിരെ സംസാരിക്കുന്നവരുടെ വാക്കുകളും കേട്ടു. ഇതിനുശേഷം തനിക്ക് നേർ വഴി കാണിച്ചു താരാൻ അദ്ദേഹം ദുആ ചെയ്യാൻ തുടങ്ങി. പിന്നീട് സ്വപ്നത്തിൽ അദ്ദേഹം ഒരു മഹാനെ കണ്ടു. അദ്ദേഹം ഇങ്ങനെ പറയുന്നു: 'ഓരോ ദാസനും അഹ്മദിയ്യത്തിൽ വരും; അതിപ്പോഴായാലും പിന്നീടായാലും.'

തുടർന്ന് അദ്ദേഹം ബയ്അത്ത് ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ ഊർജസ്വലനായ അംഗമാണിപ്പോൾ അദ്ദേഹം.

ടാൻസാനിയാ(Tanzania)യിൽ നിന്ന് ഒരു മുഅല്ലിം എഴുതുന്നു: 'ഒരു കുടുംബത്തിലെ സൽപ്രകൃതക്കാരിയായ സഫീറാ സാഹിബയുടെ പിതാവ് അവരുടെ ചെറുപ്പകാലത്തു തന്നെ മരിച്ചു പോയിരുന്നു. അവരുടെ മാതാവിന്റെ മറ്റൊരു വിവാഹവും നടന്നു. ഈ രണ്ടാം പിതാവാകട്ടെ മദ്യം ഉണ്ടാക്കി വില്ക്കുമായിരുന്നു. ഇവർക്കും അയാളെ സഹായിക്കേണ്ടി വന്നിരുന്നു. അയാളുടെ മദ്യക്കടയിൽ ഒരു നിശ്ചിത പങ്ക് അവർക്കുമുണ്ടായിരുന്നു. ഒരു ദിവസം ആ സ്ത്രീ ജമാഅത്തിന്റെ ബുക്ക് സ്റ്റാളിന്റെ മുന്നിലൂടെ കടന്നു പോകാനിടയായി. ജമാഅത്തിന്റെ പുസ്തകങ്ങൾ കണ്ടപ്പോൾ അവർ ചില ചോദ്യങ്ങൾ ചോദിക്കുകയും അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് വിശദീകരണം തേടുകയും ചെയ്തു. മറുപടി കേട്ടതിനു ശേഷം അവർ പറഞ്ഞു:ഇതാണ് ഇസ്ലാമെങ്കിൽ ഞാൻ വളരെ വഴി കേടിലാണ്. എനിക്ക് ഇസ്ലാം - അഹ്മദിയ്യത്തിൽ പ്രവേശിക്കണമെന്ന ആഗ്രഹമുണ്ട്. വീട്ടിൽചെന്ന് ആലോചിച്ച് തീരുമാനം എടുക്കാൻ അവരോടു പറഞ്ഞു. അവർക്ക് ബയ്അത്ത് ഫാറം നല്കി. ബയ്അത്ത് ഫാറം വായിച്ചതിനു ശേഷം അടുത്ത ദിവസംതന്നെ മദ്യം ഉണ്ടാക്കാനുള്ള സകല സാധനങ്ങളും തന്റെ മാതാപിതാക്കളെ ഏല്പ്പിച്ചുകൊണ്ട് ഇനിമേൽ ഇതുമായി തനിക്ക് ഒരുവിധ ബന്ധവുമുണ്ടാകില്ലെന്ന് അവരോട് തുറന്നു പറഞ്ഞു. ഇതെല്ലാം നിങ്ങളെടുത്തോളാനും പറഞ്ഞു. ഞാൻ യഥാർഥ ഇസ്ലാമിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്നു. ഇപ്രകാരം ബയ്അത്ത് ഫാറം പൂരിപ്പിച്ച് ആ സ്ത്രീ ജമാഅത്തിൽ പ്രവേശിച്ചു. മറ്റു മാർഗങ്ങളിലൂടെ വരുമാനം കണ്ടെത്തുകയും ചെയ്തു.'

സെനഗളിൽ(Senegal)നിന്ന് മുബല്ലിഗ് എഴുതുന്നു: 'ടബുക്കോരി ഒരു ഗ്രാമമാണ്. അവിടുത്തെ ഒരു സ്ത്രീ മൈമൂന റേഡിയോയിലൂടെ അഹ്മദിയ്യത്തിന്റെ സന്ദേശം കേട്ടറിഞ്ഞപ്പോൾ വളരെ ബുദ്ധിമുട്ടി മിഷൻ ഹൗസിന്റെ വിലാസം തേടിപ്പിടിച്ച് അവിടെ എത്തുകയും അഹ്മദിയ്യത്തില് പ്രവേശിക്കണമെന്ന ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു. തന്റെ ഭർത്താവ് ഇതിൽ അതൃപ്തനാണെന്നും ഇതിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്നില്ലെന്നും അറിയിച്ചു. എന്നാൽ അഹ്മദിയ്യത്ത് തന്നെയാണ് യഥാർഥ ഇസ്ലാമെന്ന് എനിക്ക് കാണാൻ കഴിയുന്നു. ഞാനെന്റെ എല്ലാ മക്കളോടൊപ്പം അഹ്മദിയ്യത്തിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്നു. ഒപ്പംതന്നെ തന്റെ ഭാഗത്തുനിന്നും മക്കളുടെ ഭാഗത്തുനിന്നും ചന്ദ നല്കുന്നതാണെന്ന വാഗ്ദാനവും ചെയ്തു. ജമാഅത്തിൽ ചേർന്ന ദിവസം മുതലുള്ള ചന്ദ ഓരോ മാസവും നല്കി വരുന്നു. അവരുടെ വരുമാനത്തേക്കാൾ കൂടുതലാണ് നല്കി വരുന്നത്.'

ബെനിനി(Benin)ൽ നിന്ന് ബോഹിക്കോ റീജണിലെ ലോക്കൽ മിഷണറി പറയുന്നു: 'ഒരു ദിവസം റേഡിയോ തബ്ലീഗിന്റെ പ്രക്ഷേപണത്തിനുശേഷം ആ ജാഫോൺ അഗസ്റ്റിൻ സാഹിബിന്റെ ഫോൺ വന്നു. കുറച്ചു നാളായി ജമാഅത്തിന്റെ തബ്ലീഗ് പരിപാടി കേട്ടു വരുന്നതായും നേരിട്ട് കാണണമെന്നും അറിയിച്ചു. അങ്ങനെ ഈ വിനീതൻ അവരുടെ വീട്ടിൽ പോയി. അദ്ദേഹം ചില ചോദ്യങ്ങൾ എഴുതി വെച്ചിരുന്നു. അതിനുള്ള തൃപ്തികരമായ മറുപടി നല്കിയപ്പോൾ അപ്പോൾത്തന്നെ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. കുറച്ചു ദിവസത്തിനുശേഷം ചില പുസ്തകങ്ങളും ഞാൻ കൂടെ കൊണ്ടു പോയി. ഈ പുസ്തകങ്ങൾ വായിച്ചതിനുശേഷം എന്നെ വീണ്ടും കാണാൻ വരികയും ജമാഅത്തിന്റെ സത്യത പകൽപോലെ വ്യക്തമാണെന്ന് തുറന്നു പറയുകയും ചെയ്തു. തന്റെ വീട്ടിന്റെ മുന്നിലുള്ള ഭാഗം ജമാഅത്തിനുവേണ്ടി സമർപ്പിച്ചിരിക്കുന്നുവെന്ന് ഹൃദയാത്മനാ അദ്ദേഹം വസ്വിയ്യത്ത് ചെയ്യുകയും ചെയ്തു. ജമാഅത്ത് ആഗ്രഹിക്കുന്നതുപോലെ അത് ഉപയോഗിക്കാമെന്നും അദ്ദേഹം അറിയിച്ചു. ബയ്അത്തിനുശേഷം ആത്മാർഥതയിലും കൂറിലും അദ്ദേഹം വളരെ പുരോഗതി കൈവരിച്ചിരിക്കുന്നു.'

**ഹുദൂർ അൻവർ**: നമ്മുടെ മുബല്ലിഗ് എഴുതുന്നു: ഇന്ത്യയിലെ അഹ്മദാബാദിൽ നടന്ന ഒരു ബുക്ക് ഫെയറിന്റെ അവസരത്തിൽ മുഹമ്മദ് സയീദ് എന്ന

വ്യക്തി നമ്മുടെ സ്റ്റാൾ സന്ദർശിച്ചു. സംഭാഷണത്തിനിടയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസങ്ങളെ കുറിച്ചും ചർച്ച നടന്നു. അഹ്മദിയ്യത്തിനെ കുറിച്ച് വളരെയധികം കാര്യങ്ങൾ അദ്ദേഹത്തിനറിയാമെന്ന് സംസാരത്തിൽനിന്ന് മനസ്സിലായി. എങ്ങനെയറിഞ്ഞു എന്ന് ചോദിച്ചപ്പോൾ, ഒരു വ്യക്തിയിൽനിന്നും തനിക്ക് അഹ്മദിയ്യത്തിന്റെ സന്ദേശം തനിക്ക് ലഭിച്ചിട്ടില്ല. എന്നാൽ നീണ്ട കാലമായി എം.ടു.ഏയിലൂടെ ഞാൻ മനസ്സിലാക്കിയിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമന്റെ ചോദ്യോത്തര പരിപാടികൾ കേട്ട് കേട്ട് പൂർണ തൃപ്തി കൈവരിച്ചതാണ്. ഞാൻ സത്യമായും ജമാഅത്തിനെ അംഗീകരിക്കുന്നു. ഏതെങ്കിലും അഹ്മദിയെ കാണാൻ കഴിഞ്ഞാൽ നേരിട്ട് ജമാഅത്തിൽ പ്രവേശിക്കണമെന്നതും പ്രിയങ്കരനായ നബി(സ) തിരുമേനിയുടെ ദീർഘദർശനം സ്വീകരിച്ച ആളായിത്തീരണമെന്നതും ഹൃദയത്തിന്റെ വികാരമായിരുന്നു. അങ്ങനെയാണ് ഈ ബുക്ക് ഫെയറിൽ നിങ്ങളെ കാണാൻ അവസരം ലഭിച്ചത്.

തുടർന്ന് മിഷൻ ഹൗസിൽവന്ന് അദ്ദേഹം ബയ്അത്ത് ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആത്മാർഥമായി അതിൽ നിലകൊള്ളുകയും ചെയ്യുന്നു.

ഇന്തൊനീഷ്യ(Indonesia)യിൽ നിന്ന് മുബല്ലിഗ് മുഹമ്മദ് അഹ്മദ് സാഹിബ് എഴുതുന്നു: 'ഏഴു മാസമായി എന്റെ ജമാഅത്തിൽ പുതുതായി ബയ്അത്ത് നടന്നിരുന്നില്ല. റമളാൻ മാസമായിരുന്നു. പുതിയ ബയ്അത്ത് നടക്കാനുള്ള എന്തെങ്കിലും വഴി എനിക്ക് കാണിച്ചു തരാൻ ഈ അനുഗ്വഹീത മാസത്തിൽ ഞാൻ വളരെയധികം ദുആ ചെയ്തിരുന്നു. ഒരു ദിവസം എനിക്ക് മറ്റൊരു മുബല്ലിഗ് തന്ന ഒരു അനഹ്മദി സ്നേഹിതന്റെ ഫോൺ നമ്പർ ഓർമ വന്നു. അദ്ദേഹം ജമാഅത്തിനെ കുറിച്ച് കൂടുതൽ കാര്യങ്ങൾ അറിയണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ വീട് എന്റെ വീടിന് അടുത്ത് തന്നെയായിരുന്നു. വാട്സാപ്പ് വഴി അദ്ദേഹത്തെ ബന്ധപ്പെടാൻ ഞാൻ ശ്രമിച്ചെങ്കിലും അദ്ദേഹത്തിന്റെയടുക്കൽ നിന്ന് മറുപടിയൊന്നും കിട്ടിയില്ല. ഏതാനും ദിവസങ്ങൾക്കുശേഷം അദ്ദേഹത്തിന്റെ ഭാഗത്തുനിന്ന് സന്ദേശം വന്നു. തുടർന്ന് വാടാസാപ്പിലൂടെ ചർച്ച ആരംഭിക്കുകയും ചെയ്തു. ചർച്ചക്കൊടുവിൽ അദ്ദേഹം മിഷൻ ഹൗസിന്റെ അഡ്രസും ചോദിച്ചു വാങ്ങിയിരുന്നു. ദിവസങ്ങൾക്കുശേഷം അദ്ദേഹം മിഷൻ ഹൗസിൽവന്നു. ബയ്അത്തിന്റെ പ്രാധാന്യം, കാലത്തിന്റെ ഇമാമിനെ വിശ്വസിക്കേണ്ടതിന്റെ ആവശ്യകത, സാമ്പത്തിക ത്യാഗം എന്നിവയെ കുറിച്ചും മറ്റും നീണ്ട ചർച്ച നടന്നു. അദ്ദേഹത്തിന് അഹ്മദിയ്യത്തിന്റെ സത്യത വ്യക്തമായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജൂൺമാസത്തിൽ അദ്ദേഹം ബയ്അത്ത് ചെയ്തു.'

ബെലീസ്(Belize)മുബല്ലിഗ് ഇൻചാർജ് എഴുതുന്നു: 'ബെലീസിൽ ഖദീജ സാഹിബ എന്ന സ്ത്രീയാണ് ആദ്യമായി ബയ്അത്ത് ചെയ്തത്. അവർ മുഖേന വളരെയധികം വ്യക്തികൾക്ക് അഹ്മദിയ്യത്തിനെ കുറിച്ച് പരിചയമായി. പലരും ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്തു. ഇന്നാളുകളിൽ അവർ ലജ്നാ സെക്രട്ടറി തബ്ലീഗ് എന്ന നിലയിൽ സേവന നിരതയാണ്. എവിടെ പോയാലും ഇസ്ലാമിനെ സംബന്ധിച്ച് സംസാരിക്കുന്ന ശീലം അവർക്കുണ്ട്. 2019-ൽ നടന്ന ബെലീസ് ജൽസക്ക് ഏതാനും ദിവസം മുമ്പേ നടന്ന സംഭവമാണിത്. അവർ ഏതോ അംഗത്തെ കൂട്ടിക്കൊണ്ടു വരാൻ വണ്ടി ഓടിച്ചു പോകുകയായിരുന്നു. അബദ്ധത്തിൽ അവരുടെ വണ്ടി മറ്റൊരു വണ്ടിയുമായി കൂട്ടിമുട്ടി അപകടത്തിൽ പെട്ടു. ഏതോ വീടിന്റെ മുമ്പിൽ പാർക്ക് ചെയ്ത വാഹനത്തിലായിരുന്നു അവരുടെ വണ്ടി മുട്ടിയത്. വാഹനത്തിന്റെ ഉടമ കാർല സാഹിബ പുറത്തു വന്നപ്പോൾ ഖദീജ സാഹിബ അവരോട് വളരെയധികം ക്ഷമ ചോദിച്ചു. തുടർന്ന് പോലീസിനെ അറിയിക്കുന്നത് നമുക്ക് നല്ലതാണെന്നും അവർ പറഞ്ഞു. തുടർന്ന് ജമാഅത്തിനെ കുറിച്ചും അവർക്ക് പരിചയപ്പെടുത്തിക്കൊടുത്തു. ബെലീസ് ജൽസയും വരുന്ന ദിവസം ഉണ്ടായിരുന്നു. അവരെ ജൽസയിലേക്കും ക്ഷണിച്ചു. ദിവസങ്ങൾക്കുശേഷം നടന്ന ജൽസയിൽ പങ്കെടുക്കാൻ കാർല എത്തി. ജൽസക്കുശേഷം ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്തു. കാരണത്തെ കുറിച്ച് അന്വേഷിച്ചപ്പോൾ അവർ പറഞ്ഞു: 'ഞാൻ കുറച്ചു നാളുകളായി മീഡിയായിലൂടെ നിങ്ങളെ കുറിച്ച് കേൾക്കുന്നുണ്ടായിരുന്നു. നിങ്ങളോടൊപ്പം ചേരണമെന്ന് എനിക്കും ആഗ്രഹമുണ്ടായിരുന്നു. എന്നാൽ, എനിക്ക് അഹ്മദികളാരേയും അറിയില്ലായിരുന്നു. പക്ഷേ, അപകടം നടന്ന ദിവസം അല്ലാഹു സ്വയം നിങ്ങളെ എന്റെയടുക്കലേക്ക് കൊണ്ടു വരികയായിരുന്നു. ജൽസയിൽ പങ്കെടുത്തതോടെ എനിക്ക് കൂടുതൽ സംതൃപ്തിയായി. ഞാൻ ബയ്അത്ത് ചെയ്തു. ഇപ്രകാരം സ്വയമേവ അല്ലാഹു വാതിലുകൾ തുറക്കുന്നു.'

ഗാംബിയ(Gambia) അമീർ സാഹിബ് എഴുതുന്നു: 'അല്ലാഹുവിന്റെ അനുഗ്രഹത്താൽ കിയാംഗ് സെൻട്രൽ ഡിസ്ട്രിക്ടിൽ യൂറോജോലാ ഗ്രാമത്തിൽ ഒരു സുന്ദരമായ മസ്ജിദ് നിർമിക്കാൻ നമുക്ക് അവസരം ലഭിച്ചു. ഇതിന്നുശേഷം ഈ ഗ്രാമത്തിൽ മുല്ലാക്കൾ വരാൻ തുടങ്ങി. അഹ്മദിയ്യത്ത് ഉപേക്ഷിക്കാനും ഈ മസ്ജിദിൽനിന്ന് വേറിട്ടു പോകാൻ പറയാനും അഹ്മദികളെ ഭീഷണിപ്പെടുത്താനും തുടങ്ങി. കാരണം അഹ്മദികൾ അമുസ്ലിമീങ്ങളാണെന്നും അവരിൽനിന്ന് ആരെങ്കിലും മരിച്ചാൽ ഇവിടെ ഖബറടക്കാൻവിടില്ലെന്നും ഭീഷണി മുഴക്കി. അഹ്മദികൾ ഈ മസ്ജിദിൽ നമസ്കരിക്കുമ്പോൾ വിശുദ്ധ ഖുർആനിലെ സൂറ ഫാത്തിഹ ഓതാറില്ലേ എന്ന് ഒരു നിരക്ഷരയായ അഹ്മദി സ്ത്രീ അവരോട് ചോദിച്ചു. വ്യത്യാസമൊന്നുമില്ലെങ്കിൽ പിന്നെ ഞങ്ങൾ അഹ്മദിയ്യത്തും ഈ മസ്ജിദും ഉപേക്ഷിക്കേണ്ട എന്തു കാര്യമെന്താണെന്നും ചോദിച്ചു. എന്നല്ല തങ്ങൾ അഹ്മദികളാണെന്നും അഹ്മദികളായിത്തന്നെ തുടരുമെന്നും അവരോടു പറഞ്ഞു. നിങ്ങൾക്ക് ചെയ്യാൻ പറ്റുന്നതെല്ലാം ചെയ്തു കൊള്ളുക എന്നും പറഞ്ഞു. ഇപ്രകാരം അവരെ അവിടെ നിന്ന് ഓടിച്ചു.

കോംഗോ(Congo) അമീർ സാഹിബ് എഴുതുന്നു: 'ഈ വർഷം ബഗാട്ട പട്ടണത്തിൽ ജമാഅത്തിന്റെ സെന്റർ സ്ഥാപിതമായി. ജമാഅത്തിന്റെ സംവിധാനവും അധ്യാപനങ്ങളും കണ്ടുകൊണ്ട് അധിക മുസ്ലിമീങ്ങളും അഹ്മദിയ്യത്ത് സ്വീകരിച്ചു. ഇതു കാരണത്താൽ അവിടെ ജമാഅത്തിനെതിരിൽ ശക്തമായ എതിർപ്പ് പൊട്ടിപ്പുറപ്പെട്ടു. നമ്മുടെ മുഅല്ലിമീങ്ങൾക്ക് ഭീഷണികളുമുണ്ടായി. സർക്കാർ സ്ഥാപനങ്ങളിലും വ്യാജ റിപ്പോർട്ടുകൾ നല്കപ്പെട്ടു. നവ അഹ്മദികളോട് അഹ്മദിയ്യത്ത് ഉപേക്ഷിക്കാനും പറഞ്ഞു വരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ എതിർപ്പിന്റെ നടുവിലും എല്ലാവരും സ്ഥിരചിത്തരാണ്. മാത്രമല്ല ഇവർ അവർക്ക് മറുപടിയും നല്കുന്നു. ഞങ്ങൾ വർഷങ്ങളായി മുസ്ലിമീങ്ങളായിരുന്നു. നിങ്ങളൊരിക്കലും ഞങ്ങളുടെയടുക്കൽ വന്നിട്ടില്ല. ഇന്ന് അഹ്മദിയ്യാ ജമാഅത്ത് യഥാർഥ ഇസ്ലാം എന്താണെന്ന് ഞങ്ങളെ പഠിപ്പിക്കാൻ തുടങ്ങിയപ്പോൾ നിങ്ങൾ എതിർക്കാന് തുടങ്ങിയിരിക്കുന്നു. ഇനി ഞങ്ങൾ അഹ്മദി മുസ്ലിമീങ്ങളാണ്. ഇൻശാഅല്ലാഹ് ഇതിൽതന്നെ നില്ക്കുകയും ചെയ്യും.

ബെനിനിലെ പാറാക്കോയിൽനിന്ന് മുബല്ലിഗ് എഴുതുന്നു: 'ഞങ്ങളുടെ റീജണിലെ റഹ്മാൻ സാഹിബ് പറയുന്നു:'ഞാൻ അഹ്മദിയ്യത്ത് സ്വീകരിച്ചപ്പോൾ വളരെ ദരിദ്രനായിരുന്നു. രണ്ടു നേരത്തെ റൊട്ടിക്കുള്ള ഭക്ഷണമേ ലഭിച്ചിരിന്നുള്ളൂ. മൗലവിമാർ ശക്തമായ എതിർപ്പ് തുടങ്ങി. എന്നാലും ഞാനെന്റെ കുടുംബത്തോടൊപ്പം അഹ്മദിയ്യത്തില് ഉറച്ചു നിന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തു മുഖേന എനിക്ക് ചന്ദനല്കുന്ന ശീലം കൈവന്നു. കുറച്ചായാലും കൂടുതലായാലും എല്ലാ മാസവും കൃത്യമായി ചന്ദ നല്കുന്നു. ഇപ്പോൾ എന്റെ കൃഷിയിടം മുമ്പേയുള്ളതിനെക്കാൾ കൂടുതൽ വിളവ് നല്കുന്നു.ഇപ്പോൾ എന്റെയടുക്കൽ മോട്ടർ സൈക്കിളുമുണ്ട്. വീടും കെട്ടുറപ്പുള്ളതാക്കി. അഹ്മദിയ്യത്തിന്റെ അനുഗ്രഹങ്ങൾ കാരണത്താൽ അല്ലാഹു എന്റെ മേൽ അനുഗ്രഹങ്ങൾ ചൊരിയുന്നുവെന്ന് ദൈവത്തെ സത്യം ചെയ്തു ഞാൻ പറയുന്നു.'

ഹുദൂർ പറയുന്നു: 'എതിരാളികളുടെ എതിർപ്പുകൾ കാരണത്താൽ എല്ലാ സ്ഥലങ്ങളിലും ബയ്അത്തുകളും നടക്കുന്നതായി കണ്ടുവരുന്നു. ഒന്നു രണ്ടു വേറെ സംഭവങ്ങളുണ്ട്. മാലിയിലെ കോളേകോറൊ ഗ്രാമത്തിൽ താമസിക്കുന്ന അബ്ദുസ്സലാം സാഹിബ് പറയുന്നു: 'റേഡിയോ മുഖേന ആദ്യമായാണ് ജമാഅത്തിനെ കുറിച്ച് അദ്ദേഹം കേൾക്കുന്നത്. അപ്പോൾ അദ്ദേഹം ഏതോ ഒരു അഹ്മദി വീട്ടിലായിരുന്നു. അതിനുശേഷം അദ്ദേഹം സ്വന്തമായി റേഡിയോ വാങ്ങി. അന്നു മുതൽ ഇന്നുവരെ അദ്ദേഹം ജമാഅത്ത് റേഡിയോ അല്ലാതെ മറ്റൊരു റേഡിയോയും കേട്ടിട്ടില്ല. ഈ റേഡിയോയിലെ എല്ലാ പരിപാടികളും വളരെ ശ്രദ്ധയോടെ കേൾക്കുന്നതായി അദ്ദേഹം പറഞ്ഞു. വീട്ടുകാരേയും കേൾപ്പിക്കുന്നു. അല്ലാഹുവിന്റെ അനു

## അല്ലാഹുവിന്റെ കലാം

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും)**
**ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു.**
**എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?"**
***(വിശുദ്ധ ഖുർആൻ 54:18)***

**ത്വാലിബെ ദുആ:**
**K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

## കലാമുൽ ഇമാം

**"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ**
**ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."**
***(വിശുദ്ധ ഖുർആൻ 51:57)***

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

ഗ്രഹത്താൽ ഇവരുടെ ഗ്രാമത്തിൽ ജമാഅത്ത് വളരെയധികം ശക്തിപ്രാപിച്ചു കഴിഞ്ഞു. കഴിഞ്ഞ വർഷം ഈ ഗ്രാമത്തിലെ ഇമാം മറ്റു മുല്ലാക്കളുടെ വാക്കുകേട്ട് എതിർപ്പ് ആരംഭിച്ചു. അഹ്മദികളെ മസ്ജിദിൽ വരുന്നതിൽനിന്ന് തടയാൻ തുടങ്ങി. ഇതറിഞ്ഞതും സമീപ ഗ്രാമക്കാരനായ ഒരു അഹ്മദി ഈ ഗ്രാമത്തിലുള്ള തന്റെ ഭൂമി ജമാഅത്തിന് നല്കി. തുടർന്ന് ജമാഅത്ത് സ്വന്തം സഹായത്താൽ നാലു ചുവരുകൾ കെട്ടിപ്പൊക്കി. അതിന്റെ തുറന്ന മുറ്റത്ത് നമസ്കാരം ആരംഭിച്ചു. ഈ എതിർപ്പിനു ശേഷം ഗ്രാമത്തലവനും പ്രദേശത്തെ മേയറും അവരുടെ ഡെപ്യൂട്ടികളും ചില കുടുംബങ്ങളും ഉൾപ്പെടെ 210 പേർ അഹ്മദിയ്യത്ത് സ്വീകരിച്ചു. മൗലവി അവിടെ എതിർപ്പുണ്ടാക്കാൻ വന്നതായിരുന്നു. എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ പ്രദേശത്തിന്റെ ചീഫും മേയറും അഹ്മദിയ്യത്ത് സ്വീകരിച്ചു. അവിടെ ജമാഅത്ത് ഈ വർഷം സ്വന്തം മസ്ജിദ് നിർമിച്ചു വരുന്നു. എതിർപ്പുമായി വന്ന ഈ മൗലവിയുടെ പിന്നിലുണ്ടാരുന്നവരിലും ധാരാളം പേർ അഹ്മദിയ്യത്തിൽ ചേർന്നു.

ലൈബീരിയ(LIberia) മുബല്ലിഗ് എഴുതുന്നു: 'പ്രചാരണ യാത്രക്കിടെ കേപ്പ് മൗണ്ട് കൗണ്ടി എന്ന ഗ്രാമത്തിലെ മക്കൻഡോർ എന്ന സ്ഥലത്തെത്തി പ്രചാരണ പരിപാടി സംഘടിപ്പിച്ചു. ഇതിൽ അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ചും ഹദ്റത്ത് വാഗ്ദത്ത മസീഹിനെ കുറിച്ചും പരിചയപ്പെടുത്തുകയും അദ്ദേഹത്തിന്റെ നിയോഗോദ്ദേശ്യം വ്യക്തമാക്കുകയും ചെയ്തു. എല്ലാ ചോദ്യങ്ങൾക്കും മറുപടി നല്കുകയും ചെയ്തു. പ്രോഗ്രാമിനൊടുവിൽ ഗ്രാമത്തിന്റെ ഇമാം ഫുവാദ് കുമാറാ സാഹിബ് പറഞ്ഞു: 'കുറച്ച് നാളുകൾക്ക് മുമ്പേ ഇവിടെ ശിആ വിഭാഗക്കാർ വന്നിരുന്നു. അഹ്മദികളെ കുറിച്ച് പൊള്ളയായ പ്രോപ്പഗണ്ട നടത്തുകയും ഹദ്റത്ത് ഹസനേയും ഇമാം ഹുസയ്നേയും ശഹിദാക്കിയത് ഇവാരാണെന്ന വ്യാജ പ്രാചാരണം നടത്തുകയും ചെയ്തിരുന്നു. ഗ്രാമത്തിൽ താമസിക്കുന്നവർ വലിയ വിദ്യാഭ്യാസം ഇല്ലാത്തവരായതു കൊണ്ട് മൗലവിമാർ തെറ്റുധാരണ പരത്തുകയും ചെയ്തു. എന്നാലിന്ന് നിങ്ങൾ സമർപിച്ച അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ചുള്ള പരിചയപ്പെടുത്തൽ കേട്ടപ്പോൾ അവരുടെ കാര്യങ്ങൾ കേട്ടതിലും അങ്ങനെ സ്വയം ജമാഅത്തിൽ നിന്ന് അകന്നതിലും ഞങ്ങൾക്ക് വളരെ വ്യസനം തോന്നുന്നു. എന്നാലിന്ന് ഞങ്ങൾ അഹ്മദിയ്യാ ജമാഅത്തുമായുള്ള ഞങ്ങളുടെ ബന്ധത്തെ തുറന്നു പ്രഖ്യാപിക്കുന്നു.' അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഗ്രാമത്തിലെ എല്ലാ വ്യക്തികളും അതായത് 195 പേർ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. മൗലവിമാരുടെ പ്രോപ്പഗണ്ടകൾക്കും ഫലമുണ്ടാകുന്നുണ്ട്. അവരുടെ കുതന്ത്രങ്ങളെ അല്ലാഹു എങ്ങനെ ഉടയ്ക്കുന്നു എന്ന് നോക്കുക. അവരുടെ കുതന്ത്രങ്ങൾ അവരിലേക്ക് തന്നെ തിരിച്ചു വിടുന്നു. അല്ലാഹു തന്നെയാണ് ഈ പ്രകാശത്തെ വ്യപിപ്പിക്കുന്നത്.'

ഹുദൂർ അൻവർ പറയുന്നു: 'ഈ ജമാഅത്ത് അല്ലാഹു സ്ഥാപിച്ചതാണെന്ന് വ്യക്തമായ ഉൾക്കാഴ്ചയോടെ നമുക്ക് ദൃഢബോധ്യമുണ്ട്. ഈ പ്രകാശത്തിന്റെ വ്യാപനത്തിന്റെ ഉത്തരവാദിത്വം അല്ലാഹു സ്വയം തന്റെ ഉത്തരവാദിത്വത്തിലാണ് വെച്ചിട്ടുള്ളത്. അവനിത് വ്യാപിപ്പിക്കുന്നു. എതിരാളികൾ എത്ര ശ്രമം നടത്തിയാലും ഇനി ഇതിന്റെ പുരോഗതി തടയാൻ സാധ്യമല്ല. ഈ ജമാഅത്ത് പൂക്കുകയും, കായ്ക്കുകയും, വ്യാപിക്കുകയും ചെയ്യും ഇൻശാഅല്ലാഹ്. ഇത് ദൈവത്തിന്റെ ഖണ്ഡിതമായ തീരുമാനമാണ്. അത് പൂർത്തിയാകുക തന്നെ ചെയ്യും.

ഹദ്റത്ത് വാഗ്ദത്ത മസീഹിനെ സ്വീകരിക്കാൻ നമുക്ക് തൗഫീഖ് നല്കിയത് അല്ലാഹുവിന്റെ ഔദാര്യമാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ വലിച്ചെടുക്കുന്നതിന് ഒരു ഭാഗത്ത് നമ്മുടെ അവസ്ഥകളെ ഉന്നതിയിലെത്തിക്കാൻ നമ്മൾ ശ്രദ്ധ ചെലുത്തുകയും മറുഭാഗത്ത് അല്ലാഹുവിന്റെ ഈ നിശ്ചയത്തിൽ നിന്ന് പങ്കുപറ്റാൻ ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ സന്ദേശം ലോകത്ത് വ്യാപിപ്പിക്കാൻ സ്വയം തയ്യാറെടുക്കുകയും ചെയ്യുക എന്നത് നമ്മുടെ കർത്തവ്യമാണ്. നമ്മളും തബ്ലീഗിലേക്ക് കുറച്ചെങ്കിലും ശ്രദ്ധ നല്കുമ്പോഴാണ് ഇത് സാധ്യമാകുക. ഇഹലോകജീവിതവും പരലോകജീവിതവും നന്നാക്കാൻ സാധിക്കുന്നതോടൊപ്പം ലോകത്തിന് ശരിയായ വഴി കാണിച്ചു കൊടുക്കാനും അതുമുഖേന സാധിക്കുന്നതാണ്. അല്ലാഹു നമുക്ക് ഇതിന് തൗഫീഖ് നല്കുമാറാകട്ടെ. ഇനി ദുആ ചെയ്യുക.

സമൂഹ ദുആക്കുശേഷം ജൽസയിൽ പങ്കെടുത്ത വ്യക്തികളുടെ എണ്ണത്തെ കുറിച്ചും ഹുദൂർ വിശദീകരിച്ചു. അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹ്. റിപ്പോർട്ട് അനുസരിച്ച് ഹോളണ്ട് ജമാഅത്തിലെ പങ്കെടുത്ത വ്യക്തികളുടെ ആകെ എണ്ണം 1576 ആണ്. ഇതിൽ 795 പുരുഷന്മാരും 781 സ്ത്രീകളുമാണ്. ആകെ പങ്കെടുത്തവർ 5839 ആണ്. ഇതിൽ 3495 പുരുഷന്മാരും 2344 സ്ത്രീകളും ഉൾപ്പെടുന്നു.അനഹ്മദി അതിഥികൾ 132 ആണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവരുടെ റിപ്പോർട്ടനുസരിച്ച് 17 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ജൽസയിൽ പങ്കെടുത്തു. ഏകദേശം പകുതിയിൽ കൂടുതൽപേരും വിദേശ രാജ്യങ്ങളിൽനിന്നുള്ളവരാണ്. ഇതു കാരണത്താൽ ജൽസ വളരെ സുന്ദരമായി സമാപിച്ചു. ജസാക്കുമുല്ലാഹ്. അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു.

ഇതിന്നു ശേഷം ഹോളണ്ട് അത്ഫാലുൽ അഹ്മദിയ്യായും ഖുദ്ദാമുൽഅഹ്മദിയ്യായും ക്രമത്തിൽ ഉർദു ഭാഷയിൽ സംഘഗാനം ആലപിച്ചു. തുടർന്ന് ബംഗാളി സഹോദരന്മാർ ബംഗ്ലയിലും അറബ് സഹോദരന്മാർ അറബിയിലും സംഘഗാനം ആലപിച്ചു. ഏറ്റവുമൊടുവിൽ ആഫ്രിക്കൻ സഹോദരന്മാർ കലിമാ ത്വയ്യിബ സ്വതസിദ്ധമായ ശൈലിയിൽ അവതരിപ്പിച്ചു. ആവേശോജ്വലമായ ഉയർന്ന ശബ്ദത്തിൽ തക്ബീർ ധ്വനികളും മുദ്രാവാക്യങ്ങളും അലയടിച്ചുയർന്നു. (തുടരും)

*(അവലംബം:ബദ്ർ ഉർദു ആഴ്ചപ്പതിപ്പ്, ഒക്ടോബർ 31- നവംബർ 7, 2019)*

---

(പേജ് 5 ൽ നിന്ന്)

ണോ അത് വരുന്നത് അയാൾ അല്ലാഹുവിന്റെ മുമ്പിൽ ഏങ്ങലടിച്ചു കരയുന്നു. പറയുന്നു: അല്ലാഹുവേ! ഇവർ മരിച്ചുപോയാൽ നിന്നിൽ വിശ്വസിക്കാനാരാണുണ്ടാകുക? അതുകൊണ്ട് മുഅ്മിൻ സാധാരണക്കാർക്കെതിരിൽ ശാപപ്രാർഥന ചെയ്യരുത്. കാരണം അവരെ രക്ഷിക്കുന്നതിനുവേണ്ടിയാണ് അദ്ദേഹം എഴുന്നേറ്റു നില്ക്കുന്നത്. സാധാരണക്കാരെ രക്ഷിക്കുക എന്നതുതന്നെയാണ് ഒരു മുഅ്മിന്റെ ജോലി. ഇനി അദ്ദേഹം അവർക്കെതിരിൽ ശാപപ്രാർഥന ചെയ്താൽ ആരെയാണ് രക്ഷിക്കുക? ആ ദുആ സ്വീകരിക്കപ്പെട്ടാൽ എല്ലാവരും മരിച്ചുപോകില്ലേ?

അഹ്മദിയ്യത്ത് സ്ഥാപിതമായിട്ടുള്ളതുതന്നെ ഇസ്ലാമിനെ രക്ഷിക്കാനാണ്. അഹ്മദിയ്യത്ത് സ്ഥാപിതമായിട്ടുള്ളതുതന്നെ മുസ്ലിമീങ്ങളെ രക്ഷിക്കാനാണ്. മനുഷ്യന്റെ മഹത്വം അവർക്ക് മടക്കിക്കൊടുപ്പിക്കാനാണ്. ഏതൊരു കൂട്ടരെ ഏറ്റവും ഉന്നതമായ സ്ഥാനത്ത് എത്തിക്കുന്നതിനുവേണ്ടിയാണോ നമ്മൾ എഴുന്നേല്പിക്കപ്പെട്ടിട്ടുള്ളത് അവർക്കുവേണ്ടി എങ്ങനെ ശാപപ്രാർഥന ചെയ്യാനാണ്? ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു:എന്തായാലും നിങ്ങളെക്കാളേറെ അല്ലാഹുവിന് ആത്മാഭിമാനമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദി(അ) നോടു തന്റെ ഇൽഹാമിൽ അല്ലാഹു പറഞ്ഞതും അതുതന്നെയാണ്.

**ഏ ദിൽ തൂ നീസ് ഖാത്വിറെ**
**ഈനാൻ നിഗാഹ് ദാർ**
**ക ആഖിർ കുനൻദ് ദഅ്വയെ**
**ഹുബ്ബെ പേയംമ്പറം**

ഇതിൽ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മനസ്സിനെ സംബോധന ചെയ്തുകൊണ്ട് അവിടത്തെ വായകൊണ്ട് പറയിപ്പിക്കുകയാണ്. അവിടന്ന് ഭേരയിലാണ് ഈ പ്രസംഗം ചെയ്തതെന്ന് തോന്നുന്നു. അതിലാണ് പറഞ്ഞിരുന്നത്. ഈ കവിതാശകലം വിവരിച്ചുകൊണ്ട്, ഇത് വീണ്ടും മറ്റൊരു സംഭവമാണ്, ആദ്യം പറഞ്ഞത് വേറൊരു സംഭവമായിരുന്നു. അത് ലാഹോറിലേതായിരുന്നു. ഇത് ഭേരയിലേതാണ്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു: 'അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മനസ്സിനെ സംബോധന ചെയ്തുകൊണ്ട് അവിടത്തെ വായകൊണ്ട് പറയിപ്പിക്കുകയാണ്. എന്റെ മനസ്സേ!അവരുടെ മനസ്സ് അഴുക്കാകാതിരിക്കാൻ നീ അവരുടെ വിചാരങ്ങളും വികാരങ്ങളും സ്പർശനങ്ങളും ശ്രദ്ധിക്കുക. പൊറുതിമുട്ടി നീ ശാപപ്രാർഥനചെയ്യാൻ തുടങ്ങരുത്. എന്തായാലും അവർക്ക് നിന്റെ റസൂലിനോടു സ്നേഹമുണ്ട്. അക്കാരണത്താലാണ് അവർ നിന്നെ ചീത്ത പറയുന്നത്. നബി(സ)തിരുമേനിയോടുള്ള സ്നേഹം കൊണ്ടാണ് അവർ നിന്നെ അസഭ്യം പറയുന്നത്. ഇതാണ് അതിന് കാരണം. ഇതാണ് യഥാർഥ കാര്യം. നമ്മുടെ എതിരാളികളിൽ ഒരു വിഭാഗം അന്യായമായ നിലയിൽ വിരോധം കാണിക്കുകയാണെന്ന് നമുക്കറിയാം. എന്നാൽ, ഒരു വിഭാഗമെന്നല്ല പാക്കിസ്താനിലും മറ്റു രാജ്യങ്ങളിലുമുള്ള എതിരാളികളിൽ ഭൂരിഭാഗവും ഇവരുടെ വലയിൽകുടുങ്ങിയാണ് നമ്മെ എതിർക്കുന്നത്. അതുകൊണ്ട് അവരുടെ ശത്രുത നമ്മുടെ യജമാനരോടു അവർക്കുള്ള സ്നേഹംമൂലമാണ്. നമ്മൾ നബി(സ)തിരുമേനിയെ സ്നേഹിക്കുന്നവരാണെന്ന് അവർക്കു ബോധ്യമായാൽ ഇവരാണ് നബി(സ)തിരുമേനിയുടെ അന്തസ്സ് കാത്തുസൂക്ഷിക്കുന്നവരെന്നും അതിനാൽ ഇവരെ എല്ലാവരും പിന്തുണയ്ക്കണമെന്നും അവർ പറയും. അങ്ങനെയൊരു ദിവസം എന്തായാലും വരികതന്നെ ചെയ്യും. ഇൻശാഅല്ലാഹ്. ഈ തെറ്റായധാരണകൾ എത്ര കാലം തുടരാനാണ്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) വിവരിക്കുന്നു:'ഒരു ഇംഗ്ലീഷ് എഴുത്തുകാരൻ ഇപ്രകാരം എഴുതിയിരിക്കുന്നു, നിങ്ങൾക്ക് മുഴുവൻ ലോകത്തേയും കുറച്ചു നാളുകൾ മാത്രമെ വഞ്ചിക്കാനാകുകയുള്ളു. കുറച്ചാളുകളെ എന്നെന്നേക്കുമായും വഞ്ചിക്കാൻ കഴിയുമായിരിക്കും. തികച്ചും ശരിയാണ്. പക്ഷേ, നിങ്ങൾക്ക് മുഴുവൻ ലോകത്തേയും എന്നെന്നേക്കുമായി വഞ്ചിക്കാൻ സാധിക്കുകയില്ല. അതായത് മുഴുവൻ ലോകത്തേയും കുറച്ചുകാലം നിങ്ങൾക്ക് വഞ്ചിക്കാൻ കഴിയുമായിരിക്കും. അല്ലെങ്കിൽ പത്തുപേർ എന്നെന്നേക്കുമായും വഞ്ചിതരാകാം. എന്നാൽ, മുഴുവൻ ലോകത്തേയും എന്നെന്നേക്കുമായി വഴിപിഴപ്പിക്കാൻ നിങ്ങൾക്കു സാധിക്കുകയില്ല. ഇതുതന്നെയാണ് യാഥാർഥ്യവും. സത്യം പതുക്കെപ്പതുക്കെയാണ് പരസ്യമായി പുറത്തു വരുന്നത്. ഇതുതന്നെയാണ് നമ്മൾ ഇപ്പോൾ കാണുന്നതും. ഇവരാൽ വഞ്ചിക്കപ്പെടുകയും ഇവരുടെ വാക്കുകൾകേൾക്കുകയും ചെയ്തവരിൽനിന്നുള്ളവരാണ് അവസാനം അഹ്മദിയാകുന്നത്. അഹ്മദിയ്യാ ജമാഅത്തിന്റെ അംഗസംഖ്യ വർ

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ
Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 17 June 2021 Issue-24

MANAGER
Sheik Mujahid

Mobile: 91 9913379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

ധിച്ചുകൊണ്ടിരിക്കുന്നത് എവിടെനിന്നാണ്? ആദ്യം എതിരാളികളോടൊപ്പമുണ്ടായിരുന്നവർ ജമാഅത്തിൽ ചേർന്നാണ് ഈ വർധന ഉണ്ടാകുന്നത്.*(ഖുത്ബാത്തെ മഹ്മൂദ് വാല്യം 33, പേജ് 221-223, ജുമുഅ ഖുത്ബ 1952 ജൂലായ് 18)*

അതുകൊണ്ട് ഈ എതിർപ്പ് ഇൻശാഅല്ലാഹ് ഒരുനാൾ അവസാനിക്കുന്നതാണ്. ഇക്കൂട്ടരിൽപ്പെട്ടവർതന്നെ അഹ്മദിയ്യത്തിൽ വന്നു ചേരുന്നതുമാണ്. ഒരുപാടാളുകൾ എനിക്കിപ്രകാ രം കത്തുകളെഴുതാറുണ്ട്. ഇപ്പോഴും കത്തുകൾ വന്നുകൊണ്ടിരിക്കുന്നു: 'തങ്ങൾ ജമാഅത്തിനെ എതിർത്തിരുന്നവർ ആയിരുന്നുവെന്നും തങ്ങളോടു ദുആ ചെയ്യാനും സാഹിത്യങ്ങൾ വായിക്കാനും അഹ്മദികൾ പറഞ്ഞു. തങ്ങൾ അങ്ങനെ ദുആ ചെയ്യുകയും പുസ്തകങ്ങൾ വായിക്കുകയും ചെയ്തപ്പോൾ തങ്ങൾക്ക് സത്യം വെളിപ്പെട്ടു. തങ്ങൾ ബയ്അത്ത് ചെയ്യാനാഗ്രഹിക്കുന്നു.' അങ്ങനെ അവർ ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു. ഇതു കാലങ്ങളായി നടന്നുവരുന്ന കാര്യമാണ്. ഇതുസംബന്ധമായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)എഴുതിയിട്ടുണ്ട്. മറ്റു ഖലീഫമാരും എഴുതിയിട്ടുണ്ട്. ഒരുപാടാളുകൾ ഇക്കാര്യം തങ്ങളുടെ കത്തിൽ എഴുതാറുമുണ്ട്. ഇത് ഇന്നും നടന്നുകൊണ്ടിരിക്കുന്നു.

ഈ മൗലവിമാർ ഇന്ന് നമുക്കെതിരിൽ പ്രസ്താവനകൾ ഇറക്കുന്നെങ്കിൽ അത് മുഖേന അഹ്മദിയ്യത്തിന്റെ സന്ദേശം കൂടുതൽ പ്രചരിക്കുകയാണ് ചെയ്യുന്നത്. പ്രത്യേകിച്ചും നമുക്ക് നേരിട്ട് സന്ദേശമെത്തിക്കാൻ പ്രയാസമുള്ള ജനവിഭാഗങ്ങളിലും സന്ദേശമെത്തുന്നു. അതുകൊണ്ടുതന്നെ ഈയാളുകൾ നമ്മുടെ ജോലിയാണ് ചെയ്യുന്നത്. ഇത് നമ്മുടെ പ്രയോജനത്തിനുവേണ്ടിയാണ്. നമ്മൾ ഇത്തരക്കാർക്കുവേണ്ടിയും ദുആ ചെയ്യാറുണ്ട്. ഇവരിൽ മാന്യതയുടെ വല്ല അംശവുമുണ്ടെങ്കിൽ അല്ലാഹു അവർക്ക് വിവേകം നല്കുകയും തിരിച്ചറിവുണ്ടാകുകയും ചെയ്യുമാറാകട്ടെ. എന്നാൽ, സാധാരണക്കാരായ മുസ്‌ലിമീങ്ങൾക്കുവേണ്ടി ധാരാളം ദുആ ചെയ്യേണ്ടതുണ്ട്. അല്ലാഹു ഇ ത്തരക്കാരുടെ വലയിൽനിന്ന് അവരെ രക്ഷിക്കുമാറാകട്ടെ.

എന്തായാലും ഇവർ നമുക്കു നേട്ടം ഉണ്ടാക്കുന്നതിനുവേണ്ടിയാണ് എതിർക്കുന്നത്. മുമ്പേ അഹ്മദിയ്യാ സന്ദേശം എത്താത്തിടത്തുപോലും ഈ പ്രചാരണം സാധ്യമാകുന്നു. നമുക്ക് നേരിട്ട് അവിടങ്ങളിൽ സന്ദേശമെത്തിക്കാൻ സാധിക്കുമായിരുന്നില്ല. അങ്ങനെ അവർ മുഖേന സന്ദേശമെത്തുന്നവർ നമ്മളുമായി പിന്നീട് ബന്ധപ്പെടുന്നു. നമ്മുടെ ജോലി ദുആ ചെയ്യലാണ്. ക്ഷമ കൈക്കൊള്ളുകയാണ്. ഇൻശാ അല്ലാഹ് നമുക്ക് വിജയം നല്കുന്ന ഉത്തമ മാർഗവും ഇതുതന്നെയായിരിക്കും. മുസ്‌ലിമീങ്ങളെ കുറിച്ചുള്ള നമ്മുടെ വികാരവിചാരങ്ങൾ പവിത്രമാക്കുകയും അവർക്കുവേണ്ടി ദുആ ചെയ്യുകയുമാണ് നമ്മുടെ ജോലി. അല്ലാഹു വേഗം അവരുടെ കണ്ണുകൾ തുറപ്പിക്കുമാറാകട്ടെ. അവർ ഈ കാലഘട്ടത്തിലെ ഇമാമിനെ തിരിച്ചറിയുമാറാകട്ടെ.

**(വിവർത്തനം: അംനാസ് കടലായി)**

◆◆◆◆◆

**(പേജ് 1 ൽ നിന്ന്)**

യെ കണ്ടാലും അവനെ നെഞ്ചോടു ചേർത്തു പിടിച്ച് സ്നേഹിച്ചിരുന്നു. പിന്നെ അവനെ വിട്ട് വീണ്ടും തിരയാൻ തുടങ്ങും. അവസാനം അവൾക്ക് തന്റെ കുട്ടിയെ കിട്ടി. അപ്പോൾ അവൾ സമാധനത്തോടെ ഇരുന്നു. നബി(സ)തിരുമേനി സ്വഹാബത്തിലേക്ക് തിരിഞ്ഞുകൊണ്ട് പറഞ്ഞു: ഏപ്രകാരം ഈ സ്ത്രീക്ക് തന്റെ കുട്ടിയെ കിട്ടിയപ്പോൾ സന്തോഷമുണ്ടായോ, തന്റെ പാപിയായ ദാസൻ തന്നിലേക്ക് തിരിയുമ്പോൾ അതിനെക്കാൾ പല ഇരട്ടി അധികം അല്ലാഹുവിന് സന്തോഷമുണ്ടാകുന്നു. നബി(സ)തിരുമേനി ഈ സംഭവത്തിന്റെ മറ്റൊരു പാഠമുള്ള വശവും വിവരിച്ചു. എന്നാൽ, ഈ സംഭവം ഞാൻ വിവരിച്ചതിന്റെ ഉദ്ദേശ്യം ഇതാണ്, തന്റെ യഥാർഥ ഉദ്ദേശ്യം സഫലമാകുന്നതുവരെ ആ സ്ത്രീക്ക് എത്രമാത്രം വെപ്രാളമായിരുന്നു. എന്നാൽ, ഉദ്ദേശ്യം സഫലമായപ്പോൾ അവൾക്ക് മനഃസമാധാനമുണ്ടായി. ഈ അവസ്ഥതന്നെയാണ് ഓരോ മനുഷ്യന്റേതും.

യഥാർഥമായ ഉദ്ദേശ്യം സഫലമാകുന്നതിനോടൊപ്പംതന്നെ വെപ്രാളം അകന്നുപോകുന്നു. മനഃസാമാധാനം കരസ്ഥമാകുന്നു. അതിനാൽ മനുഷ്യസൃഷ്ടിപ്പിന്റെ യഥാർഥ ഉദ്ദേശ്യം അല്ലാഹുവിനെ ഓർക്കലും അവനെ സ്മരിക്കലുംതന്നെയാണ്. അല്ലാഹുവിനെ കിട്ടിക്കഴിഞ്ഞാൽ ഒരു മനഃസ്താപമോ വെപ്രാളമോ അവശേഷിക്കുകയില്ല. പ്രത്യുത മനഃസമാധാനം മാത്രം അവശേഷിക്കുന്നു. ഭൗതികതയുടെ അന്വേഷണത്തിൽ കഴിയുന്നവർക്ക് എത്രത്തോളം അഭിവൃദ്ധി ഉണ്ടാകുന്നുവോ അവരുടെ മനഃസ്താപവും വർധിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ, അല്ലാഹുവിലേക്ക് പോകുന്നവൻ എത്രത്തോളം അവനിലേക്ക് പോകുന്നുവോ അത്രത്തോളം അവന്റെ മനഃസമാധാനം വർധിച്ചുകൊണ്ടു പോകുന്നു. ഇതിൽനിന്ന് സ്ഥാപിതമാകുന്നത് അവൻ തന്റെ സത്തയുടെ അന്വേഷണത്തെതന്നെയാണ് നമ്മുടെ ജീവിതത്തിന്റെ യഥാർഥ ഉദ്ദേശ്യമായി നിശ്ചയിട്ടുള്ളതെന്നാണ്. അതിനാൽ ആ ഉദ്ദേശ്യം പൂർത്തിയാകുമ്പോൾ മനുഷ്യന് മനഃസമാധാനം കരസ്ഥമാകുന്നു. നമ്മുടെ ഭരണങ്ങളെതന്നെ നോക്കുക. അതിന്റെ സംരക്ഷണം സർക്കാൻ മുഖേന ആയിരുന്നിട്ടും ചില നേതാക്കന്മാരുടെ ഭയത്തിന്റെ അവസ്ഥ എന്താണെന്നാൽ ഇംഗ്ലണ്ടിൽനിന്ന് സീൽചെയ്ത കുടിവെള്ളം വരുന്നു. അവരുടെ മുമ്പിൽവച്ച് തുറക്കുന്നു. എന്നിട്ടും ആദ്യം മറ്റുള്ളവരെയാണ് കുടിപ്പിക്കുന്നത്. പിന്നീടാണ് 'രാജാസാഹിബ്' കുടിക്കുന്നത്. ഇപ്രകാരംതന്നെയാണ് അവരുടെ ഭക്ഷണവും. ആയിരക്കണക്കിന് കരുതലുകളാണ് പാലിക്കപ്പെടുന്നത്. ഇങ്ങനെയൊക്കെയായിട്ടും ആദ്യം തീറ്റിക്കുന്നത് പാചകക്കാരനെയാണ്. പിന്നീട് അത് ഡോക്ടർ തിന്നു. അതു കഴിഞ്ഞാണ് അദ്ദേഹത്തിന്റെ മുമ്പിൽ സമർപ്പിക്കപ്പെടുന്നത്. അതായത് ഓരോ നിമിഷവും അപകടമാണ്. ജാഗ്രതഉണ്ടായിക്കൊണ്ടിരിക്കുന്നു. ഓരോ നിമിഷത്തിലും അസ്വസ്ഥതയുണ്ടായിക്കൊണ്ടിരിക്കുന്നു. എന്നാൽ, നമ്മുടെ മുഹമ്മദ്(സ)നെ നോക്കുക. നാലു ഭാഗത്തും ശത്രുക്കളാണ്. എന്നാലും ഒരു പേടിയുമില്ല. സമാധാനവും സന്തോഷവുമാണ്. ശത്രുതന്നെ ഭക്ഷണത്തിന് ക്ഷണിച്ചാലും നിർഭയം പോകുന്നു. ഒരു പ്രാവശ്യം ഒരു യഹൂദ സ്ത്രീ വിഷവും കൊടുത്തു. അല്ലാഹുവിന്റെ ഇൽഹാംകൊണ്ട് അവിടന്ന് അതറിയുകയും സുരക്ഷിതനായിരിക്കുകയും ചെയ്തു. നബി (സ)തിരുമേനിക്ക് ഇത്രത്തോളം സമാധാനം ഉണ്ടായതെങ്ങനെയാണ്? അതിനു കാരണം നബി(സ)തിരുമേനിക്ക് അദൃശ്യകാര്യങ്ങൾ അറിയുന്ന ഒരു അസ്തിത്വവുമയി ബന്ധമുണ്ടായിരുന്നുവെന്നതാണ്. അവനുമായി ആർക്കെങ്കിലും ബന്ധമുണ്ടാകുമ്പോൾ തന്റെ അദൃശ്യതകൊണ്ട് ദാസന്മാർക്കും ആവശ്യമനുസരിച്ച് വിഹിതം നല്കുന്നു. അതുകൊണ്ട് അവനുമായി ബന്ധം വെക്കുന്നവൻ സമാധാനത്തിൽ കഴിയുന്നു. ദീനീപരമായ അഭിവൃദ്ധിയിൽ സമാധാനത്തിന്റെ ആധിക്യവും ഭൗതികമായ അഭിവൃദ്ധിയിൽ സമാധാനമില്ലായ്മയുടെ ആധിക്യത്തിന്റെ ഒരു ആത്മീയമായ കാരണവുമുണ്ട്. അതിതാണ്, ഭൗതികമായ അഭിവൃദ്ധി എത്രത്തോളം മനുഷ്യന് കരസ്ഥമാകുന്നുവോ അവന്റെ ധനം ഏറ്റവും കൂടുതൽ സംശയിക്കപ്പെടുന്നതായി തീരുന്നു. മറ്റുള്ള ആളുകളുടെ ഓഹരി അതിൽ ഏറ്റവും കൂടുതൽ പങ്കാളിത്വമുള്ളതായി മാറുന്നു. പക്ഷേ, ദീനീപരമായ അഭിവൃദ്ധിയുടെ അവസ്ഥ ഇതല്ല. മതപരമായ അഭിവൃദ്ധിയിൽ മനുഷ്യൻ എത്രതന്നെ ഉയർന്നാലും അവന്റെ സ്വന്തം ഓഹരി തന്നെയാണ് എടുക്കുന്നത്. മറ്റുള്ളവരുടെ ഓഹരി അടിച്ചെടുക്കുകയില്ല. അതിലേക്കാണ് വിശുദ്ധ ഖുർആനിൽ മറ്റൊരിടത്ത് സൂചനയുള്ളത്. മുഅ്മിന് സ്വർഗം കിട്ടുന്നു. അതിന്റെ അവസ്ഥ ഇതാണ്.

عَرْضُهَا السَّمٰوٰتُ وَالْاَرْضُ (3:134)

ആകാശഭൂമികുളുടെ മൂല്യമുള്ള സ്വർഗം എല്ലാ മുഅ്മിനും ലഭിക്കുന്നതായിരിക്കും. വ്യത്യാസം ഇത്രമാത്രമായിരിക്കും. ഓരോ മുഅ്മിനും അഭിരുചിയും കഴിവുമനുസരിച്ച് അവനിൽനിന്ന് ഫലം കരസ്ഥമാക്കിക്കൊണ്ടിരിക്കുന്നുണ്ടാകും. അതുകൊണ്ട് ആത്മീയാഭിവൃദ്ധിയിൽ ആരുടെയെങ്കിലും അവകാശം അടിച്ചെടുക്കുന്ന പ്രശ്നമെയില്ല. കാരണം മുഅ്മിൻ ആരുടേയും അവകാശം അടിച്ചുമാറ്റുകയില്ല. അവന്റെ മനസ്സ് സമാധാനമുള്ളതായിരിക്കും. അവന്റെ ആത്മാവിനുമേൽ പാപത്തിന്റേയും അവകാശ ധ്വംസനത്തിന്റേയും ഭാരമുണ്ടാകുകയില്ല.

*(തഫ്സീറെ കബീർ, വാല്യം 3, പേജ് 416-417, അച്ചടിച്ചത് ഖാദിയാൻ 2010)*

❖❖❖

## അല്ലാഹുവിന്റെ കലാം:

**"ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തുതരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ."**

*(വിശുദ്ധ ഖുർആൻ 3:148)*

**ത്വാലിബെ ദുആ**
**P.P.Raheem & Family, Ahmadiyya Jama-ath Payangadi, Kerala**

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin